PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

Second Session—1963

Second Meeting

Wednesday, the 27th November 1963.

Vol. XVII] **OFFICIAL REPORT** **[No. 38**

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Wednesday, the 27th November, 1963, with Mr. Speaker in the Chair.

LEGISLATIVE BUSINESS

The Kerala Land Reforms Bill (*Contd.*)

Mr. Speaker: Now we will resume consideration of the amendments to the Kerala Land Reforms Bill, 1963.

Shri K. Bhargavan can continue his speech.

Clause 82

ശ്രീ. കെ. ഭാർഗ്ഗവൻ: ക്ലാസ് 82-ൽ ഞാൻ കൊടുത്തിട്ടുള്ള ഭേദഗതിയെ സംബന്ധിച്ചാണു് എനിക്കു പറയുവാനുള്ളതു്. സീലിംഗിൽ ബാക്കിയുള്ള ഭൂമിയെല്ലാം വിററു കൈമാറുന്നതിനു് സൗകര്യം കൊടുക്കുന്ന ഒരു വകുപ്പാണു് ഇതു്. ഇതിന്റെ ഫലമായി ഒരിഞ്ചു ഭൂമിപോലും മിച്ചം വരികയില്ല. കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്ന ഇതേവകുപ്പുതന്നെ ഈ നിയമത്തിലും കൊടുത്താൽ മതിയായിരുന്നു. അതിൽ ഭേദഗതികളൊന്നുംതന്നെ വരുത്തേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. കാർഷികബന്ധനിയമം അവതരിപ്പിക്കുന്ന കാലത്തും അതിനുമുമ്പും വളരെയധികം ഭൂമികൾ ക്രയവിക്രയം നടത്തിയിട്ടുണ്ടു്. ആ നിലയ്ക്കു് സർപ്ലസ് ഭൂമി വളരെ കുറച്ചേ വരികയുള്ളു. എന്നാൽ ഇപ്പോഴത്തെ 82-ാംവകുപ്പനുസരിച്ചാണെങ്കിൽ ഒരു ഇഞ്ചുപോലും സർപ്ലസ് ലാൻഡു് വരികയില്ല. മിച്ചഭൂമി വരുത്താൻ എത്ര കരുതലായിട്ടുള്ള നിയമം കൊണ്ടുവന്നാലും ശരി അതിന്റെ വേലികൾ ചാടിക്കടക്കാൻ ഭൂഉടമകൾ മാർഗ്ഗങ്ങൾ കണ്ടുപിടിക്കും. ഇവിടെതന്നെ ധാരാളം നിയമങ്ങൾ പാസ്സാക്കിയിട്ടുണ്ടു്. പക്ഷെ അവയെല്ലാം തോല്പിക്കുന്നതിനു് ആവശ്യമായ മാർഗ്ഗങ്ങൾ കണ്ടുപിടിക്കാൻ ആളുകളുണ്ടു്. പല ഭൂപരിഷ്ക്കരണനിയമങ്ങൾ ഇവിടെ കൊണ്ടുവന്നിട്ടുണ്ടെങ്കിലും, അതിന്റെയൊന്നും പ്രയോജനം യഥാർത്ഥത്തിലുള്ള കൃഷിക്കാർക്കു് ലഭിച്ചിട്ടില്ല. തീരെ ഭൂമിയില്ലാത്ത കൃഷിക്കാർക്കു് ഭൂമിവിതരണം ചെയ്യുവാൻ ഈ വകുപ്പുകൊണ്ടു് അശേഷം സാധിക്കുകയില്ല. സർപ്ലസ് ലാൻഡു് വിതരണം ചെയ്യുമെന്നുള്ള വകുപ്പുതന്നെ നടപ്പിലാക്കേണ്ടി വരികയില്ല. കാരണം ഇതുകൊണ്ടു് ഒരിഞ്ചുപോലും സർപ്ലസ് ലാൻഡു് വരുന്നില്ല. ഇങ്ങനെയൊക്കെ ബില്ലിൽ എഴുതിവയ്ക്കുന്നതിൽ കവിഞ്ഞു്

2/753/S

[ശ്രീ. കെ. ഭാർഗ്ഗവൻ]

വേറൊരു പ്രയോജനവും ലഭിക്കുകയില്ല. ഇതു് വളരെ ആലോചിച്ചു് ഉറച്ച ചെയ്ത ഒരു നയത്തിന്റെ ഭാഗം മാത്രമാണു്. തിരുവിതാംകൂറിൽ പണ്ടു് ഒരു ലാൻഡു് റിഫോംസ് കമ്മിററിയെ നിയമിക്കുകയുണ്ടായി. ആ ലാൻഡു് റിഫോംസ് കമ്മിററിയുടെ ശുപാർശയിലൊന്നു് സീലിംഗ് ഇപ്പോഴം വ്യവസ്ഥ ചെയ്തിരിക്കുന്നതിൽനിന്നും ഭാവിയിൽ കവിയാൻപാടില്ലെന്നാണു്. പക്ഷെ ഇന്നത്തെ സീലിംഗിന്റെ വ്യവസ്ഥ അതിനെതിരാണു്. സീലിംഗിൽ അധികമുള്ള ഭൂമിയെടുത്തു് വിതരണം ചെയ്യുന്നതിനു് ഭരണകക്ഷി അന്നുമുതലേ എതിരായിരുന്നു. എത്ര തവണ ആവർത്തിച്ചു് സോഷ്യലിസ്ററുപ്രമേയം പാസ്സാക്കിയാലും, എത്ര തവണ ഇതിനെപ്പററി വിശദീകരിക്കാൻ ശ്രമിച്ചാലും കേരളത്തിലെ കാൺഗ്രസ്സു് സംഘടന മിച്ചഭൂമി വിതരണം ചെയ്യുന്നതിനു് എതിരാണു്. കാർഷികബന്ധനിയമത്തിൽ സീലിംഗിന്റെ വകുപ്പു് ഇവിടെ അവതരിപ്പിച്ചപ്പോഴം അന്നത്തെ പ്രതിപക്ഷത്തുനിന്നും ചില ഭേദഗതികൾ അവതരിപ്പിക്കുകയുണ്ടായി. അതിൽ പ്രധാനപ്പെട്ട ചില കാര്യങ്ങൾ എന്റെ ഓർമ്മയിലുണ്ടു്. ഇന്നത്തെ റവന്യൂമന്ത്രി സീലിംഗിൽ കവിഞ്ഞുള്ള ഭൂമി കൈമാററം ചെയ്യുന്നതിനു് ഒരു വർഷത്തെ സാവകാശം കൊടുക്കണമെന്നു് പറഞ്ഞു ഒരു ഭേദഗതി കൊടുത്തിട്ടുണ്ടു്. ഈ ഭേദഗതി അന്നു് അംഗീകരിക്കുകയുണ്ടായില്ല. അന്നു് അതു് അംഗീകരിച്ചില്ലെങ്കിലും ആ ഭേദഗതിയുടെ ഉദ്ദേശം ഈ ബില്ലിൽ ഉണ്ടു്. തീരെ ഭൂമിയില്ലാത്തവർക്കു് ഭൂമി വിതരണം ചെയ്യുകയെന്നുള്ള തത്വം ഒരു കാലത്തും കേരളത്തിലെ കാൺഗ്രസ്സു്സംഘടന അംഗീകരിച്ചിട്ടില്ല. അംഗീകരിക്കുന്നവർ ഉണ്ടായിരിക്കാം. പക്ഷേ ഭൂരിഭാഗം പേരും അംഗീകരിക്കാത്തവരാണു്. ഈ ബിൽ നിയമമാകുന്നതുവരെ കൈമാററം ചെയ്യാൻ അനുവദിക്കുകയാണെങ്കിൽ പിന്നെ ഒരിഞ്ചു ഭൂമിപോലും ബാക്കിവരികയില്ല. സീലിംഗിൽ അധികമുള്ള ഭൂമി പാർട്ടീഷൻ ചെയ്യുന്നതിനും ഇഷ്ടദാനം ചെയ്യുന്നതിനും എഡ്യൂക്കേഷണൽ ഇൻസ്റ്റിററ്യൂഷനുവേണ്ടിയും മററാവശ്യങ്ങൾക്കുവേണ്ടിയും ഉപയോഗപ്പെടുത്താനുള്ള വ്യവസ്ഥയുണ്ടു്. ഇതുകൊണ്ടു് ഭൂപരിഷ്കാരത്തിന്റെ ഏററവും അടിസ്ഥാനപരമായ ആശയങ്ങളെ പൂർണ്ണമായി തോല്പിക്കുകയെന്നുള്ളതിൽകവിഞ്ഞു് മറെറാന്നുംതന്നെയില്ല. അതുകൊണ്ടു് ഈ വകുപ്പു് യാദൃച്ഛികമായിട്ടു് വന്നതോ മറെറന്തെങ്കിലും പ്രത്യേകകാരണങ്ങളാൽ വന്നതോ ആകാമെന്നുള്ള വിശ്വാസം എനിക്കില്ല. മറിച്ചു് ഭൂപരിഷ്കാരത്തെക്കുറിച്ചു് ചിന്തിച്ചുതുടങ്ങിയ കാലംമുതൽ കേരള കാൺഗ്രസ്സു്സംഘടന കൈക്കൊണ്ടു വന്നിട്ടുള്ള ഒരു നയത്തിന്റെ ഭാഗമാണു് ഇതു്. ഞങ്ങൾക്കു് ഈ 82-ാംവകുപ്പിനോടു് ഖണ്ഡിതമായ എതിർപ്പുണ്ടു്. ഇതു് ഭൂപരിഷ്കരണത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളെ പൂർണ്ണമായി പരാജയപ്പെടുത്തുന്ന ഒന്നാണു്. മററു വകുപ്പുകളുമായി ഈ വകുപ്പിനെ ബന്ധപ്പെടുത്തി ആകമാനം പരിശോധിച്ചുനോക്കാൻ ഞാനിപ്പോഴം മുതിരുന്നില്ല. ഈ ബില്ലു് പാസ്സായി നിയമമായി വരുന്നതുവരെ കൈമാററം ചെയ്യാനുള്ള സൗകര്യം ചെയ്തുകൊടുത്തിരിക്കുകയാണു്. ഇങ്ങനെ കൈമാററംചെയ്യാൻ പാടില്ലെന്നു പറയുന്നതുതന്നെ വ്യവസ്ഥയ്ക്കു് എതിരാണെന്നു് ഒരു ബഹുമാനപ്പെട്ട മെമ്പർ വാദിച്ചു. എന്റെ ഓർമ്മയിൽ അങ്ങനെ പറഞ്ഞതു് ശ്രീ. ചാഴിക്കാടൻ ആണെന്നു തോന്നുന്നു. ആ അഭിപ്രായം തീരെ അടിസ്ഥാനരഹിതമാണു്. മുൻനിയമമനുസരിച്ചുതന്നെ 1957 ഡിസംബർ 18 നുശേഷമുള്ള കൈമാററങ്ങളെല്ലാം അസാധുവാണെന്നു് പ്രഖ്യാപിച്ചിട്ടുണ്ടു്. പിന്നെ ഈ നിയമം നടപ്പിലാക്കിയതിനുശേഷമുള്ള കൈമാററങ്ങളെ അസാധുവാണെന്നു പറഞ്ഞാൽ അതിനു യാതൊരു അർത്ഥവുമില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: ഏതോ ഒരു സംസ്ഥാനത്തു ഭൂനിയമം ഉണ്ടാക്കിയപ്പോഴം സീലിംഗിൽനിന്നും രക്ഷപ്പെടുന്നതിനു് അധികമുള്ള ഭൂമി വിററു ശരിപ്പെടുത്തുന്നതിനു് മൂന്നു വർഷത്തെ കാലാവധി കൊടുത്തിരുന്നതു് അറിയാമോ?

ശ്രീ. കെ. ഭാർഗ്ഗവൻ: അറിയാം. പക്ഷേ ഈ ചോദ്യത്തിനുത്തരം പറയാൻ അല്പസമയം വേണം. ഭൂപരിഷ്കാരത്തെ സംബന്ധിച്ചും അതിന്റെ ആശയത്തെ സംബന്ധിച്ചും പല പല പ്രതിപാദനങ്ങളും ഉണ്ടായിട്ടുണ്ടു്,

LIBRARY ARCHIVES Kerala Legislative Assembly

ഭൂപരിഷ്കരണത്തെക്കുറിച്ച് ആദ്യം ഉദ്ദേശിച്ചിരുന്നതെന്താണ് അതേ ധാരണയാണ് ഇന്നുമുള്ളതു്. ഭൂനയപരിഷ്കാരത്തിന്റെ പ്രവത്തനത്തിൽ അതിന്റെ ആശയത്തിനും ഭൂപരിഷ്കരണത്തിനും വളരെയധികം വ്യത്യാസം ഇന്നു വന്നിട്ടുണ്ട്. കാർഷികോൽപാദനത്തിന്റെ പ്രശ്നത്തിൽകവിഞ്ഞു് വേറെ പല കാര്യങ്ങളും ഇതിനകത്തു് അന്തർഭവിച്ചിട്ടുണ്ട്. അതായതു വലിയ ഭൂഉടമകളെ സംരക്ഷിക്കുകയെന്നുള്ളതു്.

എനിക്കു് പറയുവാനുള്ളതു് കാർഷികപരിഷ്കരണത്തെക്കുറിച്ചും ഭൂപരിഷ്കരണത്തെക്കുറിച്ചും ചിന്തിക്കുമ്പോഴും അതിനാവശ്യമായ നിയമങ്ങൾ കൊണ്ടുവരുമ്പോഴും ഒരുകാര്യം നമ്മുടെ മനസ്സിൽനിന്നു് മാഞ്ഞുപോകരുതു് എന്നാണ്. നമ്മുടെ നാട്ടിലുള്ള ഭൂരിഭാഗം ആളുകൾ അതായതു് കർഷകത്തൊഴിലാളികൾ, അവരെക്കുറിച്ചു് മറന്നുപോകരുതു്. അവരാണു് യഥാർത്ഥത്തിൽ കാർഷികോൽപാദനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ. ഇൻഡ്യയിലെ സാമൂഹ്യസാമ്പത്തിക പ്രശ്നത്തിൽ ഏററവും വലിയ ഒരു പങ്കു് വഹിക്കുന്നതു് അവരാണ്. ചില പ്രത്യേക സാഹചര്യംകൊണ്ടു് ഇൻഡ്യയെപ്പോലുള്ള ഒരു ഏഷ്യാററിക് രാജ്യത്തിൽ കാണുന്ന ഒരു പ്രത്യേകതയാണു് ഇതു്.

മി. സ്പീക്കർ: ശ്രീ ചാഴിക്കാടിന്റെ ചോദ്യത്തിനുള്ള മറുപടിയാണോ ഇതു്?

ശ്രീ. കെ. ഭാർഗ്ഗവൻ: ഞാൻ എന്റെ അമെൻഡ്മെൻറിനെക്കുറിച്ച് സംസാരിക്കുകയാണു്.

മി. സ്പീക്കർ: കഴിയുന്നതും ചുരുക്കിപ്പറയണം. ഇത്ര വിശദമായി പറയാതെ കാര്യങ്ങൾമാത്രം പറഞ്ഞാൽ മതി.

ശ്രീ. കെ. ഭാർഗ്ഗവൻ: ഏതായാലും ഈ ബില്ലിലെ ഓരോ വകുപ്പ് എടുത്തു പരിശോധിച്ചാലും ഒരിഞ്ചു ഭൂമിപോലും മിച്ചം വരികയില്ലെന്നു് കാണാവുന്നതാണ്. ഇരുപതു് ഇരുപത്തിയഞ്ചു ലക്ഷത്തോളം കർഷകത്തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തുണ്ടു്. അവക്കാർക്കുംതന്നെ ഒരിഞ്ചു ഭൂമിപോലും കിട്ടുകയില്ല.

ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള: കാർഷികബന്ധനിയമത്തിൽ കർഷകത്തൊഴിലാളികൾക്കു് ഭൂമി വിതരണം ചെയ്യുമെന്നുള്ളതു വ്യവസ്ഥ ചെയ്തിരിക്കുന്നതു് ഏതു വകുപ്പുപ്രകാരമാണു്?

ശ്രീ. കെ ഭാർഗ്ഗവൻ: കാർഷികബന്ധനിയമമനുസരിച്ച് സർപ്ലസ് ലാൻഡു് ഉണ്ടാകുന്നതിനുള്ള വകുപ്പുകൾ ഉണ്ടായിരുന്നു. അതനുസരിച്ചു് സർപ്ലസ് ലാൻഡു് ഉണ്ടാകുകയും ചെയ്യും. ഇപ്പോഴാണെങ്കിൽ അങ്ങനെ സർപ്ലസ് ലാൻഡു് വരുമെന്നുള്ള പ്രശ്നമേയില്ല. അതുകൊണ്ടാണു് ഇതിലെ 82—ാം വകുപ്പിനോടു് ഞങ്ങൾക്കു് ശക്തിയായ എതിർപ്പുള്ളതു്.

അതേപോലെതന്നെ ഈ വകുപ്പിലെ നാലാം ഉപവകുപ്പ് ഇതിൽ പുതിയതായി ചേർത്തതിന്റെ ആവശ്യം എന്താണെന്നു് എത്ര ആലോചിച്ചിട്ടും എനിക്കു മനസ്സിലാകുന്നില്ല. എഡ്യൂക്കേഷണൽ ഇൻസ്റ്റിററ്യൂഷന്റെ ആവശ്യത്തിനുവേണ്ടി ഭൂമി അക്വയർചെയ്യു് ഇടാമെന്നു് പറയുന്നതിന്റെ ആവശ്യമെന്താണ്? ഇങ്ങനെ ഒരു കാലത്തും നടപ്പില്ലാത്തവിധം ഭൂമി നേരത്തേ അക്വയർ ചെയ്യേണ്ട ആവശ്യം ഒന്നുംതന്നെയില്ല. ഈ വകുപ്പ് പുതിയതായി ചേർത്തപ്പോൾ ഗവണ്മെൻറിന്റെ ഉദ്ദേശം എന്തായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഈ നാലാമത്തെ ഉപവകുപ്പിന്റെ ആവശ്യം ഒട്ടുംതന്നെയില്ല. അതുകൊണ്ടുമാത്രമാണ് ഈ നാലാം ഉപവകുപ്പ് എടുത്തുകളയണമെന്നു് ഞാൻ ആവശ്യപ്പെടുന്നതു്. ഇത്രയുംമാത്രമാണു് എന്റെ ഭേദഗതിയുടെ ഉദ്ദേശങ്ങൾ. ഇതു സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. കൃഷ്ണൻ: സാർ, എന്റെ ഭേദഗതി ക്ലോസ് 82-ന്റെ രണ്ടാം ഉപവകുപ്പ് നീക്കംചെയ്യണമെന്നാണ്. ഇത് ആദ്യത്തെ നിയമത്തിൽ ഉണ്ടായിരുന്നതാണ്. ആദ്യത്തെ നിയമത്തിൽ ഇങ്ങനെയുള്ള പാർട്ടീഷനും ദാനാധാരത്തിനും പറഞ്ഞിട്ടുള്ള തീയതി നിയമം നടപ്പിലായി ഒരു കൊല്ലത്തിനകം എന്നായിരുന്നു. അതുപോരാ എന്നു വയ്ക്കുകയാണെങ്കിൽ ബില്ലിനെ തോല്പിക്കുവാൻ, പരിധിനിർണ്ണയത്തെ തോല്പിക്കുവാൻ വളരെയധികം അവസരം ഭൂഉടമകൾക്കു കൊടുക്കുക എന്നതായിരിക്കും ഈ സബ് ക്ലോസ്സിന്റെ അർത്ഥം എന്നാണ്. മക്കൾക്കോ ഭാര്യക്കോ ഭൂമി ദാനം ചെയ്യുകയോ, മററു പേരിൽ ഏല്പിച്ചുകൊടുക്കുകയോ ചെയ്യുന്നതിനുവേണ്ടിയുള്ളതാണെങ്കിലും ഇതിന്റെ അർത്ഥവ്യാപ്തി വളരെ വലുതാണ്. 'നാച്ചുറൽ ലൗ ആൻഡ് അഫക്ഷൻ' എന്നു പറഞ്ഞാൽ ഭൂഉടമസ്ഥന്മാർക്ക് ഒരു വ്യക്തിയുടെപേരിൽ പ്രത്യേക വാത്സല്യം ഉണ്ടെന്നു പറഞ്ഞുകൊണ്ട് അകന്ന ചാർച്ചപോലും ഇല്ലാത്ത വല്ലവരുടേയുംപേരിൽ എഴുതിവയ്ക്കുകയാണെങ്കിൽ ഈ വകുപ്പ് എങ്ങനെ ബാധിക്കുമെന്നു നാം നോക്കണം. മിച്ചഭൂമി ഗവണ്മെന്റിനു വിട്ടുകൊടുക്കുവാൻ മടിക്കുന്നവരാണ് ആളുകൾ എങ്കിലും ഏതു നിലയിലും ഇങ്ങനെയുള്ള വകുപ്പുകളെ തോല്പിക്കുവാനുള്ള ആളുകളുടെ ശ്രമത്തിനു സംരക്ഷണം നൽകുന്നതാണ് ഈ ഉപവകുപ്പ്. അതുകൊണ്ട് ഈ ക്ലോസ്സിന്റെ സബ് ക്ലോസ്സ് ഐററം 2 എടുത്തുകളയണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്.

മറെറാരു ഭേദഗതി ഞാൻ കൊടുത്തിട്ടുള്ളത് ഇതിനുമുമ്പേതന്നെ അവതരിപ്പിച്ചിരുന്ന മറെറാരു ഭേദഗതിക്കു സമാന്തരമാണെന്നുള്ള കാരണത്താൽ അതു അവതരിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. അതായത്

'after the date of publication of the Kerala Land Reforms Bill, 1963.

1960 ജൂലൈ 27-ാം തീയതിവരെ എന്നുള്ളതു അംഗീകരിക്കണം എന്നുള്ളതാണ്. 1957-ൽ കാർഷികബന്ധനിയമം വന്നതുമുതല്ക്കുതന്നെ വലിയ ഭൂഉടമകൾ അവരുടെ വസ്തു പലരുടേയും പേരിൽ കൈമാററിയിട്ടു ചെറിയ ഭൂഉടമകളാകാൻ ശ്രമിച്ചിട്ടുണ്ട്. അങ്ങനെ തുടർന്നുവരികയും ഇന്നും തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ അതു പോരെന്നാകുന്നതുകൊണ്ട് വളരെയധികം സൗകര്യം കൈമാറുന്നതിന് അവർക്കു ഉണ്ടാക്കികൊടുക്കുകയാണ് ചെയ്യുന്നത്. ആ വൈഷമ്യംകൂടി ദൂരീകരിക്കുവാൻ എന്റെ രണ്ടാമത്തെ ഭേദഗതികൂടി സ്വീകരിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: സർ, 82-ാം വകുപ്പിനെപ്പററി പറയുമ്പോൾ അതിനു മുമ്പിലുള്ള ചില വകുപ്പുകളെപ്പററി വീണ്ടും പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞ കാർഷികപരിഷ്കരണനിയമം നാം പാസ്സാക്കി. പാസ്സാക്കിക്കഴിഞ്ഞതിനുശേഷം ഇടക്കാലത്തു രണ്ടാമതു നാം അതു ഭേദഗതി ചെയ്തു. ഭേദഗതി ചെയ്തുകഴിഞ്ഞതിനുശേഷം പിന്നേയും ഈ 42-ാം വകുപ്പിനുതന്നെ ഭേദഗതി ചെയ്യത്തക്കവിധത്തിൽ നിയമം കൊണ്ടുവന്നിരിക്കുകയാണ്. 79-ാം വകുപ്പു പ്രകാരം പണ്ടുണ്ടായിരുന്ന ഭൂമികളെക്കാൾ സീലിംഗിന്റെ പരിധിയിൽ നിന്നും വളരെയധികം ഭൂമികളെ ഒഴിച്ചുകളഞ്ഞു. പെപ്പർ ഗാർഡൻസ് ഒഴിച്ചു. അരക്കനട്ട് ഗാർഡൻസ് ഒഴിച്ചു. അതുപോലെതന്നെ മോർട്ടുഗേജ്ഡ് ആയിട്ടുള്ള കോഓപ്പറേററീവ് സൊസൈററികളെ ഒഴിച്ചു. കായൽ പ്രദേശങ്ങളെ ഒഴിച്ചു. അതുപോലെ ആ വകുപ്പുപ്രകാരം നിയന്ത്രിതമായി നിറുത്തിയിരുന്ന പ്ലാന്റേഷനായാലും, മററു ഭൂമിയായാലും അതു മാററുകയാണെങ്കിൽ അതു പരിധിയിൽനിന്നും ഒഴിവാകുന്ന ഭൂമിയായി കണക്കാക്കുകയില്ല എന്നും ഉണ്ട്. അങ്ങനെ പരിധി നിർണ്ണയത്തെ തോല്പിക്കുന്ന വകുപ്പ് ക്ലോസ്സ് 79 മുതൽ വന്നിട്ടുണ്ട്. അതു കഴിഞ്ഞതിനുശേഷം ഈ 82-ാം വകുപ്പുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് പരിധി നിർണ്ണയിച്ചിട്ടുള്ള ഇനം ഭൂമികളെത്തന്നെ പരിധിയില്ലാതാക്കാൻ പരാജയപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാൻവേണ്ടി എഴുതിച്ചേർത്തിരിക്കുന്നതാണ്. ഈ വകുപ്പിനെപ്പററി ചർച്ച ചെയ്യുന്നതിനുമുമ്പ് 1959 ജൂൺ പത്താം തീയതി പാസ്സാക്കിയ നിയമത്തിലെ പ്രസക്തമായ ഭാഗം ഞാൻ വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

"*Certain voluntary transfers to be null and void*:—Notwithstanding anything contained in any law for the time being in force, all voluntary transfers effected after 18th December, 1957, otherwise than (i) by way of partition; or

(ii) on account of natural love and affection; or

(iii) in favour of a person who was a tenant of the holding before the 18th December, 1957 and continued to be so till the date of transfer;

by a member of a family or an adult unmarried person owning or holding land in excess of the ceiling area, shall be deemed to be transfers calculated to defeat the provisions of this Act and shall be invalid:

Provided that without prejudice to any other right of the parties to any such transfer, when any compensation is payable under Section 52 or under Section 64 of any land covered by the said transfer it shall be competent for the Land Tribunal to award to the transferee out of the compensation amount in respect of such land such sum as the Land Tribunal may consider just and proper."

ഇതു കഴിഞ്ഞതിനുശേഷം 1960-ൽ ഈ നിയമസഭതന്നെ പാസ്സാക്കിയ, കമ്മ്യൂണിസ്റ്റ് ഗവണ്മെൻറിൻെറ കാലത്തുണ്ടായിരുന്ന നിയമസഭയല്ല; നിങ്ങളും, അന്നു ശ്രീ. ചാക്കോ ഹോം മിനിസ്റ്ററും, ശ്രീ. ചന്ദ്രശേഖരൻ റവന്യൂ മിനിസ്റ്ററും ആയിരുന്നപ്പോഴും പാസ്സാക്കിയെടുത്ത നിയമത്തിനു പ്രസിഡൻറിൻെറ നിർദ്ദേശം അനുസരിച്ചാണെന്നു പറഞ്ഞുകൊണ്ടു ചില ഭേദഗതികളും നാം ചെയ്യുകയുണ്ടായി. അന്നു ഭരിച്ചിരുന്ന പാർട്ടിയുടെയും മന്ത്രിസഭയുടെയും നിഗമനത്തിനു അനുസരണമായി പാസ്സാക്കിയെടുത്തിട്ടുള്ള ആ നിയമത്തിലെ 60-ാം വകുപ്പ് ഞാൻ ഇവിടെ വായിക്കാം: 'Notwithstanding anything contained in any law for the time being in force, all voluntary transfers effected after 27th July 1960 otherwise than (i) by way of partition; or (ii) on account of natural love and affection; or (iii) in favour of a person who was a tenant of the holding before the 27th July, 1960, and continued to be so till the date of transfer, by a member of a family or an adult unmarried person owning or holding land in excess of the ceiling area, shall be deemed to be transfers calculated to defeat the provisions of this Act and shall be invalid' ഇതിനകത്തുള്ള മററു കാര്യങ്ങളും ഇവിടെ പ്രൊവൈസോ ആയിട്ട് അതുപോലെ ചേർത്തിരിക്കുകയാണ്. പരിധി എന്നുള്ള വകുപ്പ് എഴുതി പാസ്സാക്കി രണ്ടു കൊല്ലം കഴിഞ്ഞിട്ട് ഇന്ന് അതിനു മാററം വരുത്തിയിരിക്കുകയാണ്. ഇന്നത്തെ ബില്ലിൽ ഇതിൻെറ ഫേസ് വാല്യുവിൽ ഡേററ് ഇത്രയാണ് എന്നുള്ളതു ആളുകൾക്ക് അറിയാതിരിക്കുവാൻ വേണ്ടിയാണ് 'after the date of publication of the Kerala Land Reforms Bill, 1963, in the Gazette, ...' എന്നു എഴുതിച്ചേർത്തിരിക്കുന്നതു്. അതിൻെറ അർത്ഥം 15th September 1963 എന്നാണ്. ഈ അദ്ധ്യായത്തിനെ സംബന്ധിച്ചു ചർച്ച ചെയ്തു നമ്മുടെ നിയമസഭയുടെ വളരെയധികം സമയം ചെലവു ചെയ്തിട്ടു കാര്യമില്ല. നാം ഇവിടെ വളരെയധികം സമയമായി ഈ ബില്ലിനെപ്പററി ചർച്ച ചെയ്യുന്നു. മിക്കവരും പുറത്തു ധാരാളം ജോലിത്തിരക്കുള്ളവരാണ്. നമ്മുടെ നാട്ടിൽ വരുത്തുവാനുള്ള കാർഷികപരിഷ്ക്കാരത്തെപ്പററിയുള്ള എന്തെങ്കിലും അനുകമ്പം രേഖപ്പെടുത്തുവാനുള്ള സംരംഭമാണ് ഈ സമയംകൊണ്ടു നാം ഉദ്ദേശിച്ചിട്ടുള്ളതെങ്കിൽ അതിനു വലിയ പ്രയോജനമില്ലെന്നു പറയേണ്ടിയിരിക്കുന്നു. കുറെ ദിവസമായി നാം ചർച്ച തുടർന്നു വരികയാണ്. ഈ ചാപ്റ്റർ അനാവശ്യമാണ്. കാരണം സീലിംഗ് ഇന്നതാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ണെന്നു നിശ്ചയിച്ച നിയമം പാസ്സായിക്കഴിഞ്ഞു. അതിനുശേഷം ചെയ്യാവുന്ന ഒന്നേയുള്ളു ഇതു്. അതുകൊണ്ടു് ഈ ക്ലാസ്സ് എടുത്തുകളയേണ്ടതാണു്. മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു പ്ലാനിംഗ് കമ്മീഷന്റെ ലാൻഡ് റിഫാംസ് കമ്മിററി സീലിംഗ് ഇന്നതായിരിക്കണമെന്നു നമ്മെ അറിയിച്ചിട്ടുണ്ടു്. അപ്പോൾ വേറൊരു പ്രഹസനം ഉണ്ടാകാത്തവിധത്തിൽ ഈ ക്ലാസ്സ് എടുത്തു കളയുകയാണു് നല്ലതു്. സാധാരണ പുതിയ നിയമം കൊണ്ടുവന്നു പാസ്സാക്കിക്കഴിഞ്ഞതിനുശേഷം അതു നടപ്പിൽ വന്നിട്ടു പിന്നീടു അതുപോലെതന്നെയുള്ള വേറൊരുവകുപ്പു, രണ്ടോ മൂന്നോ വാക്കുകൾ മാത്രം മാററി വേറൊരുവകുപ്പു ചേർക്കുകയാണെങ്കിൽ, അതു് ഒരു മന്ത്രിസഭയോ, അല്ലെങ്കിൽ മററു വല്ലവരുമോ ആയാലും ആദ്യം എഴുതി ചേർത്തിരുന്ന വകുപ്പു പരാജയപ്പെടുത്തുവാനുള്ള പഴുതു ഉണ്ടാക്കിക്കൊടുക്കുകയാണു്. അതാണു് അതിന്റെ ഉദ്ദേശം. മുമ്പു പാസ്സാക്കിയ വകുപ്പു വളരെ വികൃതമാക്കി ആളുകൾ ഉപയോഗിച്ചിട്ടുണ്ടു്. സാധാരണ ഒരു കോടതിയിൽ പോകുകയാണെങ്കിൽ ഞങ്ങൾക്കു കിട്ടിയ ഉപദേശമനുസരിച്ചു ഈ ആളുകളുടെയൊക്കെ പേരിൽ പ്രത്യേക പ്രതിപത്തി ഉണ്ടാകുകയില്ല എന്നാണു്. ജാതിയും സമുദായവും ഒന്നുംതന്നെ പൊരുത്തമില്ലാത്ത ആളുകളുടെ പേരിൽ പ്രമാണങ്ങൾ നടത്തിയിട്ടുള്ളതായി എനിക്കറിയാം. ചേർത്തലയിൽ കുത്തിയതോടു സബ് രജിസ്ട്രാർ ആഫീസിൽ കോയമ്പത്തൂരുള്ള പാണ്ടിക്കാരുടെ പേരിൽ സ്നേഹവാത്സല്യങ്ങൾക്കു പ്രതിഫലമായി ക്രിസ്ത്യാനികൾ പ്രമാണങ്ങൾ നടത്തിയിട്ടുള്ളതായി എനിക്കറിയാം. ഉന്നതമായ കോൺഗ്രസ്സ് സംഘടനയിലെ പ്രമുഖരായ വ്യക്തികൾ നടത്തിയിട്ടുള്ള പ്രവൃത്തിയാണു്. 'നാച്ചുറൽ ലാ' കോടതിയിൽ പോയാൽ ഇൻവാലിഡ് ആണെങ്കിൽപോലും ഇതുമാതിരി വകുപ്പുകളെ ദുരുപയോഗപ്പെടുത്തുന്ന ആളുകളെ നിരുത്സാഹപ്പെടുത്തുക എന്ന നയമെങ്കിലും ഉണ്ടായിരിക്കണം. ഇന്നു ആ നയം ഇല്ലാതെ പോയി. കാർഷികബന്ധ നിയമത്തിന്റെ ചർച്ച നടന്നുകൊണ്ടിരുന്നപ്പോൾ ശ്രീ. ചാക്കോ സീലിംഗിന്റെ പ്രൊവിഷനെ സംബന്ധിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഞാൻ ഓർക്കുകയാണു്. സീലിംഗിനെ തോൽപ്പിക്കുന്നതിനു ഉപയോഗിക്കപ്പെടാമെന്നുള്ള വിധത്തിൽ ഒരു കടന്നാക്രമണത്തിനു തയ്യാറായിക്കൊണ്ടു് അദ്ദേഹം പറഞ്ഞിട്ടുള്ളതു ഞാൻ ഓർമ്മിക്കുകയാണു്. അവരുടെ അഭിപ്രായവും കൂടി എടുക്കുവാൻ അന്നത്തെ മന്ത്രിസഭ തയ്യാറായപ്പോൾ ശ്രീ. ചാക്കോയുടെ താളം മാറി; ഇന്നു അവതാളത്തിലായി. അന്നു പറഞ്ഞിരിക്കുന്നതു സീലിംഗു എന്താണെന്നുള്ള പ്ലാനിംഗ് കമ്മീഷൻ തത്വം മനസ്സിലാക്കാതെ സീലിംഗു ഏർപ്പെടുത്തിയാൽ വസ്തു ഉടമസ്ഥന്മാർക്കു വസ്തു free ആയി ട്രാൻസ്ഫർ ചെയ്യുന്നതിനു നിയമം നടപ്പിലാക്കിയതിനുശേഷം ഒരു കൊല്ലക്കാലം വേണമെന്നാണു്. ശ്രീമാൻ ചാക്കോയുടെ അന്നത്തെ അഭിപ്രായം ബഹു. മന്ത്രിയുടെ പ്രസംഗം വ്യക്തമായിട്ടു നിയമസഭാ പ്രൊസീഡിംഗ്സിൽ വന്നിട്ടുള്ളതാണു്. ആ നിയമത്തിന്റെ മറെറാരു വകുപ്പിൽ എഴുതിവച്ചിരിക്കുന്നതു്, മിച്ചംവരുന്ന ഭൂമി അവിടെ കുടികിടപ്പുകാരായിട്ടു താമസിക്കുന്നവരുണ്ടെങ്കിൽ അവർക്കോ, കർഷകത്തൊഴിലാളികളുണ്ടെങ്കിൽ അവർക്കോ, അൻപതു ശതമാനം വീതവും, 25 ശതമാനം ഒരിഞ്ചു ഭൂമിപോലും സ്വന്തമായിട്ടില്ലാത്ത അധഃകൃത വിഭാഗത്തിൽപ്പെട്ടവർക്കും നൽകണമെന്നാണു്. ഒഴിപ്പിക്കപ്പെടുന്ന ഭൂമി കരപ്പുഭൂമി മാത്രമേയുള്ളുവെങ്കിൽ അങ്ങനെയുള്ള കുടിയാന്മാർക്കുകൂടി കൊടുക്കണമെന്നു് എഴുതിവക്കേണ്ടിവരുമെന്നും ഇന്നത്തെ വകുപ്പിലുണ്ടു്. സർ. അതു ഏതായാലും ശ്രീ. ചാക്കോയുടെ മാത്രം അഭിപ്രായമായിരുന്നു. കോൺഗ്രസ്സിലെ എല്ലാ അംഗങ്ങളും അതുപോലെയല്ല സംസാരിച്ചിട്ടുള്ളതു്. എല്ലാ കോൺഗ്രസ്സ് പാർട്ടി അംഗങ്ങളും ഇതുപോലെ ആവശ്യപ്പെട്ടിരുന്നില്ല. കോൺഗ്രസ്സിന്റെ ഔദ്യോഗിക നയങ്ങൾതന്നെ എതിരായിട്ടായിരുന്നു ശ്രീ. ചാക്കോ അന്നു സംസാരിച്ചതു്. ശ്രീ. ചാഴിക്കാടൻതന്നെ അതേപ്പററി സംസാരിച്ചിട്ടുള്ളതായി എനിക്കറിയാം. ഈ ട്രാൻസ്ഫേഴ്സ് അവകാശം ഒരു മൂന്നുകൊല്ലം അനുവദിച്ചുകൊടുക്കണം, എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം എന്നു ഞാൻ ഓർക്കുന്നു. കോൺഗ്രസ്സുകാരുടെ ഇടയിൽത്തന്നെ ഒരു വിഭാഗം ഈ ട്രാൻസ്ഫേഴ്സ് എല്ലാം അന്നത്തെ സാഹചര്യങ്ങൾവച്ചുകൊണ്ടു അങ്ങനെ നാം ആൻഡ് വോയിഡ് ആക്കാൻ പാടില്ലെന്നു പറഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളതാണ്. ആരെയും സഹായിക്കാനല്ല ഭരണഘടനയ്ക്കു വിരുദ്ധമായതിനാൽ വാദിക്കുകയാണെന്നു പറഞ്ഞവരുണ്ട്. അതേ സംബന്ധിച്ച് സുപ്രീംകോടതിയുടെ ഒരു വിധി പഞ്ചാബിലെ നിയമത്തെ ചോദ്യം ചെയ്തപ്പോൾ ഉണ്ടായതു് എന്റെ സുഹൃത്തു കാണിച്ചിരുന്നു. ഒരു നിയമത്തിന്റെ തത്വത്തെ തോൽപ്പിക്കാതിരിക്കുന്നതിനു് ഏതു വകുപ്പിനും ഏതാശയത്തിനും പിൽക്കാലപ്രാബല്യം കൊടുക്കാമെന്നു്. എന്നാൽ ഇവയൊന്നുംകൊണ്ടു് ഒരു വിഭാഗം കോൺഗ്രസ്സുകാർ തൃപ്തരല്ലായിരുന്നു. സീലിംഗ് ആശയത്തോടുതന്നെ അവർ എതിരായിരുന്നു. പിന്നെ കാൺഗ്രസ്സ് അംഗീകരിച്ചിരിക്കുന്ന സ്ഥിതിക്കു "സീലിംഗ്" തത്വം അംഗീകരിക്കുക, പക്ഷെ നടപ്പിൽവരുത്തുമ്പോൾ പരാജയപ്പെടുത്തത്തക്ക വകുപ്പുകൾ ചേർക്കുക അതാണു് ഈ നിയമത്തിലെടുത്തിരിക്കുന്ന നിലപാടു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്:—ചില സ്റ്റേറ്റുകളിൽ ഇതു മൂന്നു കൊല്ലത്തേക്കുകൂടി നീട്ടിക്കൊടുത്തിരുന്നതായിട്ടറിയാമോ? മദ്രാസിലും മൈസൂറിലും കൊടുത്തിരുന്നതായി ഞാൻ ഓർക്കുന്നുണ്ടു്. അങ്ങനെ കൊടുത്തിട്ടുള്ള വിവരം അറിയാൻ പാടില്ലേ?

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ പഴയകാലത്തു മററു സംസ്ഥാനങ്ങളിലേയും നിയമങ്ങൾ നോക്കിയിരുന്നു. ഇപ്പോൾ അതൊന്നും ഓർക്കുന്നില്ല. ഇപ്പോൾ അറിയാൻ പാടില്ലാത്ത കാര്യങ്ങൾ അറിയാം എന്നു പറയുന്നതു് എങ്ങനെയാണു്. അതുകൊണ്ടു് അറിയാൻ പാടില്ല എന്നു പറയുകയാണു്. ശ്രീമാൻ ചാഴിക്കാടൻ പറഞ്ഞതുപോലെ ചില സ്ഥലങ്ങളിൽ കാൺഗ്രസ്സ് ഗവണ്മെൻറുകൾ ആ നിലപാടു് എടുത്തുകാണുമായിരിക്കാം. എനിക്കു നിശ്ചയം പോരാ. കാർഷിക പരിഷ്ക്കരണം എന്ന പേരിൽ നിയമം പാസ്സാക്കിയതു് നടപ്പിലാക്കരുതു് പ്രസിഡൻറു് അംഗീകാരം കൊടുക്കരുതു് എന്നു് പ്രക്ഷോഭണം കുടിയാന്മാരിലും, യഥാർത്ഥ കൃഷിക്കാരിലും നിന്നും ഉണ്ടായിട്ടുണ്ടു്. ഒറീസ്സയിലാണെന്നു തോന്നുന്നു, ഇതുപോലുള്ള കുടിയാനുവേണ്ടിയുള്ള നിയമം പാസ്സാക്കിയിട്ടു് പിന്നീടു് അതു വേണ്ടെന്നു വച്ചു. ചിലപ്പോൾ പറയും ഈ നിയമമല്ല, ഒരു പുതിയ നിയമംതന്നെ കൊണ്ടുവരണം എന്നു്. അങ്ങനെ കൊണ്ടുവരേണ്ടതായിട്ടുവരും, മന്ത്രിസഭകൾ മാറിക്കൊണ്ടിരിക്കും. അപ്പോൾ അന്നു് അധികാരത്തിലിരിക്കുന്നവർക്കും മന്ത്രിസഭ അവരുടെ വീക്ഷണഗതിക്കനുസരണമായിട്ടുള്ള നിയമങ്ങൾ കൊണ്ടുവന്നു് പാസ്സാക്കും. ആ നിലയിലാണു് നിങ്ങൾ എടുത്തിരിക്കുന്നതു് എന്നു മാത്രമേ ഞാൻ ഇവിടെ പ്രസ്താവിക്കുന്നുള്ളു. ഞാൻ ഇപ്പോൾ പറയുന്നില്ല, നമ്മുടെ നാട്ടിൽ കോൺഗ്രസ്സിന്റെ എല്ലാ മന്ത്രിസഭകളും ഇതുപോലെ പിൻതിരിപ്പൻ ശക്തികളുടെ പിടിയിൽപെട്ടവരായിരിക്കും എന്നു്. ഇൻഡ്യയിലെ എല്ലാ മന്ത്രിസഭകളും അങ്ങനെ ആയിരിക്കും എന്നു ഞാൻ പറയുന്നില്ല. ഏതായാലും ഞാൻ ഈ നിയമത്തിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളോടു് അനുകൂലിക്കുന്നില്ല. ഈ ബില്ലിനെ പരാജയപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടി ഏതു ഭാഗത്തുനിന്നുണ്ടായാലും അതു് അഴിമതിയാണെന്നും അതു വൻപിച്ച അഴിമതിയാണെന്നും വിചാരിക്കുന്ന ആളാണു ഞാൻ. ഒരു നിയമം നടപ്പിൽ വരുത്തുന്നതിനായിട്ടുള്ള പരിശ്രമം നടന്നുകൊണ്ടിരിക്കുമ്പോൾ അതിനെ പരാജയപ്പെടുത്തുന്നതിനുള്ള ഏർപ്പാടുകൾ തുടർന്നു നടത്തിക്കൊണ്ടിരിക്കുക, അതു മാത്രമല്ല, അതിനുശേഷം അതിനെതിരായിട്ടു് ആ മന്ത്രിസഭ ഒരു പുതിയ നിയമംതന്നെ കൊണ്ടുവന്നു് ജനങ്ങളുടെ മുമ്പിൽ വയ്ക്കുക എന്നുള്ള ആ ഒരു നടപടിയെ ഞാൻ ശക്തിയായിട്ടെതിർക്കുകയാണു്.

ശ്രീ. എൻ. ഭാസ്കരൻ നായർ: ഈ നിയമത്തിൽ മുമ്പുണ്ടായിരുന്ന നിയമത്തെ പരാജയപ്പെടുത്തത്തക്ക വ്യവസ്ഥകളൊന്നുമില്ലെന്നും കാർഷികബന്ധനിയമത്തിലെ വ്യവസ്ഥകൾതന്നെയാണു് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും, ഇതിലെ സെക്ഷൻ 83 കൂടി വായിക്കുകയാണെങ്കിൽ മനസ്സിലാകുകയില്ലേ. സെക്ഷൻ 83 അനുസരിച്ച് എക്സസ് ലാൻഡു കൂടുതലുള്ള ആളുകൾ 1957 ഡിസംബർ 18-ാം തീയതിക്കുശേഷം ട്രാൻസ്ഫർ ചെയ്തിട്ടുള്ളതു് സാധുവാകുകയില്ലെന്നു പറഞ്ഞാൽ അതിനു ശേഷമുള്ള അത്തരം ട്രാൻസ്ഫറുകൾ എത്ര നടന്നിട്ടുണ്ടെന്നുള്ളതു് കാൽക്കുലേററു ചെയ്യാൻ സാദ്ധ്യമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: ഞാനും ഒരു വക്കീലായിരുന്നു. ക്രിമിനൽ കോടതിയിൽ ഇതുവരെ പോയിട്ടില്ല. സിവിൽക്കോടതിയിൽ മാത്രമാണ് പോയിരുന്നത്. എന്നിരുന്നാലും നിയമം എന്താണെന്നും അതിന്റെ വ്യാഖ്യാനം എന്താണെന്നുമൊക്കെ കുറെയെല്ലാം അറിയാം. സെക്ഷൻ 82-ൽ പറഞ്ഞിട്ടുള്ളതിനെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞുവരുന്നത്.

ശ്രീ. സി. എ. മാത്യു: എത്രകാലത്താണ് വക്കീലായിട്ടിരുന്നത്?

ശ്രീമതി കെ. ആർ. ഗൗരി: അത് സൂക്ഷ്മമായിട്ട് എന്റെ കാര്യത്തിലറിയണമെന്നുണ്ടോ മി. മാത്യുവിന്റെ അഭിപ്രായം. ആരും തെററിയായിരിക്കും ചോദിച്ചത് ഇല്ലേ?

ശ്രീ. കെ. രാഘവൻ: ഒരു ചോദ്യം.

ശ്രീമതി കെ. ആർ. ഗൗരി: രണ്ടു ചോദ്യത്തിന് ഒരുമിച്ച് ഉത്തരം പറയുവാൻ വിഷമമാണ്. ഇപ്പോഴും ഈ കാർഷികബന്ധനിയമത്തിൽ അങ്ങനെ ഒരു വകുപ്പ് ഇവിടെ എഴുതിവച്ചു എന്നു പറഞ്ഞിട്ടു കാര്യമില്ല. ഈ വകുപ്പുകളെല്ലാം ഞാൻ വായിക്കാം.

1959 June 10-ാം തീയതി പാസ്സാക്കിയ നിയമത്തിലുണ്ടായിരുന്ന വകുപ്പിതാണ്.

"Notwithstanding anything contained in any law for the time being in force all voluntary transfers effected after 18th December 1957 otherwise than

(i) by way of partition, or

(ii) on account of natural love and affection

(iii) in favour of a person who was a tenant of a holding before 18th December 1957 and continued to be so till the date of the transfer

by a member of a family or an adult unmarried person owning or holding land in excess of the ceiling area, shall be deemed to be transfers calculated to defeat the provisions of this Act and shall be invalid."

1960-ൽ നിങ്ങളും കൊണ്ടുവന്ന ഭേദഗതിനിയമത്തിലെ വകുപ്പുകളും ഞാൻ വായിക്കാം.

"Notwithstanding anything contained in any law for the time being in force, all voluntary transfers effected after 27th July 1960 otherwise than :

(i) by way of partition, or

(ii) in favour of a person who was a tenant of the holding before the 27th July 1960 and continued to be so till the date of the transfer by a member of a family or an adult unmarried person owning or holding land in excess of the ceiling area shall be deemed to be transfers calculated to defeat the provisions of this Act and shall be invalid; and

Where any land owned or held by a family or adult unmarried person owning or holding land in excess of the ceiling area was transferred by such family or any member thereof or by such adult unmarried person as the case may be after the 18th December, 1957 and on or before 27th July, 1960 otherwise than;

LIBRARY ARCHIVES Kerala Legislative Assembly

(i) by way of partition or,

(ii) on account of natural love and affection, or

(iii) in favour of a person who was a tenant of the holding before 18th December and continued to be so till the date of the transfer,

the extent of land owned or held by such family or adult unmarried person shall be calculated for purpose of fixing the extent of land to be surrendered under this section as if such transfer had not taken place and such family or adult unmarried person shall be bound to surrender an extent of land which would be in excess of the ceiling area on such calculation or where such family or adult unmarried person does not own or hold such extent of land, the entire land owned or held b the family or person, but nothing in the explanation shall affect the ights of the transferee under the transfer."

പുതിയ Land Reforms Bill-ലെ വ്യവസ്ഥ ഇപ്രകാരമാണ്.

"Notwithstanding anything contained in any law for the time being in force all voluntary transfers effected after the publication of the Land Reforms Act 1963 otherwise than:

(i) by way of partition, or

(ii) on account of natural love and affection, or

(iii) in favour of a person who was a tenant of the holding, before 27th July 1963 and continued to be so till the date of transfer, or

(iv) by transfer to a religious, charitable or educational institution of a public character solely for the purpose of the institution by a member of a family, or an adult unmarried person owning or holding lands in excess of the ceiling area shall be deemed to be transfers calculated to defeat the provisions of this Act and shall be invalid."

പിന്നീട് അടുത്ത ക്ലാസിന്റെ 'Explanation'-ൽ പറയുന്നതു് :

"Explanation:—Where any land owned or held by a family or an adult unmarried person owning or holding land in excess of the ceiling area, was transferred by such family or any member thereof, or by such adult unmarried person as the case may be after the 18th December 1957 and on or before the date of the publication of the Kerala Land Reforms Bill, 1963 in the Gazette otherwise than:

(i) by way of partition, or

(ii) on account of natural love and affection, or

(iii) in favour of a person who was a tenant of a holding before 18th December, 1957 and continued to be so till the date of the transfer, or

(iv) transfer to a religious, charitable or educational institution of a public nature solely for the purposes of the institution,

the extent of land owned or held by such family or adult unmarried person shall be calculated for purposes of fixing the extent of land to be surrendered under this section as if such transfer had not taken place and such family or adult unmarried person shall be bound to surrender an extent of land which would be in excess of the ceiling area on such

LIBRARY ARCHIVES Kerala Legislative Assembly

calculation or where such family or person does not own or hold such extent of land, the entire land owned or held by the family or person, but nothing in this explanation shall affect the rights of the transferee under the transfer."

ഈ നിയമങ്ങൾ തമ്മിലുള്ള വ്യത്യാസം ക്ലാസു് ഞാൻ വായിച്ചപ്പോൾ തന്നെ മനസ്സിലായിക്കാണുമല്ലോ. ഞങ്ങൾ പാസ്സാക്കിയ നിയമത്തിൽ 1957 ഡിസംബർ 18-നു ശേഷമുള്ള എല്ലാ കൈമാററങ്ങളും പരിധിയിൽ കവിഞ്ഞു ഭൂമിയുള്ളവർ നടത്തിയാൽ അസാധുവായിരുന്നു. Transferors-ഉം Transferee-യും എല്ലാം ഒരു കണക്കായിരുന്നു. 1960-ലെ നിയമത്തിൽ 1960 ജൂലൈ 27-നു ശേഷം നടത്തുന്ന ട്രാൻസ്ഫർ നൾ ആൻഡ് വായിഡ് ആണെന്നു് ഇതിനു മുമ്പു് ഡിസംബർ 18-നു ശേഷം 1960 ജൂലൈ 27-ാംനു-വരെ നടത്തിയ കൈമാററങ്ങൾ പരിധിയിൽ കവിഞ്ഞുവരുന്ന ഭൂമിയിൽ കുറക്കുമെന്നാണു വ്യവസ്ഥ. ഈ സീലിംഗ് വച്ചിരിക്കുന്നതു് ഭൂമി മിച്ചം വരുത്തുന്നതിനുവേണ്ടിയാണു്. അങ്ങനെ ഭൂമി മിച്ചം വരുത്തുന്നതിനുവേണ്ടിയുള്ള പ്രൊവിഷൻ 1960 ജൂലൈ 27-ാനു- എന്നുള്ളതു് നിങ്ങളുടെ മന്ത്രിസഭ തന്നെ പാസ്സാക്കിയ നിയമത്തിലെ പ്രൊവിഷനാണു്. എന്നാൽ ഈ ബില്ലിൽ അതു് 1963 സെപ്റ്റംബർ 15-ാംനു-കുശേഷം ട്രാൻസ്ഫർ ചെയ്ത ഭൂമികളിൽ പരിധിയിൽ കവിഞ്ഞവർ നടത്തുന്ന കൈമാററങ്ങളെ അസാധുവാകുന്നുള്ളു എന്നു പറഞ്ഞാൽ, ഒരു നിയമം ഇൻറർപ്രിററു് ചെയ്യുമ്പോൾ അതു ശരിയായിട്ടു് ഇൻറർപ്രിററു് ചെയ്യണം. ഇതു് തുടർച്ചയായിട്ടുള്ള ഒരു ഫ്റാഡാണു്. ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട ഒരു ഫ്റാഡാണു്, എന്നു ഞാൻ പറയും. 1960 ജൂലൈ 27-ാനു- മുതൽ 1963 സെപ്റ്റംബർ 15-ാനു-വരെ നടത്തിയിട്ടുള്ള എല്ലാ കൈമാററങ്ങളും സാധുവാണെന്നു് നിങ്ങൾ അംഗീകരിച്ചു. അതിനിടയിൽ 1957 ഡിസംബർ 18 മുതൽ 1963 വരെ നടന്നിട്ടുള്ള കൈമാററങ്ങൾ കൈമാററം ചെയ്ത ആളിനെ സംബന്ധിച്ചു് അസാധുവും കൈമാററം വാങ്ങിയ ആളിൽ സാധുവും ആയി—അപ്പോൾ വ്യത്യാസം മനസ്സിലായല്ലോ. അതുപോലെ നിങ്ങളുടെ നിയമത്തിൽ മേലിലും മതസ്ഥാപനങ്ങൾക്കും ധർമ്മസ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഭൂമി കൈമാററം ചെയ്യാം. അതു് നിയമവിധേയവുമാണു്. പഴയ നിയമം ഞങ്ങൾ പാസ്സാക്കിയില്ലേ, നിയമമായി നടപ്പിൽ വന്നപ്പോൾ ഇല്ലായിരുന്ന വകുപ്പാണു് ഈ നിയമം. എത്ര കള്ളത്തരം പറഞ്ഞാലും അതിലുള്ള വകുപ്പുകൾ എന്താണെന്നും പഴയ നിയമത്തിലെ വകുപ്പുകൾ എന്തായിരുന്നു എന്നും ജനങ്ങൾ മനസ്സിലാക്കിക്കൊള്ളും.

സർ, ഞാൻ അക്കാര്യത്തിലേക്കു അല്ല പോകുന്നതു്. ഈ നിയമത്തിൽ സീലിംഗിനെ പരാജയപ്പെടുത്തുന്ന വകുപ്പുകൾ ഉള്ളതു് മാററേണ്ടതാണു്. അതല്ലെങ്കിൽ പിന്നെ സീലിംഗ് വച്ചതുകൊണ്ടു പ്രയോജനമില്ല. സർ, അങ്ങുതന്നെ ഇന്നു് ഒരു ബിസിനസ്സ് അഡ്വൈസറി കമ്മിററി കൂടുന്നുണ്ടെന്നു പറഞ്ഞു.

ശ്രീ. കെ. ഭാർഗ്ഗവൻ : ആയിരക്കണക്കിനു് ഏക്കർ ഭൂമി കല്യാട്ടു തറവാട്ടിലേയും ഏമൂർ ദേവസ്വത്തിന്റെയും വകയായിട്ടുള്ളതു് ചിലർ ചാർത്തു വാങ്ങിയിട്ടുള്ളതു് ഇൻവാലിഡ് ആക്കാൻ ഉള്ള പ്രൊവിഷൻ ഇതിൽ എഴുതിവക്കുമെന്നു ബഹുമാനപ്പെട്ട മെമ്പർ വിചാരിക്കുന്നുണ്ടോ ?

ശ്രീമതി. കെ. ആർ ഗൗരി : അപ്പോൾ ഏതായാലും സർ, ഈ വകുപ്പുകളെ സംബന്ധിച്ചു് ശ്രീമാൻ ഭാർഗ്ഗവൻ എന്നോടൊരു ചോദ്യം ചോദിച്ചു. എന്നോടു് ചോദിക്കാതെ തന്നെ ഉത്തരം സ്പഷ്ടമല്ലേ. ശ്രീമാൻ ഭാർഗ്ഗവൻ ചോദിച്ച ചോദ്യത്തിനു് മന്ത്രിയുടെ ഭാഗത്തുനിന്നും മറുപടി വരാൻ പോകുന്നതു്,, ഇങ്ങനെയുള്ളവരെ രക്ഷിക്കാൻ എന്നായിരിക്കുകയില്ല. മറിച്ചു് മററു ഭൂമികൾ വാങ്ങിയ പാവപ്പെട്ട കൃഷിക്കാർ ഉള്ളതുകൊണ്ടാണു് ഈ കൈമാററങ്ങൾ എല്ലാം സാധുവാക്കത്തക്ക വിധത്തിൽ ഈ നിയമം കൊണ്ടുവരുന്നതാണെന്നാണു് പറയാൻ പോകുന്ന മറുപടി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ : സർ, ഒരു പോയിൻറു ആഫ് ആർഡർ സർ, ഈ നിയമസഭയുടെ നടപടികളിൽ ആരെങ്കിലും ഒരു ഭേദഗതി അവതരിപ്പിച്ചാൽ അദ്ദേഹത്തിനു് അതേപ്പററി സംസാരിക്കാമെന്നുണ്ടു്. പക്ഷേ, അക്കൂട്ടത്തിൽ വേറെ പറയാനുള്ളതെല്ലാം വേറെ ഒരു മെമ്പർ പ്രസ്താവിക്കുക, അതിനു് മറുപടി ആയിട്ടു് മന്ത്രി പറയാൻ പോകുന്ന പ്രസംഗം കുറെ പറയുക, ഇനിയും ഇങ്ങനെ ഓരോരുത്തരും പറയാൻ തുടങ്ങുകയാണെങ്കിൽ ഇതെവിടെ ചെന്നവസാനിക്കും. ഇതു് ഇവിടെ അല്ലാതെ മററെങ്ങും കണ്ടിട്ടില്ല.

മി. സ്പീക്കർ : ഒരാളിൻെറ മറുപടി ഇന്നതായിരിക്കുമെന്നു ആൻറിസിപ്പേററു ചെയ്തു പറയാൻ പാടില്ലാ.

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ പറഞ്ഞതു കഴിഞ്ഞ ദിവസം മന്ത്രിയുടെ ഭാഗത്തുനിന്നും പറഞ്ഞ മറുപടിയാണു്. എൻെറ ഓർമ്മ വച്ചുകൊണ്ടു ഞാൻ ഇപ്പോൾ അതു പറഞ്ഞതാണു്. അല്ലാതെ ജ്യോതിഷം വച്ചു പറഞ്ഞതല്ല. ഈ നിയമസഭയിൽതന്നെ മന്ത്രി പറഞ്ഞിട്ടുള്ള മറുപടി കേട്ടു എൻെറ ഓർമ്മവച്ചുകൊണ്ടു ഞാൻ പറഞ്ഞതാണു്. അതു റിക്കാർഡിൽ വന്നിട്ടുള്ളതുമാണു്. സർ, ആ നിലയിൽ ഞാൻ മുമ്പു മന്ത്രി പറഞ്ഞിട്ടുള്ളതു ആവർത്തിച്ചു പറഞ്ഞു എന്നേയുള്ളു. അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ലെന്നു പറയും. ഏതായാലും ഈ വകുപ്പിനെ സംബന്ധിച്ചുള്ള വസ്തുത ഏതെങ്കിലും മിച്ചഭൂമി ബാക്കിവന്നാൽ—അങ്ങനെ വരാനുള്ള സാദ്ധ്യതയില്ല—അതു ഇപ്പോൾ കൺവർട്ടു ചെയ്തു തുടങ്ങിയിരിക്കുകയുമാണു്. ഞാൻ ഈയിടെ തേക്കടിയിൽനിന്നും വരുന്നവഴിക്കു കാണുകയുണ്ടായി, തെങ്ങിൻ തോപ്പിനിടയിൽ റബ്ബർ കൃഷി ചെയ്തിരിക്കുന്നതായി. തെങ്ങിൻതോപ്പു്, എവിടെയെങ്കിലുമുണ്ടെങ്കിൽ അതു കൺവെർട്ടു ചെയ്തുവരികയാണു്. തെങ്ങിൻ തോപ്പിനിടയിൽ റബ്ബർവച്ചു പിടിപ്പിച്ചുവരികയാണു് ഇപ്പോൾ. ഈ നിയമത്തിൽ അങ്ങനെ കൺവർട്ടു ചെയ്യുന്ന ഭൂമികളെ സംബന്ധിച്ചു് പഴയ കാർഷികബന്ധ നിയമത്തിലുണ്ടായിരുന്ന വകുപ്പു് Convertion കൊണ്ടു് പരിധിയിൽനിന്നു് ഒഴിവാക്കിക്കിട്ടുകയില്ല എന്നെഴുതിയിരുന്നതു എടുത്തുകളഞ്ഞിരിക്കുന്നു. അതുകൊണ്ടാണു് ഇപ്പോൾ തെങ്ങിൻതോപ്പിനിടയിൽ റബ്ബർ നട്ടിരിക്കുന്നതു്. ഞാൻ കണ്ടതാണു് പറഞ്ഞതു്. കൺവർഷനെ സംബന്ധിച്ചിടത്തോളം പണ്ടത്തെ നിയമത്തിൽ ഒരു വകുപ്പുണ്ടായിരുന്നു. ഇപ്പോഴത്തെ നിയമത്തിലുള്ള ഈ വകുപ്പു സീലിംഗിനെ പരാജയപ്പെടുത്തുന്ന ഒരു വകുപ്പാണു്. ഇതെല്ലാം കഴിഞ്ഞതിനുശേഷം സർ, ഞാൻ മുമ്പു പറഞ്ഞതുപോലെ "on account of natural love and affection" ഇതു് ദുരുപയോഗപ്പെടുത്തുന്നതിനുള്ള വാസന ഉണ്ടാകും.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : തെങ്ങിൻ തോട്ടങ്ങൾകൂടി ഒഴിവാക്കിയിരുന്നെങ്കിൽ ഇപ്പോൾ ഈ റബ്ബർ വയ്ക്കുന്ന ആപത്തു് അതിൽ ഉണ്ടാകുമായിരുന്നോ ?

ശ്രീമതി കെ. ആർ. ഗൗരി : അങ്ങനെ ഒരു തോന്നൽ എനിക്കില്ല. അപ്പോൾ ഏതായാലും Transfers on account of natural love and affection എന്ന വകുപ്പു് എഴുതിയ അവസരത്തിൽ എനിക്കുണ്ടായിരുന്ന ധാരണ 'natural love and affection' കുടുംബത്തിലുള്ളവരോടും, ഭാര്യയോടും കുട്ടികളോടും മാത്രമായിരിക്കും ഉണ്ടാകുക എന്നു് കോടതികൾ ഇതേവരെ ഈ വകുപ്പു് ഇൻറർപ്രിററു് ചെയ്തില്ല, എങ്കിൽപോലും ഈ വകുപ്പു് ദുരുപയോഗപ്പെടുത്തിക്കൊണ്ടു് വളരെ ആധാരങ്ങൾ നമ്മുടെ നാട്ടിൽ വന്നുകഴിഞ്ഞ സ്ഥിതിക്കു് ആ വാചകം ഉദ്ദേശം ഉൾക്കൊള്ളത്തക്കവിധത്തിലെഴുതുകയാണു ഭേദമെന്നു കരുതിയാണു് ഞാൻ എൻെറ ഭേദഗതി 'gift to lineal descendants who will inherit his property on his death according to the personal law applicable to him എന്നാക്കണമെന്നു വാദിച്ചതു്. അതു സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു. സർ, അതുപോലെ സബ് ക്ലാസിൽ (iv) 'transfers to a religious, charitable or educational institutions' ഇതിനെന്താണു്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യം. ഈ റിലിജിയസ് ആൻറ് ചാരിററബിൾ ഇൻസ്റ്റിററ്യൂഷനെ സംബന്ധിച്ചിടത്തോളം അങ്ങനെ പറയേണ്ട ആവശ്യമില്ല എന്നാണ് എൻെറ അഭിപ്രായം. കഴിഞ്ഞ 50 കൊല്ലത്തെ നമ്മുടെ സംസ്ഥാനത്തിൻെറ ചരിത്രം നോക്കിയാൽ റിലിജിയസ് ഇൻസ്റ്റിററ്യൂഷൻസിൻെറ സ്ഥലം തട്ടിയെടുക്കാനുള്ള നടപടിയല്ലാതെ അങ്ങോട്ടുകൊടുത്തിട്ടില്ല. ഇനിയും ഉണ്ടാകുകയില്ല, നിയമം തോൽപ്പിക്കാനല്ലാതെ, ഈ നിയമസഭയിൽതന്നെ കഴിഞ്ഞ പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്, രണ്ടായിരം ഏക്കർ ഭൂമി തൃപ്പൂണിത്തുറയിൽ ഒരു തുളസി അററയ്ക്ക് കൈമാററം ചെയ്ത് എഴുതിവച്ചരായി. രണ്ടായിരം ഏക്കർ ഭൂമി തുളസിത്തറയ്ക്ക് എഴുതിയതിനുശേഷം അതിൻെറ ട്രസ്റ്റി ആയിട്ടുവന്നാൽ മതിയല്ലോ ഭൂമി കയ്യിൽത്തന്നെ ഉണ്ടാകും. ഇങ്ങനെ ബാക്കി ഭൂമി എവിടെയെങ്കിലും വരുന്നെങ്കിൽ, ആ വരുന്നതായിട്ടുള്ള ഭൂമി റിലിജിയസ് ആൻഡ് ചാരിററബിൾ ഇൻസ്റ്റിററ്യൂഷൻസിന് കൊടുക്കുന്നതിന് സൗകര്യമുള്ള നിലയിലാണ് ഇരിക്കുന്നത്.

1957 ഡിസംബർ 18-ാം തീയതി എന്നുള്ളതു 1960 ജൂലായ് 27-ാം തീയതിയായി മാററുകയുണ്ടായി, അതിനിടയ്ക്ക് നടന്നിട്ടുള്ള ട്രാൻസ്ഫേഴ്സിൻെറ എണ്ണം പന്ത്രണ്ട് ലക്ഷത്തോളമാണ്. അതു ഒരു ചോദ്യത്തിനുത്തരമായി ഈ സഭയിൽതന്നെ പറഞ്ഞിട്ടുള്ളതാണ്. അതിൽ ഞാൻ സ്പെസിഫിക്കായി ചോദിച്ചിരുന്നു, 15 ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവർ എത്രപേർ ഇങ്ങനെ കൈമാററങ്ങൾ നടത്തീട്ടുണ്ട് എന്നുള്ളതിനു, അതിൻെറ വിവരം ഇതുവരെ കിട്ടീട്ടില്ല. ഇന്നും അതിൻെറ വിവരം കിട്ടീട്ടില്ല. നിയമസഭയിൽ ഒരു ചോദ്യത്തിനുത്തരം മേശപ്പുറത്തു വയ്ക്കണമെന്നുണ്ട്. അതു ഇതുവരെ വച്ചിട്ടില്ല സർ. ഇങ്ങനെ ട്രാൻസ്ഫേഴ്സ് നടത്തിയിട്ടുള്ള ഭൂമികൾ നോക്കിയാൽ തന്നെ പന്ത്രണ്ടു ലക്ഷത്തോളമല്ലെന്നു കാണാം. മററുള്ള വൻതോതിലുള്ള ട്രാൻസ്ഫറുകൾ കഴിഞ്ഞിട്ടുള്ളതു ആണെങ്കിൽപോലും ബാക്കി ആറു ലക്ഷത്തോളം ഭൂമി കാണുമായിരുന്നു. അതു ഈ പാവപ്പെട്ട കർഷക തൊഴിലാളികൾക്കും, പാവപ്പെട്ടവരായിട്ടുള്ള കുടികിടപ്പുകാർക്കും പാവപ്പെട്ട അധഃകൃതസമുദായത്തിൽപ്പെട്ടവർക്കും, ബാക്കിയുള്ളതു പാവപ്പെട്ടവരായിട്ടുള്ള ചെറുകിട ജന്മിമാർക്കും കൊടുക്കുന്നതിനു കഴിയുമായിരുന്നു. അതു ചെയ്യുന്നതിനുള്ള സന്മനസ്സ് ഗവണ്മെൻറിനുണ്ടായിട്ടില്ലാ എന്നുള്ളതാണ്. അതുകൊണ്ട് ഈ ചാപ്ററർ ഇപ്പോൾ ആവശ്യമില്ലാതെ വന്നിരിക്കുകയാണ്. അതിനാൽ അതിനെ ഞാൻ എതിർക്കുകയാണ്. ഈ നാചുററൽ ലാ എന്നുള്ളതു ദുരുപയോഗപ്പെടുത്താൻ കിഴിഞ്ഞിട്ടുണ്ട്. അതു ഉണ്ടാകാതിരിക്കാനുള്ള നടപടിയെടുക്കണം. അതിനുവേണ്ടിയുള്ള ഏതെങ്കിലും നീക്കം ചെയ്യുന്നതിനു മുമ്പ് ആവശ്യമായ നടപടികൾ എടുക്കണം എന്നു ഞാനപേക്ഷിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ : ഞാൻ ശ്രീ. ഭാർഗ്ഗവൻെറ 1861-ാം നമ്പർ ഭേദഗതിയെയാണ് അനുകൂലിക്കുന്നതു്. കാർഷികബന്ധനിയമത്തിൽ ഉൾപ്പെടുത്തിയ തീയതിയാണ് മിക്കവാറും ഈ ഭേദഗതിയിൽ പറയുന്നതു്. ഈ തീയതി ഉൾപ്പെടുത്തണമെന്നു ഈ ഭാഗത്തുനിന്നും പറയുന്നതു ന്യായം മാത്രമാണ്. എന്നാൽ ഈ ബില്ലിൽ ചെയ്തിട്ടുള്ളതു് 1960-ലെ നിയമത്തിൽ ഉൾപ്പെടുത്തിയ തീയതിപോലും മാററുകയെന്നുള്ളതാണ്. അന്നു് മാററിയതു് 1960 ജൂലൈ 25 എന്നായിരുന്നു. കൈമാററങ്ങൾ നടത്തുന്നതിനെ സംബന്ധിച്ച ഇങ്ങനെ എളുപ്പത്തിൽ തീയതി മാററുന്നതിൻെറ അർത്ഥം മിച്ച ഭൂമി ഉണ്ടാകരുതു് എന്നാണ്. ഇതൊരു കളിയും തമാശയുമാണെങ്കിൽ അതു നേരത്തെ അങ്ങു് പറയുകയാണ നല്ലതു്. എങ്കിൽ അതിനെപ്പററി പിന്നെ പറയേണ്ടല്ലോ. പ്രസിഡൻറിൻെറ നിർദ്ദേശമനുസരിച്ചു, കൈമാററങ്ങൾ അംഗീകരിക്കപ്പെടുന്ന തീയതി 1960 ജൂലൈ 27 എന്നാക്കിയതിൽ കവിഞ്ഞു പിന്നെയും തീയതി മാററാൻ ഇവിടെ എന്തുണ്ടായി എന്നു് വ്യക്തമാക്കണം. കുത്തപ്പിച്ചുകൂട്ടിച്ചെയ്ത ഒരു പണിയാണിതു. ഇതിലെ 83-ാം ക്ലാസ്സിൽ എന്തുതന്നെ പറഞ്ഞാലും 84-ാം ക്ലാസ്സിൽ പറയുന്നതു്, ഒരു നിശ്ചിത തീയതിയാണ്. 82-ൽ പറയുന്നു Publication of the Kerala Land Reforms Bill, 1963, in the Gazette എന്നു്. അതുവരെയുള്ള കൈമാററങ്ങൾ എല്ലാം

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കുന്നുവെന്നാണ് ഇതിന്റെ അർത്ഥം. എന്തിനാണ് ഇങ്ങനെ ഈ തീയതി നിർണ്ണയം വെയ്ക്കുന്നത്? അവിടെ നോക്കുമ്പോൾ ഇതൊരു കളിയും തമാശയുമല്ലെന്നു മനസ്സിലാകും. ഈ നിയമത്തിലെ ചില വകുപ്പുകളെ പരാജയപ്പെടുത്തുന്നതിനുവേണ്ടി ചെയ്യുന്നതാണെന്നു കണ്ടാൽ അത്തരം കൈമാററങ്ങൾ ഇൻവാലിഡായി കണക്കാക്കണമെന്നു പറയുന്നുണ്ടല്ലോ. അപ്പോൾ തീയതി നിശ്ചയിക്കുന്നത് പരമപ്രധാനമാകുന്നുവെന്നു കാണാം.

ഒരു നിസ്സാര കാര്യത്തിനു വേണ്ടിയല്ല തീയതി നിശ്ചയിക്കുന്നതെന്നു വ്യക്തം. ഈ ബിൽ പ്രസിദ്ധപ്പെടുത്തിയ തീയതിവരെയുള്ള എല്ലാ കൈമാററങ്ങളും അംഗീകരിക്കപ്പെടുമെന്നു പറയുന്നത് കൈമാററങ്ങളെ നിയന്ത്രിക്കാനുള്ള ശ്രമത്തെ പരിഹസിക്കലാണ്. ഇത് മൂന്നാമത്തെ തവണ കാണുന്ന ഒരാളെന്നുള്ള നിലയിലാണ് ഞാൻ പറയുന്നത്. 1959-ലെ ബിൽ പാസ്സാക്കിയ അവസരത്തിലും 1960-ലെ പ്രസിഡണ്ട് നിർദ്ദേശിച്ച ഭേദഗതികളോടെ ബിൽ പാസ്സാക്കിയ അവസരത്തിലും ഇപ്പോൾ ഈ ബിൽ ചർച്ച ചെയ്യുന്ന അവസരത്തിലും ഈ തീയതിയെ സംബന്ധിച്ച് കണ്ടിട്ടുള്ള കളിയിൽ അങ്ങേയററം അസുഖംകൊണ്ട് ഞാൻ പറയുകയാണ്. 1959-ൽ കാർഷികബന്ധ ബിൽ പാസ്സാക്കിയ അവസരത്തിൽ അന്നത്തെ പ്രതിപക്ഷമെടുത്ത നിലപാട് എന്തായിരുന്നു? അന്നു മന്ത്രിയായിരുന്ന ശ്രീ. വി. ആർ. കൃഷ്ണയ്യരുടെ അച്ഛൻ ശ്രീ. വി. വി. രാമയ്യർ ഉണ്ടാക്കിയ ഒരു പ്രമാണത്തിനെയോ, ട്രസ്റ്റിനെയോ പിടിച്ചുകൊണ്ടുള്ള ആക്ഷേപമാണ് വളരെ ശക്തിയായി പൊന്തിച്ചുകൊണ്ടു വന്നത്. അന്നത്തെ ഗവണ്മെൻറു ഒരു നിയമം നിർമ്മിക്കുന്ന അവസരത്തിൽ ആ നിയമത്തിലെ പ്രധാനപ്പെട്ട ചില വകുപ്പുകളിൽനിന്ന് ആ ഗവണ്മെൻറിലെ മന്ത്രിയായിട്ടുള്ള ഒരാൾ രക്ഷപ്പെടുവാൻ എടുത്ത അന്യായമായ ഒരു നടപടിയെന്നാരോപണം വന്നു. അന്നത്തെ മുഖ്യമന്ത്രി അതിനു പറഞ്ഞ മറുപടിയും ഞാൻ ഓർക്കുന്നുണ്ട്. അങ്ങനെ വല്ലവരും ചെയ്തിട്ടുണ്ടെങ്കിൽ അതിനെ ഇൻവാലിഡ് ആക്കുന്ന നിയമനിർമ്മാണമാണ് ഇവിടെ ചെയ്യുന്നത്, അതിനു പററിയ വകുപ്പുകൾ നിയമത്തിൽ ഉൾക്കൊള്ളിക്കുക മാത്രമാണ് കരണീയമെന്നു അദ്ദേഹം പറഞ്ഞതായി ഞാൻ ഓർക്കുന്നു. എന്നിട്ട് ഇപ്പോൾ അന്നത്തെ ആ ആരോപണക്കാർ, ഈ ബില്ലിലെ പ്രധാന വകുപ്പുകളിൽനിന്നും ഭൂവുടമസ്ഥന്മാർക്ക് രക്ഷപ്പെടുന്നതിനുള്ള സ്ഥിതിയല്ലേ ഉണ്ടാക്കിയിട്ടുള്ളത്? അന്നു ശ്രീ. രാമയ്യർ ട്രസ്റ്റ് ഉണ്ടാക്കിയതുമൂലം മിച്ചഭൂമി ലഭിക്കുന്നതിന് തടസ്സമുണ്ടാക്കുകയാണ് ചെയ്തതെന്നുള്ള ആരോപണം പുറപ്പെടുവിച്ചവർ, ഉത്തമവിശ്വാസത്തോടുകൂടി ആയിരുന്നില്ല അതു ചെയ്തതെന്നു ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. കേവലം പ്രചരണത്തിനുവേണ്ടിയും, എതിർപ്പിനുവേണ്ടിയുംമാത്രം ചെയ്തതാണെന്നു ഇപ്പോൾ പകൽപോലെ തെളിഞ്ഞിരിക്കുന്നു. അതേ അവസരത്തിൽ പരസ്പരം ഭൂമി കൈമാറാൻ സമയം അനുവദിക്കണമെന്നുള്ള വാദങ്ങളാണ് മറുഭാഗം ഉന്നയിച്ചത്. നിയമം പാസ്സായ ശേഷം ഒരു കൊല്ലംകൂടി ഭൂമി വിൽക്കാനും വാങ്ങാനുമുള്ള സമയംകൊടുക്കണമെന്ന നിലപാടെടുത്തവർ ഇപ്പോൾ ഈ നിലയെടുക്കുന്നതിൽ അത്ഭുതത്തിനവകാശമില്ല. 1963—ൽ ബിൽ കൊണ്ടുവന്നതു അത്രയും ഭാഗ്യമായി. 64—ൽ ആയിരുന്നുവെങ്കിൽ അതുവരെയുള്ള കൈമാററം മുഴുവൻ അംഗീകരിക്കണമെന്നുള്ള നിലപാട് എടുക്കുമായിരുന്നു. ഇത് കാർഷിക പരിഷ്ക്കരണത്തിൻെറ കാതലായ ഭാഗത്തെ നിഷേധിക്കലാണ്. ഇതിനും പ്ലാനിംഗ് കമ്മീഷൻെറ അംഗീകാരം കിട്ടിയിട്ടുണ്ടാവുമെന്നല്ലേ വിചാരിക്കേണ്ടത്? മിച്ചഭൂമി ഉണ്ടാകുന്നതിനെ ഫലപ്രദമായി പരാജയപ്പെടുത്താൻ ഇന്നുവരെയുള്ള ട്രാൻസാക്ഷൻ എല്ലാം അംഗീകരിച്ച്, ഈ സംസ്ഥാനത്തിൽ, ഒരൊററ കഷണം ഭൂമിപോലും മിച്ചം ഉണ്ടാകുകയില്ലെന്നു വിവരിച്ചുകൊടുത്തു പ്ലാനിംഗ് കമ്മീഷൻെറ സമ്മതവും അനുഗ്രഹവും ഈ മന്ത്രി വാങ്ങിയിട്ടുണ്ടായിരിക്കണം. അതാണ് ഈ കാർഷികപരിഷ്ക്കരണത്തിൻെറ ഉദ്ദേശമെന്നു തെളിഞ്ഞുവരട്ടെ. ഈ ചെപ്പും പന്തും കളിയൊന്നും ആവശ്യമില്ല. ഒരു പ്രധാന ലെജിസ്ലേഷൻ എന്ന നിലയിൽ അടിസ്ഥാനപരമായ നിലപാട് ഈ കാര്യത്തിൽ സ്വീകരിക്കാൻ തയ്യാറില്ല എന്നു തെളിഞ്ഞിരിക്കുന്നു. കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

ബന്ധ നിയമത്തിൽ ഉള്ള തീയതി സ്വീകരിക്കുന്നതുകൊണ്ട് എന്താണു വിരോധം? 83-ാം ക്ലാസ്സിനെ സംബന്ധിച്ച് ഒരു ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ചില ട്രാൻസാക്ഷനെ സംബന്ധിച്ചിടത്തോളം ആ ക്ലാസ്സിൽ ഒരു നിലപാട് എടുക്കുന്നുണ്ട്. അതിൽ ആത്മാർത്ഥതയില്ലെന്നാണ് കരുതേണ്ടിയിരിക്കുന്നത്. അങ്ങനെ ആത്മാർത്ഥത ഉണ്ടായിരുന്നെങ്കിൽ ഈ ക്ലാസ്സിൽ മറിച്ചൊരു നിലപാട് എടുക്കുകയില്ലായിരുന്നു, നിലവിലുള്ള നിയമം അംഗീകരിച്ച നിശ്ചിത തീയതി തള്ളിക്കളഞ്ഞതെന്തിനാണ്? ഈ നിയമത്തെ തോല്പിക്കാനുള്ള ട്രാൻസ്ഫറാണെങ്കിൽ അവ ഇൻവാലിഡാണെന്നു പ്രഖ്യാപിക്കാൻ എന്താണ് വിരോധം? ബില്ലിലെ വകുപ്പുകളെ തോല്പിക്കണമെന്ന ഉദ്ദേശത്തിലല്ലാതെ സാധാരണ ഗതിയിൽ ചെയ്തിട്ടുള്ള ട്രാൻസ്ഫേഴ്സ് ഒഴിവാക്കാവുന്നതാണ്. വലിയ ട്രാൻസാക്ഷൻ എല്ലാം അംഗീകരിച്ചുകൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. കുറെ ആളുകൾ നിയമത്തെ തോല്പിക്കാനായി കഴിഞ്ഞ നാലു അഞ്ചു കൊല്ലത്തിനുള്ളിൽ കുറെ വിൽക്കലും വാങ്ങലും നടത്തിയിട്ടുണ്ട്. അതിന് സംരക്ഷണം കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്.

ശ്രീ. ജോസഫ് ചാഴിക്കാട്: ക്ലാസ്സ് 83-ലെ എക്സ്പ്ലനേഷനിൽ 1957 ഡിസംബർ 18-ാം തീയതിക്കുശേഷമുള്ള സകല കൈമാററങ്ങളും അസാധുവാണെന്നു പറഞ്ഞിട്ടുള്ളതിനെപ്പററി അങ്ങേയ്ക്ക് ഒന്നും പറയാനില്ലേ?

ശ്രീ. ഇ. പി. ഗോപാലൻ: ഞാൻ ഇത്ര അടുത്തുനിന്നു സംസാരിച്ചിട്ടും പറയുന്നതൊന്നും ശ്രീ. ചാഴിക്കാടൻ കേൾക്കുന്നില്ലല്ലൊ എന്നുള്ളതാണ് അത്ഭുതം. 83-ാം ക്ലാസ്സിൽ എഴുതിയിട്ടുള്ള കാര്യം ഞാനിവിടെ സൂചിപ്പിച്ചു. 82-ാം ക്ലാസ്സിലെ തീയതിയുടെ കാര്യമാണിവിടെ ചർച്ചാ വിഷയം. ഈ തീയതി മാററി നിശ്ചയിക്കാനുള്ള കാരണമെന്താണ്? അങ്ങനെ മാററി നിശ്ചയിക്കുന്നതിന്റെ ഉദ്ദേശം വ്യക്തമാണെന്നു ഞാൻ പറയുകയായിരുന്നു. ദുരുദ്ദേശമില്ലാതെ ഉത്തമവിശ്വാസത്തോടുകൂടി നടത്തിയ ഏതാനും ട്രാൻസ്ഫറുകളുടെ മറവിൽ വളരെ വലിയ തോതിൽ നടത്തിയ ഭൂമി കൈമാററങ്ങളെ ന്യായീകരിക്കുകയാണ് ചെയ്യുന്നതെന്നുള്ളതുകൊണ്ട് ഈ വകുപ്പിനെ ശക്തിയായി എതിർക്കാതിരിക്കാൻ നിർവ്വാഹമില്ല. മാത്രമല്ല, വ്യക്തമായി ഈ കാര്യം ഇവിടെ ഊന്നി പറയേണ്ടതുണ്ട്. തീയതിയെ സംബന്ധിച്ചിടത്തോളം മാററം വരുത്തുന്നതു ഒരു നിസ്സാര കാര്യമല്ല. ശ്രീമതി ഗൗരിയമ്മ പറഞ്ഞതുപോലെ ഇതുപോലെയുള്ള നിയമങ്ങൾ കൊണ്ടുവരുമ്പോൾ അനുഭവത്തിൽ കണ്ടിട്ടുള്ള പഴുതുകൾ അടയ്ക്കുകയാണ് ചെയ്യേണ്ടതു്. ഇവിടെ ചെയ്യുന്നതു നേരെമറിച്ചാണ്. വല്ലയിടത്തും മുമ്പത്തെ നിയമത്തിൽ പഴുതു ഉണ്ടായിട്ടുണ്ടെങ്കിൽ അതു വിപുലപ്പെടുത്തി ഈ നിയമത്തിന്റെ പ്രവർത്തനം ഫലപ്രദമല്ലാതാക്കുന്നതിനുള്ള ശ്രമമാണ് ഇവിടെ നടത്തിയിട്ടുള്ളത്. ഇതു് നടത്തുന്നതിന് പുതിയ ബിൽതന്നെ കൊണ്ടുവരണമെന്നുള്ളത് കൂടുതൽ കൂടുതൽ വ്യക്തമായി. കാർഷിക പരിഷ്ക്കരണത്തെ ഇത്രയും പരസ്യമായി നാശപ്പെടുത്തണമെങ്കിൽ, പഴയ നിയമത്തിനു ഭേദഗതി കൊണ്ടുവന്നാൽ പോരാ. പുതിയ ബിൽ തന്നെ കൊണ്ടുവരണം എന്നു തെളിഞ്ഞിരിക്കുന്നു. പുതിയ നിയമം കൊണ്ടുവന്നതിന്റെ വ്യക്തമായ ഉദ്ദേശം 82-ാം വകുപ്പിൽ തെളിയുന്നുണ്ട്. കേരളത്തിലെ സവിശേഷതയെ അടിസ്ഥാനമാക്കി ഇവിടെ കുറച്ചെങ്കിലും മിച്ചഭൂമി കാണണമെന്നുള്ള തത്വം കാർഷികപരിഷ്ക്കരണത്തിൽ കാതലായി സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. ആ ആശയത്തെ ഉന്മൂലനാശം വരുത്തുന്ന ഈ 82-ാം വകുപ്പിനെ ശക്തിയായി എതിർക്കേണ്ടതാണ്. സീലിംഗിനെ ഇവിടെ വളരെയേറെ പരിഹാസമാക്കിയിരിക്കുകയാണ്. ഇതു് ഇവിടെത്തന്നെ നിറുത്തിയിരുന്നെങ്കിൽ വളരെ നല്ല കാര്യമായിരുന്നേനെ. ഇല്ലാത്തഭൂമി വിതരണംചെയ്യാൻ, ഇതിനെത്തുടർന്ന് വകുപ്പുകൾ എഴുതിവച്ചിട്ടുള്ളത് കഷ്ടമായിപ്പോയി. ഏതായാലും ഈ 82-ാം വകുപ്പ് ഈ ബിൽ പ്രതിനിധാനം ചെയ്യുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു നിദർശനമാണെന്നു പറഞ്ഞുകൊണ്ട് ശ്രീ. ഭാർഗ്ഗവന്റെ ഭേദഗതിയെങ്കിലും സ്വീകരിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ: സർ, ശ്രീ. കെ. ബാലകൃഷ്ണമേനോൻ, 913-ാം നമ്പരായി ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുണ്ട്. "An adult unmarried person" എന്നതിനുശേഷം "or Family" എന്നു ചേർക്കണമെന്നാണ് ആ ഭേദഗതി. തത്വത്തിൽ ഞാൻ അതു സ്വീകരിക്കുന്നു. അർത്ഥത്തിൽ വലിയ വ്യത്യാസമൊന്നുമില്ല. എല്ലാ മെമ്പറന്മാരെയും ചേർത്താലും അപകടമൊന്നും ഇല്ല. എങ്കിലും അദ്ദേഹത്തിന്റെ നിർദ്ദേശം. കുറേക്കൂടി വ്യക്തമാക്കണമെന്നുള്ളതുകൊണ്ട് അതു് സ്വീകരിക്കുന്നു. അതു്: 'by a family or any member thereof or by an adult unmarried person'. എന്നു മാററുന്നതിനു് സഭ അനുവദിക്കണമെന്നപേക്ഷിക്കുന്നു.

9 A. M.

സർ, 21-ാംതീയതിയും, വെള്ളിയാഴ്ചയും നടന്ന ചർച്ചകളിൽ, ദീർഘദീർഘങ്ങളായി നടന്ന പ്രസംഗത്തിൽ രണ്ടു് ആക്ഷേപങ്ങളാണു് ഉന്നയിച്ചിട്ടുള്ളതു്. അതിലൊന്നു്, 1957—നുശേഷമുള്ള കൈമാററങ്ങളെ അസാധുവാക്കിയിട്ടില്ല എന്നുള്ളതാണു്. അതു ശരിയാണു സർ. 1957 ഡിസംബറിനു ശേഷമുള്ള കൈമാററങ്ങൾ മുഴുവൻ അസാധുവാക്കുന്നതിന്റെ ഫലം എന്തായിരിക്കുമെന്നു വളരെ ആലോചിക്കാതെയാണു്, പല ബഹുമാനപ്പെട്ട അംഗങ്ങളും സംസാരിച്ചതെന്നു് എനിക്കു തോന്നുന്നു. വളരെ സാധുക്കളോടു പലപ്പോഴും ദയവുകാണിക്കുകയും, അവർക്കുവേണ്ടി കരയുകയും ചെയ്യുന്ന പല ബഹുമാനപ്പെട്ട അംഗങ്ങളും യഥാർത്ഥത്തിൽ വാദിച്ചതു്, കൈവശ പരിധിക്കപ്പുറം ഭൂമിയുള്ള ആളുകളെ പരോക്ഷമായി സഹായിക്കാനാണെന്നു് എനിക്കു തോന്നി. കാരണം, 1957 ഡിസംബർ മുതൽ ഇന്നുവരെയുള്ള കൈമാററങ്ങൾ എല്ലാം അസാധുവായാൽ, കൈമാററപ്പെട്ട ഭൂമിയുടെ ഉടമാവകാശം, ആരു വിററോ, അവരിൽ ചെന്നുചേരുന്നതാണു്. അങ്ങനെ ചെന്നുചേരുന്നതിന്റെ ഫലം, കൂടുതൽ ഭൂമി സർക്കാർ എടുത്തിട്ടു കാമ്പൻസേഷൻ കൊടുക്കുമ്പോൾ, വാങ്ങിയ ആളുകളെ സംബന്ധിച്ചിടത്തോളം അവർക്കു ഭൂമിയും കിട്ടുകയില്ല, പ്രതിഫലവും കിട്ടുകയില്ല. മററു ആളുകളെ സംബന്ധിച്ചാണെങ്കിൽ, പ്രതിഫലവും കിട്ടും, ഭൂമിയും കിട്ടും. അതൊരു വലിയ അന്യായമായിത്തീരുമെന്നു കണ്ടിട്ടാണു് ഇങ്ങനെ വ്യവസ്ഥ ചെയ്തതു്. ട്രാൻസാക്ഷനെപ്പററി ശ്രീമതി ഗൗരി ഒരു കണക്കു പറഞ്ഞു. കൈമാററം വാങ്ങിയ വളരെയധികം ആളുകൾ, വിശേഷിച്ചു് അല്പസ്വല്പം ഭൂമി, കൈമാററമായി വിററിട്ടുള്ളവർ വളരെയുണ്ടു്. അങ്ങനെയുള്ള ഭൂമി, പണംകൊടുത്തു തിരിച്ചെടുക്കാൻ സൗകര്യം ഇല്ലാത്ത, കഴിവില്ലാത്ത ആയിരമായിരം ആളുകളുണ്ടെന്നുള്ളതുകൊണ്ടു് അവർക്കു് ഭൂമി തിരിച്ചെടുക്കാൻ നിവൃത്തിയില്ലാത്ത, പ്രതിഫലം കിട്ടാൻ നിവൃത്തിയില്ലാത്ത ഒരവസ്ഥ വന്നുചേരണമെന്നു ഗവൺമെൻറിനു വിചാരമില്ല. ഇതാണു ഒരു കാര്യം. രണ്ടാമതു് ഇതുമൂലം മരണപരമായി വരാവുന്ന വൈഷമ്യം വളരെ വലുതാണു്. ഈ രണ്ടു കാരണങ്ങളാലാണു് കൈമാററം അസാധുവാക്കിത്തീർക്കുന്ന വ്യവസ്ഥ ഇതിൽ ചേർക്കാതിരുന്നതു്. പക്ഷേ, അതേ ഫലം വരുന്ന വേറൊന്നു് ഇതിൽ ചേർത്തിട്ടുണ്ടു്. പരിധി നിർണ്ണയം കഴിയുമ്പോൾ മിച്ചഭൂമി ഉണ്ടാകുകയില്ല എന്നാണു് ശ്രീ. ഭാർഗ്ഗവൻ പറഞ്ഞതു്. കേരളത്തിലെ പുററുപാടുകൾ നോക്കിയാൽ, മിച്ചഭൂമി കുറവാണു്. അതുകൊണ്ടു് മിച്ചഭൂമി ഉണ്ടാകുകയില്ല എന്നു പറയുന്നതു ശരിയല്ല. 1957-നു ശേഷം കൂടുതൽ ഭൂമിയുള്ള ആരെങ്കിലും, കൈമാററം ചെയ്തിട്ടുണ്ടെങ്കിൽ, ആ ഭൂമി തിരിച്ചു ഭൂവുടമസ്ഥനു കൊടുക്കാതെ, ഭൂഉടമസ്ഥന്റെ കൈയിൽ ഇരിക്കുന്ന ഭൂമി കൈമാററം ചെയ്തു എന്നുവരും. അങ്ങനെ ഭൂമി കൈമാററം ചെയ്യുന്നതിനു മുൻപുണ്ടായിരുന്ന ഭൂമി മുഴുവൻ ഭൂവുടമയുടെ വകയാണെന്നുള്ള അടിസ്ഥാനത്തിൽ പരിധിനിർണ്ണയം നടത്തുമെന്നാണു് അതിലെ വ്യവസ്ഥ. അതുകൊണ്ടു വലിയ ഭൂവുടമകൾ ഭൂമി മുഴുവൻ വിററുപോയാൽത്തന്നെയും, അതു എടുക്കാനുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ടു്. മരണപരമായി കുറേ സൗകര്യം ഉള്ള വ്യവസ്ഥ ഇതായതുകൊണ്ടാണു് ഇങ്ങനെ ചെയ്തതു്. വാങ്ങിയ ആളുകളെ ദ്രോഹിക്കാതിരിക്കാനാണു് ഇതിൽ ഇങ്ങനെയൊരു വ്യവസ്ഥ കൊണ്ടു വന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: വസ്തു ഉടമകളുടെ കൈയിൽ കൂടുതൽ ഭൂമി ഉണ്ടെങ്കിൽ എടുക്കുമെന്നു പറഞ്ഞു. വസ്തു ഉടമകൾ സ്വന്തം പേരിലല്ലാതെ അവരുടെ മക്കളുടെ പേരിൽ വസ്തു സമ്പാദിച്ചിട്ടുണ്ടെങ്കിൽ എടുക്കാൻ സാധിക്കുമോ ;

ശ്രീ. പി. ടി. ചാക്കോ: അതു് എന്നോടു ചോദിക്കണമെന്നില്ലല്ലോ, അല്ലാതെ അറിയാവുന്നതല്ലേ ?

രണ്ടാമത്തൊരാക്ഷേപം ഉണ്ടായതു് ദേവാലയങ്ങൾക്കും വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും കൈമാററം ചെയ്തിട്ടുള്ളതിനെ അസാധുവാക്കിയിട്ടില്ലെന്നുള്ളതാണു്. ദേവാലയങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും എന്തിനാണു് ഭൂമി എന്നു ചോദിച്ചു. വളരെ പരിഹാസ്യമായ രീതിയിൽ, ആരെങ്കിലും എവിടെയെങ്കിലും ഒരു തുളസിത്തറ കെട്ടിയാൽ, അതു ദേവാലയമാകുമോ എന്നു ചോദിക്കുകയുണ്ടായി. തുളസിത്തറ കെട്ടിയാൽ, അതു ദേവാലയമായി പരിഗണിക്കുമോ എന്നു സംശയമാണു്. ഏതെങ്കിലും ദേവാലയത്തിനോ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കോ വസ്തു ഉള്ള ആളുകൾ വസ്തു കൊടുത്താൽ അതു ഒരു ദ്രോഹമാണെന്നു ഈ ഗവണ്മെൻറു വിചാരിക്കുന്നില്ല. ഇനിയും ഈ രാജ്യത്തു ദേവാലയങ്ങളുടെ ആവശ്യമുണ്ടു; ജനങ്ങൾക്കു് അത്യാവശ്യമാണെന്നും അറിയാം. അങ്ങനെ പുതിയ ദേവാലയങ്ങൾക്കുവേണ്ടി ആവശ്യമായ സ്ഥലം ആരെങ്കിലും കൊടുത്താൽ അതിനെ നിരോധിക്കുന്ന ഒരു വ്യവസ്ഥ പുരോഗമനത്തിൻെറ പേരിലായാലും ഉണ്ടാകണമെന്നു വിചാരിക്കുന്നില്ല. അതുപോലെതന്നെ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളരെ ഈ രാജ്യത്താവശ്യമുണ്ടു്. ഇപ്പോൾതന്നെ ഗവണ്മെൻറുവകയായിട്ടുള്ളതിനെക്കാൾ വളരെ കൂടുതൽ പ്രൈവററു ഏജൻസികളുടെ വക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെയുണ്ടു്. അങ്ങനെ രണ്ടുവിധത്തിലുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും, ഇന്നു സ്കൂളുകളിൽ പോകേണ്ട, കാളേജുകളിൽ പോകേണ്ട എല്ലാ വിദ്യാർത്ഥികൾക്കും പഠനസൗകര്യം ഇല്ല. വളരെയധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകേണ്ടതുണ്ടു്, ഇനി ഉണ്ടാക്കുകയും ചെയ്യും. അതു ഗവണ്മെൻറു വകയായിട്ടും, ജനവിഭാഗങ്ങളുടെ വകയായിട്ടും ഉണ്ടാകും. അങ്ങനെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കൊക്കെ, ഭൂമി ആവശ്യമുണ്ടു്. പുതിയ കാളേജുകൾക്കു വളരെ ഭൂമി ആവശ്യമുണ്ടു്. ഹൈസ്കൂളുകൾക്കും, പ്രൈമറിസ്കൂളുകൾക്കും വളരെ ഭൂമി ആവശ്യമുണ്ടു്. ആരെങ്കിലും സ്കൂളുകൾക്കു ഭൂമി ദാനം ചെയ്താൽ അതു സ്വീകരിക്കരുതെന്നു് ഇതിൽ വ്യവസ്ഥ ചെയ്യണമെന്നു വിചാരിക്കുന്നില്ല. അതുകൊണ്ടു അങ്ങനെ ദാനം കൊടുക്കുന്നതു നിയമവിരുദ്ധമാക്കിയിട്ടില്ല. സർ, ഈ രണ്ടു് ആക്ഷേപങ്ങളാണു് രണ്ടു ദിവസമായിട്ടു് ഇവിടെ നടന്ന ചർച്ചകളിൽ വന്നതു്. അതിനെപ്പററി ഇതിനേക്കാൾ കൂടുതൽ എന്തെങ്കിലും പറയണമെന്നു വിചാരിക്കുന്നില്ല. 82-ാമത്തെ വകുപ്പു്, 83-ാമത്തെ വകുപ്പുമായി ഒന്നിച്ചു വായിച്ചാൽ 1957 ഡിസംബറിനുശേഷമുള്ള, പരിധിയിൽ കൂടുതൽ ഭൂമിയുള്ള ആളുകളുടെ കൈമാററംമൂലം ഭൂമി വാങ്ങിയിട്ടുള്ളവർക്കു കുഴപ്പം വരാത്തരീതിയിലാണു് ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ഈ സഭ ഈ വ്യവസ്ഥ അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

Mr. Speaker: Do you press your amendment?

Shri O. Koran: Yes, Sir.

Amendment No. 908 moved by Shri O. Koran was put and lost.

Shri O. Koran: Sir, I demand a poll.

A poll was taken when the House divided as follows:

LIBRARY ARCHIVES Kerala Legislative Assembly

AYES 27

1 Shri C. Achutha Menon
2 Smt. K. O. Aisha Bai
3 Shri Baby John
4 ,, P. Balachandra Menon
5 ,, N. E. Balaram
6 ,, K. Bhargavan
7 ,, E. P. Gopalan
8 Smt. K. R. Gouri
9 Shri K. V. John
10 ,, O. Koran
11 ,, K. Krishnan
12 ,, M. Krishnan
13 ,, R. Krishnan
14 ,, S. Kumaran
15 ,, P. K. Kunjachan
16 Shri P. M. Kunhiraman Nambiar
17 ,, P. K. Narayanan Nambiar
18 ,, K. V. Narayanan
19 ,, P. C. Raghavan Nair
20 ,, A. K. Ramankutty
21 ,, T. K. Ramakrishnan
22 ,, P. Ravindran
23 ,, E. M. Sankaran Namboodiripad
24 ,, P. S. Srinivasan
25 ,, R. Sugathan
26 ,, M. V. Vasu
27 ,, P. Viswambharan

NOES 46

1 Shri P. Abdul Majeed
2 ,, K. C. Abraham
3 ,, M. C. Abraham
4 ,, K. T. Achuthan
5 ,, P. C. Balakrishnan Nambiar
6 ,, T. O. Bava
7 ,, N. Bhaskaran Nair
8 ,, P. T. Chacko
9 ,, G. Chandrasekhara Pillai
10 ,, P. C. Cherian
11 ,, K. A. Damodara Menon
12 ,, T. A. Dharmaraja Iyer
13 ,, P. R. Francis
14 ,, K. M. George
15 ,, P. Gopalan
16 ,, Maleth Gopinatha Pillai
17 ,, M. P. Govindan Nair
13 ,, C. G. Janardhanan
19 ,, Thomas John
20 ,, George Joseph Podipara
21 ,, K. G. Karunakara Menon
22 ,, T. Krishnan
23 Shri N. S. Krishna Pillai
24 ,, K. Kunhambu
25 Smt. Kusumam
26 ,, Leela Damodara Menon
27 Shri P. Madhavan
28 ,, V. Madura
29 ,, M. M. Mathai
30 ,, C. A. Mathew
31 ,, Muhasin Bin Ahmed
32 ,, K. Narayana Kurup
33 ,, M. Narayana Kurup
34 ,, Kuroor Neelakantan Namboodiripad
35 ,, E. P. Poulose
36 ,, A. A. Rahim
37 ,, R. Raghava Menon
38 ,, R. Sankar
39 Smt. O. T. Sarada Krishnan
40 ,, K. R. Saraswathi Amma
41 Shri C. M. Stephen
42 ,, K. T. Thomas
43 ,, T. A. Thomman
44 ,, P. P. Ummer Koya
45 ,, K. R. Vijayan
46 ,, K. K. Viswanathan

Neutrals—Nil.

Mr. Speaker : For the amendment—27;
Against the amendment—46;
Neutrals—Nil.

2/753/S

LIBRARY ARCHIVES Kerala Legislative Assembly

The amendment is lost.

Amendment No. 912 moved by Shri K. Krishnan was put and lost.

Amendment No. 913 moved by Shri K. Balakrishna Menon modified as follows, namely, In clause 82, in line 16, for the words "by a member of a family or an adult unmarried person" the following words shall be substituted, namely:—"by a family or any member thereof or by an adult unmarried person", was put and carried.

Amendment No. 1358 moved by Shri T. K. Ramakrishnan was put and lost.

Amendment No. 1363 moved by Shri R. Krishnan was put and lost.

Amendment No. 1361 moved by Shri K. Bhargavan was put and lost.

Shri E. P. Gopalan: Sir, I demand a poll.

A poll was taken when the House divided as follows:

AYES—27

1	Shri	C. Achutha Menon	16	Shri	P. M. Kunhiraman Nambiar
2	Smt.	K. O. Aisha Bai			
3	Shri	Baby John	17	,,	P. K. Narayanan Nambiar
4	,,	P. Balachandra Menon			
5	,,	N. E. Balaram	18	,,	K. V. Narayanan
6	,,	K. Bhargavan	19	,,	P. C. Raghavan Nair
7	,,	E. P. Gopalan	20	,,	A. K. Ramankutty
8	Smt.	K. R. Gouri	21	,,	T. K. Ramakrishnan
9	Shri	K. V. John	22	,,	P. Ravindran
10	,,	O. Koran	23	,,	E. M. Sankaran Namboodiripad
11	,,	K. Krishnan			
12	,,	M. Krisnnan	24	,,	P. S. Srinivasan
13	,,	R. Krishnan	25	,,	R. Sugathan
14	,,	S. Kumaran	26	,,	M. V. Vasu
15	,,	P. K. Kunjachan	27	,,	P. Viswambaran

NOES—45

1	Shri	P. Abdul Majeed	14	,,	K. M. George
2	,,	K. C. Abraham	15	,,	P. Gopalan
3	,,	M. C. Abraham	16	,,	Malethu Gopinatha Pillai
4	,,	K. T. Achuthan			
5	,,	P. C. Balakrishnan Nambiar	17	,,	M. P. Govindan Nair
			18	,,	C. G. Janardhanan
6	,,	T. O. Bava	19	,,	Thomas John
7	,,	N. Bhaskaran Nair	20	,,	George Joseph Podipara
8	,,	P. T. Chacko	21	,,	K. G. Karunakara Menon
9	,,	G. Chandrasekhara Pillai			
10	,,	P. C. Cherian	22	,,	T. Krishnan
11	,,	K. A. Damodara Menon	23	,,	N. S. Krishna Pillai
			24	,,	K. Kunhambu
12	,,	T. A. Dharmaraja Iyer	25	Smt.	Kusumam
	,,	P. R. Francis	26	,,	Leela Damodara Menon

LIBRARY ARCHIVES Kerala Legislative Assembly

27	Shri	P. Madhavan	36	Shri	R. Raghava Menon
28	,,	V. Madura	37	,,	R. Sankar
29	,,	M. M. Mathai	38	Smt.	O. T. Sarada Krishnan
30	,,	Muhasin Bin Ahmed	39	,,	K. R. Saraswathi Amma
31	,,	K. Narayana Kurup	40	Shri	C. M. Stephen
32	,,	M. Narayana Kurup	41	,,	K. T. Thomas
33	,,	Kuroor Neelakantan Namboodiripad	42	,,	T. A. Thomman
			43	,,	P. P. Ummer Koya
34	,,	E. P. Poulose	44	,,	K. R. Vijayan
35	,,	A. A. Rahim	45	,,	K. K. Viswanathan

Neutrals—Nil.

Mr. Speaker: For the amendment—27;
Against the amendment—45;
Neutrals—Nil.

The amendment is lost.

Amendment No. 1364 moved by Shri K. Bhargavan was put and lost.

Amendment No 1457 moved by Smt. K. R. Gouri was put and lost.

Amendment No. 1677 moved by Smt. K. R. Gouri was put and lost.

Amendment No. 1698 moved by Shri P. K. Kunjachan was put and lost.

The question that Clause 82, as amended, stand part of the Bill was put and carried.

Clause 82, as amended, was added to the Bill.

Clause 83

Mr. Speaker: The following amendments may be moved.

Amendment Nos. 1484 and 1485 by the Hon. Minister.
Amendment No. 914 by Shri M. C. Abraham
Amendment No. 916 by Shri K. Avukadarkutty Naha
Amendment No. 919 by Shri K. Chandrasekharan
Amendment Nos. 921 and 922 by Shri K. Moideenkutty Haji
Amendment No. 924 by Shri T A. Thomman
Amendment No. 1369 by Shri P. C. Balakrishnan Nambiar
Amendment No. 1372 by Shri K. Bhargavan
Amendment No. 1373 by Shri P. S. Srinivasan
Amendment Nos. 1461, 1641 and 1678 by Smt. K. R. Gouri.
Amendment No. 1582 by Shri K. Hassan Gani
Amendment Nos. 1583, 1584 and 1585 by Shri Joseph Chazhikattu.
Amendment Nos. 1700 and 1701 by Shri R. Krishnan.
Amendment No. 1702 by Shri P. K. Kunjachan.

Amendment No. 917 is substantially covered by amendment No. 916.

Amendmant Nos. 915 of Shri Joseph Chazhikattu and amendment No. 1368 by Shri Hameed Ali Shemnad are not clear.

Amendment Nos. 918 and 920 are the same as amendment No. 919.

Amendment No. 923 by Shri K. R. Vijayan will not fit in.

Amendment Nos. 1366, 1367, 1469, 1659 are the same as amendment No. 914 and amendments Nos. 1370, 1371, 1502 are the same as amendment No. 1369.

Amendment No. 1460 is the same as amendment 1373.

LIBRARY ARCHIVES Kerala Legislative Assembly

Shri P. T. Chacko: Sir, I move the following amendments:

1484. In clause 83, after sub-clause (3), the following sub-clause shall be inserted, namely:—

"(3A) Where a member of a joint family surrenders under this section, any land belonging to the joint family and the surrender is accepted by the Land Board with or without modification in extent or identity of the lands surrendered, he shall be deemed to have become divided in status from the other members of the family, with effect from the date of the surrender, and the lands the surrender of which has been accepted shall be deemed to have been lands allotted to the share of such member on partition."

1485. In clause 83, in sub-clause (4), for item (c) the following item shall be substituted, namely:—

"(c) by order, determine, the extent and identity of the land to be surrendered."

Shri M. C. Abraham: I do not move my amendment.

Mr. Speaker: Messrs. Avukadarkutty Naha, K. Moideenkutty Haji and K. Hassan Gani are not in their seats.

Shri O. Koran: Sir, I do not move amendment No. 919 in the name of Shri K. Chandrasekharan.

Shri T. A. Thomman: I do not move my amendment.

Shri P. C. Balakrishnan Nambiar: Sir, I do not move my amendment.

Shri K. Bhargavan: Sir, I do not move my amendment.

Shri P. S. Sreenivasan: Sir I do not move my amendment.

Smt. K. R. Gouri: Sir, I do not move amendment Nos. 1641 and 1678 but I move my amendment No. 1461 which reads as follows:

In clause 83 (2) Explanation III, add at the end

"and if all the lands are held by shares in co-operative society, the lands be indicated in his surrender application."

Shri Joseph Chazhikatt: Sir, I move the following amendments:

1583. In clause 83 (1) Explanation delete 'shall be bound.. ....ceiling area on such calculation' and substitute "shall be bound to surrender an extent of land in his possession more than a small holder can possess."

1584. In clause 83 (1) Explanation delete "as if such transfer had not taken place" with consequential changes.

1585. In clause 83 (1) Explanation, delete '18th December 1957' and add '21st January 1961'.

Shri R. Krishnan: Sir, I move the following amendments:

"1700. In clause 83 (1) Explanation, delete item (i), namely: "by way of partition, or".

1701. In clause 83 (1) Explanation, delete item (ii) namely: "on account of natural love and affection; or",

LIBRARY ARCHIVES Kerala Legislative Assembly

Shri P. K. Kunjachan: Sir, I move:

1702. In clause 83 (7) substitute 'thirty' for 'sixty' in line four.

Smt K. R. Gouri: Sir, Explanation III reads as follows:

"Explanation III.—Where a family or adult unmarried person owns or holds lands, including shares in the lands owned or held by a co-operative society, in excess of the ceiling area, the excess lands to be surrendered shall be lands other than shares in the lands owned or eld by the co-operative society."

ഈ ബില്ലിൽ ഇങ്ങനെ പറഞ്ഞിരിക്കുമ്പോൾ ഞാൻ കൊടുത്തിട്ടുള്ള ഭേദഗതികൂടി ഇവിടെ വായിക്കുകയാണ്.

'In clause 83 (2), Explanation III, add at the end "and if all the lands are held by shares in co-operative society, the lands be indicated in his surrender application.'

ഈ ഭേദഗതികൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് ഒരു സൊസൈററിയുടെ അധീനതയിലിരിക്കുന്ന ഭൂമിയെ സംബന്ധിച്ചിടത്തോളം മിച്ചഭൂമി മാത്രം സറണ്ടർ ചെയ്താൽ പോരായെന്നും എല്ലാ ഭൂമിയേയും സംബന്ധിച്ചുള്ള വിശദവിവരങ്ങൾ സറണ്ടർ ആപ്ലിക്കേഷനിൽ കാണിച്ചിരിക്കണമെന്നും ഉള്ളതാണ്. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ ജോസഫ് ചാഴിക്കാട്ട്: സർ, ഞാൻ ഇവിടെ 3 ഭേദഗതികളാണ് ഹാജരാക്കിയിട്ടുള്ളത്. അവയിൽ 1583-ാമത്തെ ഭേദഗതിയെപ്പററിയാണ് സംസാരിക്കണമെന്നു വിചാരിക്കുന്നത്. ഈ ബില്ലിന്റെ ക്ലാസ്സ് 83 (1) എക്സ്പ്ലനേഷനിൽ പറയുന്നത് 'shall be bound to surrender an extent of land which would be in excess of the ceiling area'

In clause 83 (1), in the explanation it is said:

'Where any land owned or held by a family or adult unmarried person owning or holding land in excess of the ceiling area, was transferred by such family or any member thereof or by such adult unmarried person, as the case may be, after the 18th December, 1957....'

അതായത്, 1957 ഡിസംബർ 18-ാംതീയതിക്കുശേഷം നടന്നിട്ടുള്ള കൈമാററങ്ങൾ അസാധുവാണെന്നു പറഞ്ഞാൽ അത് വഹിക്കത്തക്കതല്ല. സർ, ഇവിടെ ഇപ്പുറത്തിരിക്കുന്ന ശ്രീമതി കെ. ആർ. ഗൗരി, ഭാർഗ്ഗവൻ തുടങ്ങിയ മെമ്പറന്മാർ പ്രസംഗിച്ചതിൽനിന്നും എനിക്കു മനസ്സിലാക്കാൻ സാധിച്ചത്, അന്യആളുകളുടെ വസ്തു സറണ്ടർ ചെയ്യുന്നതിനെ സംബന്ധിച്ച് ഗവണ്മെന്റ് ചില ഒളിച്ചുകളികൾ നടത്തുന്നു എന്നാണ്. ഗവണ്മെന്റ് ഒളിച്ചുകളിയൊന്നും നടത്തുകയല്ല. അനവധി വർഷങ്ങളായി ആളുകേറാമലകളിലും, വനങ്ങളിലും മനുഷ്യന്റെ ജീവനെക്കൂടി പണയംവച്ചുകൊണ്ട് മലമ്പനിയോടും, ദുഷ്ടജന്തുക്കളോടും മററും രാപകലില്ലാതെ പോരാടിക്കൊണ്ട് ദേവികുളം, ഉടുമ്പൻചോല, പീരുമേട് മുതലായ സ്ഥലങ്ങളിൽപോയി യാതനകളും വേദനകളും അനുഭവിച്ചുകൊണ്ട് ഭൂമി നന്നാക്കി കൃഷിയുംചെയ്തു ഗവണ്മെൻറിലേയ്ക്ക് കരവും കൊടുത്തു അങ്ങനെ താമസിച്ചുകൊണ്ടിരിക്കുന്ന ഒരു കുടുംബത്തിന്റെ കൈവശം 50 ഏക്കർ ഭൂമിയുണ്ടെന്നു വിചാരിക്കുക. ഈ ഭൂമി ആ കുടുംബത്തിനു എപ്രകാരം കിട്ടി എന്നുള്ളതും, അതു ഫലഭൂയിഷ്ഠമാക്കുന്നതിനുവേണ്ടി എത്രത്തോളം യാതനകളും ക്ലേശങ്ങളും സഹിച്ചുവെന്നും ഉള്ള വസ്തുത ആരും മനസ്സിലാക്കുന്നില്ല, ആരും അതിനെപ്പററി ചിന്തിച്ചിട്ടുപോലുമില്ല. സർ, കേരളസംസ്ഥാനം മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഒരു ചെറിയ രാജ്യമാണ്. 14,986 ചതുരശ്രമൈൽ സ്ഥലമേ ഉള്ളു എന്നാണ് കണക്കുകൊണ്ടു കാണുന്നത്. ഏക

LIBRARY ARCHIVES Kerala Legislative Assembly

ദേശം ഒന്നേമുക്കാൽകോടി ജനങ്ങളുമുണ്ട്. ഈ ഗവണ്മെൻറല്ലാ, മറേറതു ഗവണ്മെൻറു വന്നാലും ജനസംഖ്യ ആണ്ടുതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്ന പരിതഃസ്ഥിതിയിൽ ഭൂമിയില്ലാത്തവർക്കെല്ലാം ഭൂമികൊടുക്കാൻ സാധിക്കുമോ എന്നുള്ളതു സംശയമാണ്. മുപ്പതോ അമ്പതോ ഏക്കർ സ്ഥലം പണംചെലവാക്കി അദ്ധ്വാനിച്ച് കൈവശം വച്ചിട്ടുണ്ടെങ്കിൽ അതിൽനിന്നും നേർപകുതി വെറുതെയിരിക്കുന്നവർക്ക് എടുത്തുകൊടുക്കണമെന്നു പറയുന്നതു് ആ വസ്തുവിൻെറ ആർജ്ജവത്തെ സംബന്ധിച്ചിടത്തോളമുള്ള ദുരിതങ്ങളും കഷ്ടപ്പാടുകളും മനസ്സിലാക്കാത്തതുകൊണ്ടാണ്. സർ, മലംപ്രദേശങ്ങൾ നന്നാക്കി കൃഷിചെയ്തു വിളവെടുക്കാൻ അവർ പെടുന്ന പ്രയാസങ്ങൾ പറഞ്ഞറിയിക്കാൻ പ്രയാസം. കാട്ടിൽ, മരത്തിൻെറമുകളിൽ കമ്പുകൾവച്ചുകെട്ടി കുടിലുണ്ടാക്കി അതിലിരുന്നുകൊണ്ട് കൃഷി നശിപ്പിക്കുന്ന മൃഗങ്ങളെ ഓട്ടിച്ച്, ഇങ്ങനെ എത്രയോ അഹോരാത്രങ്ങൾ കഴിച്ചുകൂട്ടിയതിൻെറ ഫലമായിട്ടാണ് വിളവെടുക്കാൻ സാധിക്കുന്നതു്. മലമ്പനിയെപ്പററി എൻെറ ബഹുമാനപ്പെട്ട സ്നേഹിതന്മാർക്ക് നല്ല വിവരമില്ലായിരിക്കാം. ഇഞ്ചിഞ്ചായി മനുഷ്യനെ കൊല്ലുന്ന ഒരു പ്രകൃതമാണ് മലമ്പനിക്കുള്ളതു്. എത്രയോ ആളുകൾ, കടുവാ, കരടി, കാട്ടുപോത്തു്, മലമ്പനി ഇവയുടെ വായിൽപെട്ട് അകാലമൃത്യുവിനു് ഇരയായിട്ടുണ്ട്. ഇപ്പോഴും അതു നടക്കുന്നുമുണ്ട്. എന്നിട്ടും അങ്ങനെയുള്ള സ്ഥലങ്ങളിൽനിന്നും ആളുകൾ ഒഴിഞ്ഞുപോയിട്ടില്ല. മുമ്പ് അച്ഛനും, അമ്മാവനും അപ്പൂപ്പനുമൊക്കെ ഉണ്ടായിരുന്നതു് മുൻപറഞ്ഞ കാരണങ്ങളാൽ മരിച്ചുപോയിട്ടുണ്ടെങ്കിൽ, ഇന്നവരുടെ പിൻഗാമികളാണ് അവിടെ താമസിക്കുന്നതു്. അങ്ങനെയുള്ള ഒരു കുടുംബത്തിനു് ഒരു 50 ഏക്കർ ഉണ്ടെന്നിരിക്കട്ടെ. കർഷകതൊഴിലാളികൾക്കു വേണ്ടി വാദിക്കുന്ന സഹോദരന്മാരോടും സഹോദരിമാരോടും എനിക്കു പറയുവാനുള്ളതു് കർഷകത്തൊഴിലാളികൾക്ക് ഒന്നും രണ്ടും ഏക്കർ വീതം ലഭിക്കാൻ പോകുന്നില്ല, ലഭിക്കുകയില്ല എന്നാണ്. കാരണം പണ്ടുകാലങ്ങളിൽ വലിയ മലകളിൽ കയറി കരടികളേയും കാട്ടാനകളേയും ഓടിച്ച് മലമ്പനിയോടു മല്ലിട്ട് ഭൂമി വെട്ടിത്തെളിച്ചപ്പോൾ കർഷകത്തൊഴിലാളികൾക്കു വേണമെങ്കിലും നാലും അഞ്ചും ഏക്കർവീതം സ്വന്തമാക്കാമായിരുന്നു. അന്ന് അവർ അങ്ങനെ ചെയ്യാതെ രാവിലെ വരും വൈകുന്നേരം അതുവരെ ചെയ്ത പണിക്ക് മൂന്നും നാലും രൂപാ കൂലിവാങ്ങിക്കൊണ്ടുപോയി സുഖമായി ജീവിച്ചിരുന്നു. ഭൂമി സ്വന്തമാക്കാൻവേണ്ടി പ്രയത്നിച്ചവർ വലിയ സംഖ്യകൾ ചെലവഴിക്കുകയും രാത്രികാലങ്ങളിൽ വലിയ മരങ്ങളുടെ മുകളിൽ കുടിൽകെട്ടി കരടികളേയും കാട്ടാനകളേയും പേടിച്ചു പേടിച്ചു ജീവിക്കുകയും ചെയ്തിട്ടുള്ളവരാണ്. അങ്ങനെ നേടിയെടുത്ത ഭൂമിയിൽ കർഷകത്തൊഴിലാളികൾക്ക് അവകാശവും അധികാരവും ഉണ്ടായിരിക്കുകയുമില്ല, ഉണ്ടാകാൻ പോകുന്നതുമില്ല. വളരെയധികം ത്യാഗങ്ങളും കഷ്ടപ്പാടുകളും സഹിച്ച് അൻപതു് ഏക്കർ ഭൂമി ഒരാൾ സമ്പാദിച്ചിട്ടുണ്ടെങ്കിൽ അതു അവനും അവൻെറ മക്കൾക്കും, മക്കളുടെ മക്കൾക്കും അങ്ങനെ തലമുറ തലമുറയായി അനുഭവിക്കുന്നതിനുവേണ്ടിയാണ്, അങ്ങനെ അനുഭവിക്കാൻ പാടില്ലെന്നും അതു കർഷകതൊഴിലാളികൾക്ക് കൊടുക്കണമെന്നും പറയുന്നതു് ശരിയല്ല, നീതിയല്ല ന്യായമല്ല. അന്നന്നുള്ള കൂലിയും വാങ്ങി സുഖമായി കൈയുംവീശി ജീവിച്ചവർക്ക് ഇന്നു ഭൂമി വീതിച്ചുകൊടുക്കണമെന്നു പറയുന്നതു് സ്വല്പമെങ്കിലും മനസ്സാക്ഷിയോടുകൂടിയാണോ? അങ്ങനെയാണെങ്കിൽ ഇന്ന് ബാങ്കുകളിലും ഖജനാവിലും ഉള്ള പണം അത്രയും എടുത്തു് കർഷകത്തൊഴിലാളികൾക്ക് ആയിരവും രണ്ടായിരവും വീതം വീതിച്ചുകൊടുക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു അമെൻറുമെൻറു കൊണ്ടുവരാൻ പാടില്ലേ? ദേശായിതന്നെ സ്വർണ്ണനിയന്ത്രണചട്ടം ഏർപ്പെടുത്തിയില്ലേ? പക്ഷെ ഇതെല്ലാം കൊണ്ടുവരുമ്പോൾ കുറെയൊക്കെ ചിന്തിക്കേണ്ടതാവശ്യമാണ്. അങ്ങനെ കൊണ്ടുവരുന്നതു് ശരിയാണോ ന്യായമാണോ എന്നു നോക്കണം. ഒരാളിനു് അൻപതു ഏക്കർ ഭൂമി ഉണ്ടെങ്കിൽ അതു് അദ്ധ്വാനിക്കാത്തവനു് പണം മുടക്കാത്തവനു് കൊടുക്കണമെന്നു പറയുന്നതു് ശരിയല്ല. ഇങ്ങനെയെല്ലാം ഭൂമിയുണ്ടാക്കിയതു് കർഷകതൊഴിലാളികൾ ആണെന്നു വരികിലും അന്നെല്ലാം അവർ വൈകുന്നേരമാകു

LIBRARY ARCHIVES Kerala Legislative Assembly

മ്പോൾ മൂന്നും നാലും രൂപ വാങ്ങിക്കൊണ്ടു സുഖമായി ജീവിച്ചവരാണ്. അങ്ങനെയുള്ളവർക്ക് ഭൂമിയുള്ളവരുടെ കയ്യിൽനിന്നും ഭൂമി എടുത്തുകൊടുക്കണമെന്നു പറഞ്ഞാൽ, അതു ശരിയല്ല, സാദ്ധ്യവുമല്ല. മലയുടെ കാര്യം ഞാൻ പറഞ്ഞതുപോലെതന്നെ കായൽനികത്തി പാടങ്ങൾ ഉണ്ടാക്കിയവരുടെ കാര്യവും. വേമ്പനാട്ടുകായലിൽതന്നെ ഒരാളിന് അൻപതു ഏക്കർ നിലമുണ്ടെങ്കിൽ അതു് എങ്ങനെയാണ് അവർ ഉണ്ടാക്കിയതെന്നുള്ളതിനെപ്പററി നാം ചിന്തിക്കണം. അവൻ അവിടെ ചെന്നു് വെള്ളത്തിൽ മുങ്ങിയും മെഷീൻവച്ചും വരമ്പുകൾ ഉണ്ടാക്കിയുമാണ് വെള്ളംവററിച്ച് നിലമാക്കിയതു്. അങ്ങനെ ചെയ്യുന്നതിന് അന്നും കർഷകത്തൊഴിലാളികൾ ഉണ്ടായിരുന്നു. അവർ രാവിലെ വന്നു പണി എടുത്തിട്ട് വൈകുന്നേരമാകുമ്പോൾ അഗ്രശാലയിൽനിന്നും ഒരു പറ നെല്ലു വീതം കൂലിയും വാങ്ങിക്കൊണ്ടാണ് പോകുന്നതു്: എന്നാൽ കായലിൽ 50 ഏക്കർ നിലം ഉണ്ടാക്കാൻ പോകുന്നവന് രാത്രി കിടന്നാൽ ഉറക്കം വരികയില്ല. കാരണം വരമ്പു ഇടിയുമോ, മടവീഴുമോ, നിലത്തിൽ വെള്ളം കയറുമോ വിളയെല്ലാം നശിക്കുമോ എന്നുള്ള പരവേശത്തോടുകൂടിയായിരിക്കും അവൻ കഴിഞ്ഞുകൂടുന്നതു്. മഴക്കാറു കണ്ടാൽതന്നെ അവനു് വേദനയുണ്ടാകും. എന്നാൽ കർഷകത്തൊഴിലാളികളാണെങ്കിൽ കൂലിവാങ്ങിക്കൊണ്ടുവരുന്ന നെല്ലു പുഴുങ്ങി അരിയാക്കി സുഖമായി ഭക്ഷണവും കഴിച്ച് അവന്റെ കുടിലിൽ കിടന്നുറങ്ങും. കാരണം അവൻ പണം മുടക്കിയിട്ടില്ല, അവന്റെ വിള നശിച്ചുപോകുമെന്നുള്ള ചിന്തയുമില്ല. അങ്ങനെ വളരെ പാടുപെട്ടും വേദനസഹിച്ചും ഉണ്ടാക്കിയിട്ടുള്ള നിലത്തിൽനിന്നും കർഷകത്തൊഴിലാളികൾക്ക് രണ്ടും മൂന്നും ഏക്കർ വീതം കൊടുക്കണമെന്നു പറഞ്ഞാൽ അതു് നടപ്പുള്ള കാര്യമാണോ?

__മി. സ്പീക്കർ:__ ബഹുമാനപ്പെട്ട മെമ്പർ അമെൻറുമെൻറിനെക്കുറിച്ചു സംസാരിച്ചാൽ മതി.

__ശ്രീ. ജോസഫ് ചാഴിക്കാട്ട്:__ ഞാൻ എന്റെ അമെൻറുമെൻറിനെക്കുറിച്ചു മാത്രമാണ് സംസാരിക്കുന്നതു്.

__ശ്രീ. ടി. കെ. രാമകൃഷ്ണൻ:__ കൈവശമിരിക്കുന്നതിൽ പരിധിയിലധികമുള്ള ഭൂമി വീതിച്ചു കർഷകർക്ക് കൊടുത്താൽ പിന്നെ മഴക്കാറുകണ്ടു് മട വീഴുമെന്നുള്ള മനോവേദന ഉണ്ടാകുകയില്ലല്ലോ?

__ശ്രീ. ജോസഫ് ചാഴിക്കാട്ട്:__ മനോവേദന സഹിച്ച് പണം മുടക്കി കഷ്ടപ്പെട്ടു സമ്പാദിച്ചിരിക്കുന്ന ഭൂമി ഇന്ന് നിയമം ഉണ്ടാക്കി അവരുടെ കയ്യിൽനിന്നും പോകരുതെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇങ്ങനെ ബാക്കിയുള്ള ഭൂമി വീതിച്ചുകൊടുക്കണമെന്നു പറയുന്നവർ, ഈ രാജ്യത്തിലെ ബാങ്കുകളിലും ഖജനാവുകളിലും ആയിരമോ രണ്ടായിരമോ രൂപ വെച്ചിട്ടു ബാക്കിയുള്ളതു കർഷകത്തൊഴിലാളികൾക്ക് വിതരണം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഒരു അമെൻറുമെൻറു് കൊണ്ടുവരാത്തതെന്താണ്? പക്ഷെ അതു് കൊണ്ടുവരികയില്ല, കാരണം അങ്ങനെ കൊണ്ടുവരുന്നതു് ശരിയുമല്ല, ന്യായവുമല്ല, അവകാശവുമില്ല. അങ്ങനെ അവകാശമില്ലാത്ത മുതൽ വീതിച്ചുകൊടുക്കണമെന്നു പറയുന്നതും ശരിയല്ല. 1957 ഡിസംബർ 18-ാം തീയതിക്കു ശേഷമുണ്ടായ ആധാരങ്ങളും പ്രമാണങ്ങളും അസാധുവാണെന്നു പറയുന്നതു് ലോകത്തു എവിടെയെങ്കിലും നടപ്പിലുള്ള നീതിയാണോ? ഇന്നലെവരെ ശരിയാണെന്നും ന്യായമാണെന്നും നീതിയാണെന്നും ഗവണ്മെൻറു പറയുന്നതനുസരിച്ച് പ്രവർത്തിച്ചതെല്ലാം ഇന്നു് തെററാണെന്നു പറയുന്നതു് എവിടെയുള്ള ന്യായമാണ്? ഒരാളിന് അൻപതു് ഏക്കർ ഭൂമിയുണ്ടായിരുന്നു. അയാളുടെ ഒരു പെൺകുട്ടിയെ കെട്ടിക്കൊടുക്കുന്നതിന് പണം കൊടുക്കാൻ ഇല്ലാത്തതുകൊണ്ടു് ഒരു പത്തു് ഏക്കർ ഭൂമി 1958-ലോ 59-ലോ എഴുതിക്കൊടുത്തു. അതേപോലെ അയാൾക്കു കുറെ കടം ഉള്ളതു് തീർക്കുന്നതിനുവേണ്ടി അഞ്ചോ ആറോ ഏക്കർ ഭൂമിയും എഴുതിക്കൊടുത്തു. അതെല്ലാം അസാധുവാണെന്നും പിന്നെ മിച്ചമുള്ള ഭൂമി അയാൾക്കു് കൈവശം വെയ്ക്കാൻ പാടില്ലെന്നും വാദിക്കുന്നതു് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ കാര്യങ്ങൾ ചുരുക്കി പറയണം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഞാൻ ചുരുക്കി പറയാം. വളരെ പ്രധാനപ്പെട്ട കാര്യങ്ങളെപ്പററി പറഞ്ഞുകൊടുത്തു് നല്ല ഒരു വഴിക്കു് എല്ലാവരേയും കൊണ്ടുവരാൻ ഞാൻ ശ്രമിക്കുകയാണു്. 1957 ഡിസംബർ 18-ാംതീയതിക്കുശേഷം വല്ല കടവും ഉണ്ടെങ്കിൽ തീർക്കുന്നതിനുവേണ്ടി പത്തോ പതിനഞ്ചോ ഏക്കർ ഭൂമി വിൽക്കുകയാണെങ്കിൽ അതു് അസാധുവായി കണക്കാക്കണമെന്നു പറയുന്നതു് എന്തു ന്യായമാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഈ രാജ്യത്തു് ഉള്ള പൗരന്മാർ നിയമാനുസൃതമായി ചെയ്തിട്ടുള്ള പ്രമാണങ്ങൾ അസാധുവായി പരിഗണിക്കണമെന്നു പറയുന്നതു് ഒരിക്കലും ശരിയല്ല.

ശ്രീ. എൻ. ഇ. ബലറാം: ബഹുമാനപ്പെട്ട മന്ത്രി ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ അസാധുവാക്കിക്കഴിഞ്ഞാൽ ഭൂമിയും പണവും തിരിച്ചുകിട്ടുമെന്നു പറഞ്ഞിട്ടുണ്ടു്. അപ്പോൾ രണ്ടു തരത്തിലുള്ള ഗുണം കിട്ടുകയില്ലേ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഇവിടെ എഴുതിയിരിക്കുന്നതു് 1957 ഡിസംബർ 18-ാംതീയതിക്കുശേഷം ഞാൻ നേരത്തെ പറഞ്ഞതുപോലെ പ്രമാണങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ, അങ്ങനെ കൈമാററം ചെയ്ത ഭൂമിയും ചേർത്തു് പതിനഞ്ചു് ഏക്കർ തന്നിട്ടു് ബാക്കിയുള്ളതു് മിച്ചഭൂമിയായി കണക്കാക്കുമെന്നാണു്. അപ്പോൾ അതിന്റെ ഉദ്ദേശം ഒടുവിൽ ഒരിഞ്ചു ഭൂമിപോലും വരികയില്ലെന്നാണു്. ഒരാളിനു് കൈവശം മുപ്പതേക്കർ ഉള്ളതിൽ പതിനഞ്ചേക്കർ എന്തെങ്കിലും ആവശ്യത്തിനുവേണ്ടി 1957 ഡിസംബർ 18-ാംതീയതിക്കുശേഷം കൈമാററം ചെയ്തിട്ടുണ്ടെങ്കിൽ ബാക്കിയുള്ള പതിനഞ്ചേക്കർ അയാൾക്കു് കൈവശം വെയ്ക്കാൻ പാടില്ലെന്നാണു പറയുന്നതു്.

ശ്രീ. ഇ. പി. ഗോപാലൻ: പരിധിനിർണ്ണയത്തെ തോല്പിക്കാൻവേണ്ടി മാത്രം ഭൂമി കൈമാററം ചെയ്തിട്ടുണ്ടെങ്കിൽ അയാളുടെ പേരിലും ദയവു കാണിക്കണമെന്നാണോ പറയുന്നതു്?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അങ്ങനെ ആക്കെങ്കിലും ഭൂമി സ്വന്തമായിട്ടുള്ളതു് കൈമാററം ചെയ്തിട്ടുണ്ടെങ്കിൽ മററുള്ളവർക്കു് എന്താണു നഷ്ടമുള്ളതു്. ഒരാൾ കടം തീർക്കുന്നതിനോ മറെറന്തെങ്കിലും ആവശ്യത്തിനോ വേണ്ടി സ്വന്തം ഭൂമി വിററതിൽ മററുള്ളവർക്കു് ചോദിക്കാൻ എന്തവകാശമാണുള്ളതു്. വളരെ കഷ്ടപ്പെട്ടും പണം ചെലവാക്കിയും പിതാമഹന്മാർ ഉണ്ടാക്കിയിട്ടുള്ള ഭൂമിയിൽ അവകാശമില്ലെന്നു പറയുന്നതു് ശരിയാണോ?

ശ്രീ. കെ. രാഘവൻ: മിച്ച ഭൂമി ഭൂമിയില്ലാത്തവർക്കു് കൊടുക്കണമെന്നു് പ്രജാസോഷ്യലിസ്റ്റു് പാർട്ടി പറഞ്ഞിട്ടില്ലേ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഞാൻ എന്റെ അഭിപ്രായമാണു് പറയുന്നതു്. പ്രജാസോഷ്യലിസ്റ്റു് പാർട്ടിക്കു് എന്റെ അഭിപ്രായത്തോടു യോജിക്കാൻ സാധിച്ചില്ലെങ്കിൽ അതിൽ എനിക്കു് ഒരു വിരോധവുമില്ല. എന്റെ അഭിപ്രായം പറയുമ്പോൾ അതിൽ പാർട്ടിയുടെ അഭിപ്രായം പറഞ്ഞിട്ടു കാര്യമില്ല. അതുമായി ബന്ധപ്പെടുത്തേണ്ട ആവശ്യവുമില്ല. ഞാൻ പറയുന്ന അഭിപ്രായത്തിൽ പൂർണ്ണമായ ബോദ്ധ്യം എനിക്കുണ്ടു്. കാൺഗ്രസ്സ് പാർട്ടിയുടെ ഒരംഗം രണ്ടുമൂന്നു ദിവസത്തിനുമുമ്പു് പറയുന്നതു് കേട്ടു ഞാൻ ഈ പാർട്ടിയിൽ പെട്ടുപോയി അല്ലെങ്കിൽ കൈപൊക്കുകയില്ലായിരുന്നുവെന്നു് അങ്ങനെയുള്ള ഒരഭിപ്രായം എന്റെ പാർട്ടിയിലുള്ളവർക്കോ എനിക്കോയില്ല. ഞാൻ വളരെ കാര്യമായിട്ടുള്ള സംഗതികൾ മാത്രമാണു് ഇവിടെ പറയുന്നതു്. പിന്നെ എന്റെ ഭാഷയിൽ ഞാൻ സംസാരിക്കും. വേണമെങ്കിൽ എന്റെ ഈ പ്രസംഗം മുഴുവനും കവിതയിൽ പറയാം.

മി. സ്പീക്കർ: കവിതയിലൊന്നും പറയേണ്ട. ഇപ്പോൾ പറയുമതിരി പറഞ്ഞാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട്: എനിക്കു പറയുവാനുള്ളതു് 1957 ഡിസംബർ 18-ാം തീയതിക്കുശേഷമുള്ള ആധാരങ്ങൾ അസാധുവാണെന്നു പറയുന്നതു് ശരിയല്ല, അതു് ഇതിൽനിന്നും നീക്കംചെയ്യണമെന്നാണു്. അതിനു പകരമായിട്ടു് ഈ ബിൽ ഇവിടെ നിയമമാക്കി നടപ്പിലാക്കുന്നതുവരെയുള്ള ആധാരങ്ങൾ സാധുവാക്കി കണക്കാക്കണമെന്നാണു്. ഇതിൽ എന്തു അഭിപ്രായവ്യത്യാസം ഉണ്ടായാലും തരക്കേടില്ല. ഇതിൽ പലക്കും അഭിപ്രായവ്യത്യാസമുണ്ടാകാം പക്ഷെ ഇതെന്റെ അഭിപ്രായമാണു്. ഞാൻ പറയുന്നതു് ശരിയാണെന്നുള്ള വിശ്വാസം എനിക്കുണ്ടു്. ഞാൻ പറയുന്നതു് വിശ്വസിക്കുന്നതു് തെററാണെന്നു വിശ്വസിക്കുന്നവരും അനവധി ഉണ്ടു്. കർഷകത്തൊഴിലാളികൾക്കു് ഭൂമി വീതിച്ചുകൊടുക്കണമെന്നു പറയുന്നവർ ഉത്തമവിശ്വാസത്തോടുകൂടിയല്ല. അഞ്ചേക്കറും പത്തേക്കറുമെല്ലാം കിട്ടുമെന്നു വിചാരിച്ചുകൊണ്ടിരിക്കുന്ന കർഷകത്തൊഴിലാളികളായ സ്നേഹിതന്മാരോടു് എനിക്കു പറയുവാനുള്ളതു്, നിങ്ങൾക്കു് ഒന്നും കിട്ടുവാൻ പോകുന്നില്ലെന്നാണു്. നിങ്ങൾക്കു് വല്ല വേലയും എടുത്താലേ ഇനിയും ജീവിക്കാൻ സാധിക്കുകയുള്ളു. മദ്രാസിലോ മൈസൂറിലോ ആണെന്നാണു് എന്റെ ഓർമ്മ. ഭൂപരിഷ്ക്കരണനിയമം പാസ്സാക്കിയതിനുശേഷം സീലിംഗ് വരെ ഭൂമി കൈവശം വെച്ചിട്ടു് ബാക്കി കൈമാററം ചെയ്യുന്നതിനോ വില്ക്കുന്നതിനോ ഉള്ള കാലാവധി മൂന്നുവർഷത്തേക്കു് കൊടുക്കുകയുണ്ടായി. അതിനുശേഷം സീലിംഗിൽ അധികം ഒരിഞ്ചു ഭൂമിപോലും ഇരിക്കാൻ സാദ്ധ്യമല്ല. എനിക്കു പറയുവാനുള്ളതു് 1965 ജനുവരി ഒന്നാം തീയതിക്കുശേഷം ഈ രാജ്യത്തു് ഒരാളിന്റെ കൈവശം പത്തേക്കറിൽ കൂടുതൽ ഭൂമി ഉണ്ടായിരിക്കാൻ പാടില്ലെന്നു ഒരു നിയമം പാസ്സാക്കുകയാണെങ്കിൽ അതു് ശരിയാണു്. അതിനെപ്പററി മനസ്സിലാക്കുകയും ചെയ്യാം. അല്ലാതെ 1963-ൽ ഒരു നിയമം കൊണ്ടുവന്നിട്ടു് 1957 ഡിസംബർ 18-ാം തീയതിക്കു ശേഷമുള്ള കൈമാററം അസാധുവാണെന്നു പറഞ്ഞാൽ അതു ശരിയല്ല. മനസ്സിലാക്കാൻ സാദ്ധ്യവുമല്ല. അതുകൊണ്ടു് ഇങ്ങനെയുള്ള നിയമം കൊണ്ടുവരുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം ശ്രദ്ധിക്കണം. ഞാൻ എന്റെ കടം വീട്ടുന്നതിനു് 15 ഏക്കറിൽ കൂടുതലുള്ള ഭൂമി വിററു് കടം വീട്ടാമെന്നിരിക്കെ ബാക്കി വസ്തു എനിക്കു അനുഭവിപ്പാൻ പാടില്ലെന്നു ഒരു നിയമം കൊണ്ടുവരുന്നതു് ശരിയാണോ, നീതിയാണോ? ''പിതാവേ ഇവരോടു ക്ഷമിക്കേണമേ'' എന്നു പ്രാർത്ഥിക്കുകയല്ലാതെ എന്തു ചെയ്യാനാ. കാൺഗ്രസ്സുകാരായ ആളുകൾക്കുപോലും ഇങ്ങനെയൊരു നിയമം കൊണ്ടുവരുന്നതു് തെററാണെന്നറിയാം. തൊഴുത്തിനകത്തെ കാളയ്ക്കു് കയറുകിടക്കുന്നതുകൊണ്ടു് ഒന്നും പറയുവാൻ നിവൃത്തിയില്ലല്ലോ. കൈപൊക്കാനേ നിവൃത്തിയുള്ളു. ഈ വശത്തിരിക്കുന്ന ഞങ്ങൾകൂടി പറയുന്നതു് ബഹുമാനപ്പെട്ടമന്ത്രി ഒന്നു ശ്രദ്ധിക്കണം. വാസ്തവത്തിൽ ഇതിന്റെ ഫലം എന്താണു്? സീലിംഗിന്റെ കണക്കുവരുമ്പോൾ നിയമത്തിൽ പറഞ്ഞിട്ടുണ്ടു്, നിങ്ങൾക്കു് 15 ഏക്കർ ഭൂമി തീറാധാരം തന്നിട്ടുണ്ടെങ്കിൽ പിന്നെ ഒരിഞ്ചുഭൂമിപോലും നിങ്ങൾക്കു് തരാൻപാടില്ലെന്നു്. അവന്റെ കുടികിടപ്പിലുള്ള നാലോ അഞ്ചോ ആറോ സെൻറു ഭൂമിപോലും അവനു കൊടുക്കുന്നതിനു് നിയമത്തിൽ വ്യവസ്ഥകളില്ല. ഈ കണക്കനുസരിച്ചു് അവനെ അവന്റെ ഭൂമിയിൽനിന്നു് ഇറക്കിവിടത്തക്ക ഒരു നിയമം ഉണ്ടാക്കുന്നതു് ശരിയാണോ? ''വാലുള്ള വാനരന്മാർക്കുപോലും'' പററാത്ത ഒരു നിയമമാണു് ഇതു്.

എന്റെ അടുത്ത ഭേദഗതി നമ്പർ 1584 ആണു്. ഫലത്തിൽ വരുന്നതു് ഇതാണു്. ഒട്ടും സ്ഥലം കൊടുക്കുകയില്ലെന്നാണല്ലോ പറയുന്നതു്. അതുകൊണ്ടു് നിയമമനുസരിച്ചു് അവർക്കു് കൊടുക്കുന്ന ഭൂമി കഴിച്ചു് ഈ സ്റ്റാംഹോംഡേഴ്സിനു് ഇത്ര ഭൂമി കൈവശം വയ്ക്കാമെന്നുണ്ടല്ലോ, അത്രയും ഭൂമി അവർക്കു് കൈവശം വയ്ക്കുന്നതിനു് അനുവാദം കൊടുക്കുക എന്നുള്ളതാണു് എന്റെ അടുത്ത ഭേദഗതി. ഈ സ്റ്റാംഹോംഡേഴ്സിനു് നാലേക്കർ ഭൂമി കൈവശം വയ്ക്കാമെന്നുണ്ടല്ലോ. അതുകൊണ്ടു് ഒരിഞ്ചുഭൂമിപോലും കൊടുക്കുകയില്ലെന്നു പറയുന്നതിനു പകരം സ്റ്റാംഹോംഡേഴ്സിനുള്ളതെങ്കിലും അവർക്കു കൊടുക്കണം. അതു പറഞ്ഞപ്പോൾ എനിക്കു് ഭഗവദ്ഗീതയിൽ ദുര്യോധനനോടു് ശ്രീകൃഷ്ണൻ പറഞ്ഞ വാക്കുകളാണു് ഓർമ്മ വരുന്നതു്.

2/753/S

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

"ഇക്കാലം പാതിരാജ്യം
പകുത്തു കൊടുക്ക നീ

അതായതു് ന്യായമായി കിട്ടാനുള്ള ഭൂമി മുഴുവൻ കൊടുക്കുക, അതല്ലെങ്കിൽ

"എങ്കിലൊരഞ്ചുദേശ—
മിരിപ്പാൻ കൊടുക്ക നീ
സങ്കടമാക്കും വേണ്ടാ
നാശവുമുണ്ടാകേണ്ടാ

മുഴുവൻ ഭൂമിയും കൊടുക്കാൻ നിവൃത്തിയില്ലെങ്കിൽ സ്റ്റാംഹോംഡേഴ്സിനു് കൊടുക്കുന്ന ഭൂമിയെങ്കിലും കൊടുക്കുക, അതായതു് നാലേക്കർ ഭൂമി എങ്കിലും കൊടുക്കുക. അതിനും നിവൃത്തിയില്ലെങ്കിൽ

"അതിനും മടിയെങ്കിലെവക്കും
കൂടിയൊരു
സദനം നാട്ടിലൊരു
ഭാഗത്തു കൊടുക്ക നീ.

അതായതു് അവനു് സുഖമായി ജീവിക്കുന്നതിനുള്ള ഭൂമിയെങ്കിലും കൊടുക്കുക. 50 ഏക്കർ വസ്തുവിന്റെ ഉടമസ്ഥനായിരിക്കുന്ന ഒരാൾക്കു് 15 ഏക്കർ ഭൂമി കൊടുക്കുന്നതിനു പകരം അവനു് സുഖമായി ജീവിക്കുന്നതിനുള്ള ഭൂമി എങ്കിലും ഒഴിച്ചുകൊടുക്കാതെ മുഴുവൻ ഭൂമിയും എടുക്കുന്നതു് ശരിയല്ല. അതിനു പറഞ്ഞ മറുപടി ഇതാണു്.

"സൂചകനാകും നിന്റെ
വാക്കുകൾ കേൾക്കുംതോറും
സൂചിതൻ മുനകൊണ്ടു
കുത്തുവാനുള്ള നിലം
കൊടുക്കും ഞാനെന്നതു
നിനച്ചിടേണ്ടായതും
പടയു വരുന്നാകിൽ
കണ്ടുപോകണം തന്നെ."

അതല്ലെങ്കിൽ നമുക്കു് പിന്നീടു കണ്ടുകൊള്ളാമെന്നാണു് എനിക്കു പറയുവാനുള്ളതു്. അപ്പോൾ ഇവിടെ മൂന്നു കണ്ടീഷനാണു് വരുന്നതു്. ഒന്നു നിയമമനുസരിച്ചു് ചെയ്തിട്ടുള്ള സംഗതികൾ, ആധാരവും പ്രമാണവും വകവച്ചുകൊണ്ടു അവനു് ന്യായമായി കൈവശം വസ്തുവായുള്ള ഭൂമി മുഴുവൻ കൊടുക്കണം. അതിനും മടിയെങ്കിൽ 'എങ്കിലൊരഞ്ചുദേശമിരിപ്പാൻ കൊടുക്ക നീ'. അതായതു് സ്റ്റാംഹോംഡേഴ്സിനു് കൈവശം വസ്തുവായുള്ള ഭൂമിയുടെ അനുഭവമെങ്കിലും അവനു വിട്ടുകൊടുക്കണം. അതല്ലെങ്കിൽ അവനു സുഖമായി ജീവിക്കാനുള്ള ഭൂമിയെങ്കിലും വിട്ടുകൊടുക്കണം. ഒരു കുടുംബത്തിൽനിന്നു് 50 ഏക്കർ ഭൂമി എടുത്താൽ ആ കുടുംബത്തിനു് നിയമപ്രകാരം കൊടുക്കാവുന്ന ഭൂമി കൊടുത്തതിനു ശേഷം ആ കുടുംബത്തിന്റെ കൈവശഭൂമിയിൽനിന്നും ആ കുടുംബത്തിനു് ഉപജീവനം കഴിക്കത്തക്കവണ്ണം രണ്ടുമൂന്നേക്കർ ഭൂമി ആ കുടുംബത്തിനു് വിട്ടുകൊടുക്കേണ്ടതാണു്. അതിനെതിരായി ദുര്യോധനൻ പറഞ്ഞ മറുപടി പറയുകയില്ലെന്നും ഈ തൊറ്റു വരുന്ന അവസരത്തിൽ നാലഞ്ചു് ഏക്കർ ഭൂമിയെങ്കിലും അവനു് കിട്ടത്തക്കവിധത്തിൽ, മുഴുവൻ ഭൂമി എടുക്കാതിരിക്കാൻ വേണ്ടിയുള്ള ഒരു ഭേദഗതി ചെയ്യേണ്ടതാണു്. അവന്റെ മുഴുവൻ ഭൂമിയും എടുക്കുക എന്നു പറഞ്ഞാൽ അതു വളരെ കഷ്ടമാണു്. ഒരു കുടുംബത്തിനു് 15 ഏക്കർ ഭൂമിയുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

യിരിക്കുകയും അതു കൂടാതെ പരിധിയിൽ കവിഞ്ഞുള്ള ഭൂമി മുഴുവൻ എടുക്കുകയും ചെയ്യുന്നതു് നീതിയല്ലെന്നു പറഞ്ഞാൽ അതു് ശരിയല്ലയോ. ഈ സ്ഥിതിയിൽ ചെറുകിട കർഷകർക്കു് നിയമം പാസ്സാക്കിയിട്ടുണ്ടല്ലോ. ആ നാലേക്കർ ഭൂമിയെങ്കിലും അവനു കൊടുക്കണം. ആ നിലയിൽ വകുപ്പില്ലെങ്കിൽ ആ ഭൂമി പരിശോധിച്ചു് ലാൻഡു് ട്രൈബ്യൂണലുകൾ അവിടെ ചെന്നു നോക്കിയതിനുശേഷം ആ കുടുംബത്തിന്റെ ആവശ്യത്തിനു് കഷ്ടിച്ചു ജീവിക്കുവാൻ വേണ്ടി മാത്രം മേൽആദായം കിട്ടത്തക്കവണ്ണം ഒരേക്കറോ രണ്ടേക്കറോ മൂന്നേക്കറോ ഇങ്ങനെ എഴുതി അവനു് മര്യാദയോടു ജീവിക്കുന്നതിനു് അത്യാവശ്യം വേണ്ടതായ ഭൂമി ഒഴിച്ചു് ബാക്കി ഭൂമി മാത്രമേ പരിധിയിൽ എടുക്കാവൂ എന്നൊരു ഭേദഗതി കൊണ്ടുവരണം. അതല്ലെങ്കിൽ അവനു്, ചെറുകിടകൃഷിക്കർ എന്നുള്ള നിയമം കൊണ്ടുവന്നപ്പോൾ അവർക്കു് അനുഭവം എടുക്കാവുന്ന, കൈവശം വച്ചുകൊണ്ടിരിക്കാവുന്ന ഭൂമി കൊടുക്കണം. അങ്ങനെ റവന്യൂമന്ത്രിയുടെ മുഖത്തു് ഒരു മാററം കാണുന്നതുവരെ ഞാൻ ഇതു പറഞ്ഞുകൊണ്ടിരിക്കും. എന്തുകൊണ്ടെന്നാൽ അത്ര പ്രധാനപ്പെട്ട ഒരു സംഗതിയാണു് ഇതു. ഉദ്യോഗസ്ഥൻമന്ത്രി ശരിയായി കേൾക്കാൻവേണ്ടി പറയുകയാണു്. അതു രണ്ടും സാദ്ധ്യമല്ലെങ്കിൽ വേല എടുത്തു് അവന്റെ അപ്പനപ്പൂപ്പന്മാർ സമ്പാദിച്ചു കൊടുത്ത ഭൂമിയിൽ അവന്റെ ഉപജീവനമാർഗ്ഗത്തിനുവേണ്ടി നാലഞ്ചു ഏക്കർ ഭൂമിയെങ്കിലും, പ്രത്യക്ഷമായി അവന്റെ കൈവശഭൂമി ചെന്നുനോക്കിയതിനുശേഷം അവനു് കാലായാപനം കഴിക്കുന്നതിനുള്ള ഭൂമി എത്രയാണെന്നുള്ളതു് തീരുമാനിച്ചു് അത്രയും ഭൂമി അവനു് വിട്ടുകൊടുക്കത്തക്കവണ്ണം ഈ നിയമത്തിൽ ഭേദഗതി ഉണ്ടാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം ഉപസംഹരിക്കുന്നു.

ശ്രീ. ആർ. കൃഷ്ണൻ : സർ, ഈ വകുപ്പിന്റെ എക്സ്പ്ലനേഷനിൽ ഉള്ള ഐററം ഒന്നും രണ്ടും ഡെലീററു ചെയ്യണമെന്നുള്ളതാണു് എന്റെ ഭേദഗതി.

Delete item (i) and (ii) in the Explanation in clause 83 (1) കഴിഞ്ഞ വകുപ്പിനെപ്പററി ചർച്ചചെയ്ത അവസരത്തിൽ പറഞ്ഞതിനെക്കാൾ കുറെക്കൂടി ചിന്തിച്ചു കൈകാര്യം ചെയ്യാനുള്ള ഒരു എക്സ്പ്ലനേഷനാണു് ഇതെന്നാണു് എന്റെ അഭിപ്രായം. കാരണം എന്താണെന്നുവച്ചാൽ 1957-നുശേഷം നിയമനിർമ്മാണങ്ങളെ ഭയന്നിട്ടു് ചെറിയ കുട്ടികൾക്കുപോലും പാർട്ടീഷ്യൻ ചെയ്തു കൊടുത്തിട്ടുള്ള എത്രയോ അനുഭവങ്ങളുണ്ടു്. രജിസ്റ്റർ ആഫീസുകളിലുള്ള രേഖകൾ പരിശോധിച്ചാൽ 6 മാസം പ്രായമായ ചെറിയ കുട്ടികൾക്കുപോലും ഭാഗം വച്ചുകൊടുത്തിട്ടുള്ളതായി അറിയാം.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : കൊടുത്തവന്റെ മകൻ തന്നെയല്ലേ ?

ശ്രീ. ആർ. കൃഷ്ണൻ : മകൻതന്നെയാണു്. ഒരാളിന്റെ കൈയ്യിൽ 60 ഏക്കർ ഭൂമിയുണ്ടെന്നു വയ്ക്കുക. അവിടെ 3 മൈനറായിട്ടുള്ള കുട്ടികൾ ഉണ്ടെന്നിരിക്കട്ടെ, മൂന്നു മൈനർമാർക്കുമായി ഓരോ സീലിംഗ് അതായതു് 12 സ്റ്റാൻഡേർഡു് ഏക്കർ വീതം ഭാഗം കഴിച്ചുവയ്ക്കും. ഭാര്യയ്ക്കാണെങ്കിൽ സീലിംഗ് വരെ സ്നേഹമാത്സര്യത്തിന്റെ പേരിൽ എഴുതിവച്ചിട്ടുണ്ടു്. അതിനുശേഷം പിന്നെയും ഒരു സീലിംഗ്‌വരെ ബാക്കിയുണ്ടെങ്കിൽ, അതു് സീലിംഗ് ഏരിയാ എന്നുള്ള നിലയ്ക്കു് അയാൾക്കു് അതു് കൈവശം വയ്ക്കാനുള്ള അവകാശം കിട്ടുന്നു. ഇങ്ങനെ വരികയാണെങ്കിൽ 60 സ്റ്റാൻഡേർഡു് ഏക്കർവരെ കൈവശം വയ്ക്കാനുള്ള അവസരം കിട്ടുകയാണെങ്കിൽ പിന്നീടു് മിച്ചഭൂമിയെപ്പററി പറയേണ്ടതായിട്ടില്ല. ഇതിനെപ്പററി ഇവിടെ വളരെയധികം മററു സ്നേഹിതന്മാർ സംസാരിച്ചുകഴിഞ്ഞിട്ടുണ്ടു്. ശ്രീ. ഭാസ്കരൻനായർ 82-ാം വകുപ്പു് ചർച്ച ചെയ്ത അവസരത്തിൽ ഒരു ചോദ്യം ചോദിക്കുകയുണ്ടായി. ശ്രീമാൻ ഭാർഗ്ഗവനോടു്, ഇതൊക്കെ മുൻനിയമത്തിലും ഉള്ളതല്ലേ എന്നു് മുൻനിയമത്തിലും ഉള്ളതല്ലേ എന്നു്. മുൻ നിയമത്തിൽ ഈ വകുപ്പുകളുണ്ടു്. പക്ഷേ മുൻനിയമം 1957-നുശേഷമുള്ള ഇത്തരം ഭാഗങ്ങളും, ദാനങ്ങളും എല്ലാം നിയമവിരുദ്ധമാക്കുന്നു. അതിനുശേഷം എത്രയോ ആളുകൾ നിയമത്തെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. കൃഷ്ണൻ]

തോല്പിക്കാൻവേണ്ടി ഇത്തരത്തിലുള്ള ഭാഗപത്രങ്ങൾ ചെയ്തിട്ടുണ്ടു്. ഇപ്പോൾ ഇവിടെയും അതു് അംഗീകരിക്കുകയാണെങ്കിൽ വളരെ ബുദ്ധിമുട്ടാണു്. മുൻ നിയമത്തിലെ വകുപ്പുകളെ സംബന്ധിച്ചു് അനാവശ്യമായിട്ടു് ഭരണകക്ഷിയംഗങ്ങൾ വോട്ടു ചെയ്യാറുണ്ടു്. സൗകര്യത്തിനുവേണ്ടി മുൻ നിയമത്തിലുള്ള ചില വകുപ്പുകളുടെ മറ പിടിച്ചുകൊണ്ടു് ഇങ്ങനെ പറയുന്നതു് എന്തിനുവേണ്ടിയാണു്. ഇതു പറയുമ്പോൾ എനിക്കൊരു ചെറിയ കാര്യമാണു് ഓർമ്മ വരുന്നതു്. "ഷണ്ഡനാം പിതാവിന്റെ പുത്രവാത്സല്യംപോലെ" എന്നു മാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളു. എന്നുവച്ചാൽ സ്വന്തം ഭാര്യയുടെയാണെങ്കിലും ഷണ്ഡനായ പിതാവു് അദ്ദേഹത്തിന്റെ കുട്ടിയെ എടുത്തു താലോലിക്കുന്ന മട്ടാണു് ഇവിടെ കാണുന്നതു്. അത്തരമൊരു പിതാവിന്റെ പുത്രവാത്സല്യം കാണിക്കുന്നമാതിരിതന്നെ, അരോചകമാണെങ്കിലും സൗകര്യത്തിനുവേണ്ടി ഈ ബില്ലിലുള്ള വകുപ്പുകളെ എടുത്തുദ്ധരിച്ചു് അതിന്റെ മറവിൽ രക്ഷപ്പെടാൻ നോക്കുക എന്നുള്ളതാണു് ഇതിന്റെ ഉദ്ദേശം. യഥാർത്ഥത്തിൽ സീലിംഗ് ആവശ്യമാണു്. പരിധിയിൽക്കവിഞ്ഞുള്ള മിച്ചഭൂമി അർഹിക്കുന്ന ആളുകൾക്കു കൊടുക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ തീർച്ചയായിട്ടും ഇത്തരത്തിലുള്ള ഭാഗങ്ങളിലും, ദാനപത്രങ്ങളിലും കവിഞ്ഞുവരുന്ന ഭൂമി ഒരാളുടെ കൈവശമുണ്ടെങ്കിൽ ആ ഭൂമി തീർച്ചയായിട്ടും ഗവണ്മെന്റിനു സറണ്ടർ ചെയ്യാൻ പ്രേരിപ്പിക്കത്തക്ക നിലയിൽ മാററി എഴുതണം. എന്റെ ഭേദഗതി സ്വീകരിക്കണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ലാൻഡു് ബോർഡിനു് സറണ്ടർ ചെയ്ത ഭൂമിയെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും വിധത്തിലുള്ള ഇൻററസ്ററുണ്ടെങ്കിൽ ആ ആളിന്റെ ആക്ഷേപം കേൾക്കാതെ എക്സ്പാർട്ടിയായിട്ടാണു് സറണ്ടർ നടപടി നടക്കുന്നതെങ്കിൽ അങ്ങനെയുള്ള ആളിനു് ആക്ഷേപം കൊടുക്കാമെന്നും, ആക്ഷേപം കൊടുക്കുന്നതിനു് രണ്ടു മാസത്തെ കാലാവധി അനുവദിക്കുമെന്നും, ഈ കാലായളവിനുള്ളിൽ ആക്ഷേപം കൊടുത്താൽ, സറണ്ടറിനുവേണ്ടി ലാൻഡു് ബോർഡു എടുത്തിട്ടുള്ള നടപടികൾ റദ്ദായിപ്പോകുമെന്നാണു് ഇവിടെ പറഞ്ഞിട്ടുള്ളതു്. അപ്പീൽ കൊടുക്കാൻ 60 ദിവസമാണു് കാണിച്ചിരിക്കുന്നതു്. ഈ ബില്ലു് ഉണ്ടാക്കി നടപ്പിൽവരുത്താനാണു് ആഗ്രഹിക്കുന്നതെങ്കിൽ ഇത്രയും സമയം (60 ദിവസം) കൊടുക്കേണ്ട കാര്യമില്ല. എന്നാൽ ന്യായമായി ഒരാളിന്റെ അടുത്തുനിന്നു് പരാതി കേൾക്കാനുള്ളതു് കേട്ടില്ലെന്നു വരുകയാണെങ്കിൽ അയാൾക്കു പരാതിപ്പെടാനും, അതിനുള്ള തീരുമാനമെടുക്കാനും സമയം വേണം. അതിനു് 30 ദിവസം കൊടുത്താൽ ധാരാളം മതിയാകും, അതുകൊണ്ടു് ഇപ്പോൾ കൊടുത്തിരിക്കുന്ന 60 ദിവസമെന്നുള്ളതു മാററി 30 ദിവസം എന്നംഗീകരിക്കണമെന്നാണു് എന്റെ ഭേദഗതി. ഇതു് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

Smt. K. R. Gouri: Sir, I may be permitted to move amendment No. 1641 also.

Mr. Speaker: Yes.

Smt. K. R. Gouri: I move the following amendment:

In clause 83(1), in the proviso in line six' after the words 'under the provisions of this Act' add "and intimates the fact in writing to the authority competent to receive surrender under this section."

ഇതു കൊണ്ടുദ്ദേശിക്കുന്നതു് പരിധിയിൽ കവിഞ്ഞ ഭൂമിയുള്ളതു് ഒഴിപ്പിക്കത്തക്കതാണെന്നും ഒഴിയുമെന്നും ആത്മാർത്ഥമായി വിചാരിക്കുകയും, ആ വിധം മിച്ചഭൂമി ഏററുവാങ്ങുന്ന ഉദ്യോഗസ്ഥനെ അറിയിക്കുകയും ചെയ്യണമെന്നുള്ള വിധത്തിലാണു് ഭേദഗതി കൊടുത്തിരിക്കുന്നതു്. നിലവിലുള്ള വകുപ്പിൽ ബോണഫൈഡിയായിട്ടു് ബിലീവു് ചെയ്താൽ മതി. ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരിക്കുന്നതു് "Provided that where any person *bona fide* believes that the ownership or possession of any land owned or held by him or by the members of his family is liable to be purchased by the cultivating tenant or to be resumed by the landowner or the intermediary under the provisions of this Act, the extent of the land so liable to be purchased or to be resumed shall not be taken into account in calculating the extent of the land to be surrendered under this sub-section എന്നാണു്.

എന്റെ ഭേദഗതി അനുസരിച്ചു് ബോണഫൈഡി ബിലീവ് ചെയ്താൽ മാത്രം പോരാ. ഈ വിവരം ഉദ്യോഗസ്ഥനെ അറിയിക്കുകയും ചെയ്യണമെന്നാണു് "under the provisions of this Act" എന്നു കഴിഞ്ഞതിനുശേഷം "intimated the fact in writing to the authority competent to receive surrender under this section" എന്നു കൂട്ടിച്ചേർക്കാനാണു്. ഒരാൾ ഇന്നുള്ളപോലെ ഒഴിഞ്ഞുകൊണ്ടുപോകാൻ സാദ്ധ്യതയുണ്ടെന്നുള്ള വിവരം സറണ്ടർ ഭൂമി ഏറ്റുവാങ്ങുന്ന ഉദ്യോഗസ്ഥനെ എഴുതി അറിയിക്കണമെന്നു മാത്രമേ ഉള്ളൂ. അങ്ങനെയായാൽ ആഫീസർ ഇതേപ്പറ്റി അന്വേഷണം നടത്താനുള്ള ചാൻസ് ഉണ്ടാവും. ശ്രീ. ചാഴികാട്ടു് പറഞ്ഞതുപോലെ എല്ലാം ഉണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു. ഇനി ചെയ്യുന്ന പ്രവൃത്തിയിലെങ്കിലും ആഫീസർക്കു് അന്വേഷണം നടത്താനുള്ള ചാൻസ് ഉണ്ടാക്കണമെന്നാണു എനിക്കു പറയുവാനുള്ളതു്. അതുകൊണ്ടു് ഇതു സ്വീകരിക്കണമെന്നുമാത്രം എനിക്കു പറയുവാനുള്ളതു്.

Shri P. T. Chacko : Two divergent views were expressed here, one by the main Opposition to the effect that all transfers after the 18th day of December 1957 should be declared void, and the other, of course, by one of the representatives of the Praja Socialist party to the effect that no transfers prior to the coming into force of the Act should be ineffective.

ശ്രീ. പി. വിശ്വംഭരൻ : അതു് അദ്ദേഹത്തിന്റെ അഭിപ്രായം മാത്രമാണു്, പാർട്ടിയുടെ അഭിപ്രായമല്ലെന്നു് അദ്ദേഹം പറഞ്ഞല്ലോ ?

Shri P. T. Chacko : That is what I said. Well, I don't say that was the view of the Praja Socialist Party.

ശ്രീ. എം. നാരായണക്കുറുപ്പു് : ഒരു പാർട്ടിയുടെ നേതാവില്ലാതിരിക്കെ ഡെപ്യൂട്ടി നേതാവു പറയുന്നതു് പാർട്ടിയുടെ അഭിപ്രായമായി പരിഗണിച്ചുകൂടേ ?

Shri P. T. Chacko : Now the view taken by the Government is a middle course that all transfers after 18th December 1957 up to the commencement of the Act are ineffective as regards the transferer and they are not ineffective or void as regards the transferee. I have already given the reason for adopting such a middle course.

I can also add Sir, that there would not be any injustice in doing so, because the transferer has parted with the property and he has received the consideration for that. Since he has received the consideration which naturally would be in excess of what would be provided when excess land is surrendered. There is no injustice in asking him to surrender whatever land is left with him. I would only request the House to accept this middle course.

LIBRARY ARCHIVES Kerala Legislative Assembly

Amendment No. 1461 moved by Smt. K. R. Gouri was put and lost.

Amendment No. 1641 moved by Smt. K. R. Gouri was put and lost.

Mr. Speaker : Shri P. Krishnan not in his set.

Amendments Nos. 1700, 1701 moved by Shri R. Krishnan, were withdrawn by leave of the House.

Amendments Nos. 1583, 1584, 1585, moved by Shri Joseph Chazhicatt were withdrawn by leave of the House.

Amendment No. 1702 moved by Shri P. K. Kunjachan, was put and lost.

Amendment No. 1484 was put and carried namely.

In clause 83, after sub-clause (3), the following sub-clause shall be inserted, namely.—

"(3A) Where a member of a joint family surrenders under this section any land belonging to the joint family and the surrender is accepted by the Land Board with or without modification in extent or identity of the lands surrendered, he shall be deemed to have become divided in status from the other members of the family, with effect from the date of the surrender, and the lands the surrender of what has been accepted shall be deemed to have been lands allotted to the share of such member on partition."

Amendment No. 1485 was put and carried namely:—

In clause 83, in sub-clause (4) for item (c) the following item shall be substituted, namely.—

"(c) by order, determine the extent and identity of the land to be surrendered."

The question that clause 83, as amended, stand part of the Bill was put and carried.

Clause 83, as amended, was added to the Bill.

Clause 84.

Shri P. T. Chacko: I move amendment No. 1703:

In clause 84, in sub-clause (4), for the last sentence, the following sentence shall be substituted, namely:—

"Where the ownership of any such land is surrendered or assumed, the rights of the intermediary, if any, in respect of the land shall stand extinguished; and where the possession of any such land is surrendered by, or assumed from, a cultivating tenant, the ownership of such land shall vest in the Government and the rights of the intermediary, if any, in respect of the land, shall stand extinguished."

LIBRARY ARCHIVES Kerala Legislative Assembly

The amendment was put and carried.

The question that clause 84, as amended, stand part of the Bill was put and carried.

The clause, as amended, was added to the Bill.

Clause 85.

Shri P. K. Kunjachan: I move:

1704. In clause 85 (1) in line 11, substitute "three months" instead of 'six months'.

പരിധിയിൽ കവിഞ്ഞ ലാൻഡ് പാരിതോഷികമായിട്ടോ, മറ്റേതെങ്കിലും രീതിയിലോ ഒരാൾക്ക് ലഭിച്ചാൽ അത് 6 മാസത്തിനകം സറണ്ടർ ചെയ്താൽ മതിയെന്നാണ് 85-ാം ക്ലാസിൽ പറഞ്ഞിരിക്കുന്നത്. ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മൾ നിയമം ഉണ്ടാക്കുന്നത് കഴിയുന്നത്രവേഗം നടപ്പിൽ വരുത്തണമെന്നാഗ്രഹിച്ചുകൊണ്ടാണെങ്കിൽ, ഇങ്ങനെ ഓരോ വകുപ്പുവരുമ്പോഴും ഇങ്ങനെ സമയം കൊടുക്കേണ്ട ആവശ്യമില്ല. ഒരാൾക്ക് പരിധിയിൽ കവിഞ്ഞ ഭൂമി കിട്ടിക്കഴിഞ്ഞാൽ അറിയാൻ അധികം സമയമെടുക്കുകയില്ല. ആ നിലയ്ക്ക് സറണ്ടർ ചെയ്യുന്നതിന് 3 മാസത്തെ ഇട കൊടുത്താൽ ധാരാളം മതിയാകും. പിന്നെ ഇങ്ങനെ ഒന്നു നടക്കേണ്ട എന്നാണെങ്കിൽ 6 മാസമോ, ഒരു കൊല്ലമോ, രണ്ടു കൊല്ലമോ എത്രവേണമെങ്കിലും ഇട കൊടുക്കാം. അതുകൊണ്ട് 6 മാസം കൊടുക്കുന്നതു ശരിയല്ല. 6 മാസമെന്നുള്ളത് 3 മാസമായിട്ട് കുറയ്ക്കണമെന്നാണ് എന്റെ ഭേദഗതി. ഇത് അംഗീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. ടി. ചാക്കോ: ഈ ഭേദഗതി ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ട് ഇത് അംഗീകരിക്കുന്നില്ല.

Shri P. K. Kunjachan: I press my amendment.

Amendment No. 1704 moved by Shri Kunjachan was put and lost.

The question that clause 85 stand part of the Bill was put and carried.

Clause 85 was added to the Bill.

Clause 86.

Shri P. T. Chacko: I move amendment Nos. 1705 & 1707:

1705. In clause 86, for sub-clause (1), the following sub-clause shall be substituted, namely:

"(1) Where ownership or possession or both of any land is surrendered by, or assumed from, a person or is vested in the Government under Section 84 or Section 85, such person shall be entitled to compensation. Where the rights of an intermediary are extinguished, such intermediary shall also be entitled to compensation."

1707. In clause 86, in sub-clause (3), for the words 'for the surrender or assumption of their rights', the words "for the surrender, assumption, vesting in the Government, or extinguishment of their rights" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

Shri R. Krishnan: I move amendments Nos. 1586, 1587, 1706 and 1709:

1586. In clause 86, (2) after the words 'land shall' and before the word "be" insert "the market value not exceeding Rs. 1,00,000".

1587. In clause 86 (2) at the end after the fullstop add as follows:

"and if the market value exceeds Rs. 1,00,000 the compensation shall be 45 per cent of the market value".

1706. In clause 86 (2), in line 3, delete the words "Fifty-five per cent" and substitute the words "Forty per cent."

1709. In clause 86 (3) explanation, add, at the end, the following:

"and the market value of the improvements, if any".

Shri Joseph Chazhikkatt: I move amendment No. 926 and 1379;

926. In clause 86 (2) at the end after "if any thereon" add "and the full value of structures, wells, kayalas (കയ്യാല or കശാല) and embankments."

1379. In clause 86 (2), delete "fifty-five per cent thereon" and add the following:

"(i) The market value of land and improvement if any;

(ii) Full value of structures, wells, channels, and embankments of a permanent nature;

(iii) Full value of valuable trees;

(iv) Improvements for the protection of the soil and the trees and plants."

Shri K. Krishnan; I move amendment No 1718:

1718. In clause 86, recast sub-clauses (2) and (3) as follows:

"(2) The compensation payable to a landowner, intermediary and tenant for the surrender or assumption of ownership and possession of land shall be the aggregate of

(a) the full value of any structures, wells, improvements and embankments of a permanent nature situate in the land and belonging to him;

(b) fifty per cent of the market value of the land",

Shri T. K. Ramakrishnan: I move amendment No. 1377:

In clause 86, delete (2) and (3) and add the following;

The compensation payable to an owner for the surrender or assumption of ownership and possession of land shall be the aggregate of.—

(i) the full value of any structures, wells, and embankments of a permanent nature situate in the land and belonging to him; and

LIBRARY ARCHIVES Kerala Legislative Assembly

(ii) the percentage of the market value of the land and improvements other than those specified in clause (1) calculated as follows:

On the first, Rs. 15,000 of the market value of his interests in all the lands surrendered	60 per cent
On the next Rs. 15,000 of the market value of his interests in all the lands surrendered	55 per cent
On the next Rs 15,000 of the market value of his interests in all lands surrendered	50 per cent
On the next Rs. 15,000 of the market value of his interests in all the lands surrendered	45 per cent
On the next Rs. 15,000 of the market value of his interests in all the lands surrendered	40 per cent
On the next Rs. 15,000 of the market value of his interests in all the lands surrendered	35 per cent
On the next Rs. 15,000 of the market value of his interests in all the lands surrendered	30 per cent
On the next Rs. 15,000 of the market value of his interests in all the lands surrendered	25 per cent

Shri P. K. Kunjachan: I move amendments 1719 and 1720:

In clause 86(2), substitute 'fifty percent', instead of "fifty five percent" in line three.

In clause 86 (3), substitute 'fifty, percent' instead of "fifty five percent" in line four.

ശ്രീ. ജോസഫ് ചാഴിക്കാട്: സർ, തക്ക സമയത്ത്, അല്ലെങ്കിൽ നിശ്ചിതസമയത്തിനകം ഭൂവുടമസ്ഥന്മാർ സ്വന്ത മനസ്സാലെ അന്യന്റെ കൈവശപ്പെടുത്തിക്കൊടുക്കാത്തപക്ഷം ആ വസ്തു കൈവശപ്പെടുത്തുന്നതിനുവേണ്ടി ലാൻറ് ബോർഡിനെയോ, അല്ലെങ്കിൽ മററ് ആഫീസറേയോ ചുമതലപ്പെടുത്തുന്നതാണ് ഈ വകുപ്പ്. ക്ലാസ് 84 (3)—ൽ പറഞ്ഞിരിക്കുന്നത്:

Where any person fails to make the surrender demanded, the Land Board may authorise any officer to take possession or assume ownership of the land in such manner as may be prescribed.

ഒരുവൻെറ കൈവശം വച്ചു അനുഭവിച്ചുകൊണ്ടിരിക്കുന്ന ഭൂമിയെ ആഫീസർ ബലമായിട്ടു എടുക്കുകയാണ് ചെയ്യുന്നത്. എൻെറ ഭേദഗതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്, അവനു അതിനു കൊടുക്കുവാനുള്ള പ്രതിഫലം കൊടുത്തുകൊണ്ടു അങ്ങനെ കൈവശപ്പെടുത്തണമെന്നാണ്. വളരെ ന്യായമായിട്ടുള്ള ഒരു സംഗതിയാണ് ഞാൻ പറയുന്നത്. നാം ക്ലാസ്സ് 83 പാസ്സാക്കിയെങ്കിലും ഭൂമി ഉടമസ്ഥനു ഭൂമിയോടുള്ള സ്നേഹംകൊണ്ട് കുറച്ചുനാളും കൂടി കൈവശം വച്ചുകൊണ്ടിരിക്കുന്നു. ഉടനെതന്നെ ഒരു ആഫീസറെ നിയമിച്ചു പട്ടാളക്കാരും പോലീസുകാരുമായി ചെന്ന് അവൻെറ വസ്തു ബലമായിട്ടു എടുക്കുകയാണ് ചെയ്യുന്നത്. ഈ ബിൽ പാസ്സായിക്കഴിയുമ്പോൾ ഇതിൻെറ പേരിൽ എത്ര പിച്ചാത്തിക്കുത്തുകളും കലാപങ്ങളും നടക്കുവാൻ പോകുന്നുവെന്നു നോക്കിക്കൊള്ളുക. ഇതു പാസ്സായിട്ടു ഇതിൻെറ മെഷ്യൻ ഓടിത്തുടങ്ങുമ്പോൾ എന്തുമാത്രം രക്തം ഈ രാജ്യത്തു ചൊരിയുവാൻ പോകുന്നുവെന്നു നോക്കിക്കൊള്ളുക. അവൻെറ ഭൂമി കൈവശപ്പെടുത്തുകയും വേണം അവനു ഒന്നും കൊടുക്കുകയും വേണ്ട. എന്തു സൗകര്യത്തിലാണ് അതു, പറഞ്ഞിരിക്കുന്നത്.

'After receipt of the advance payment towards compensation payable under clause 87.

LIBRARY ARCHIVES Kerala Legislative Assembly

ഈ കാംപൻസേഷൻ തരുന്നതു എന്നാണെന്നറിയാമോ? രണ്ടുമൂന്നു കൊല്ലം കഴിയും. അവൻ അന്നു തേങ്ങായിട്ടു അതു വിററു അതിന്റെ ആദായം എടുത്തു അരി പീടികയിൽനിന്നും വാങ്ങിക്കൊണ്ടുവന്നു കഞ്ഞിവച്ചു കുടിക്കേണ്ട ഒരാളിന്റെ പറമ്പിൽ ചെന്നു ആ പറമ്പു മുഴുവനും ആഫീസറെക്കൊണ്ടു കൈവശപ്പെടുത്തും. കൈവശപ്പെടുത്തുമ്പോൾ പറയുകയാണ്, നിങ്ങൾ ചുമ്മാതെ തരണ്ടാ, നിങ്ങൾക്കു വല്ലതും തരാം.

Where any person fails to make the surrender demanded, the Land Board may authorise any officer to take possession or assume ownership of the land in such manner as may be prescribed.

സൗകര്യംപോലെ രണ്ടോ മൂന്നോ കൊല്ലം കഴിഞ്ഞിട്ടു നിയമം കൊണ്ടുവന്നു പാസ്സാക്കി അതു നടപ്പിൽ വരുത്തിയിട്ടു നിയമപ്രകാരം എത്ര കിട്ടണമെന്നു തീരുമാനിച്ചു കഴിഞ്ഞിട്ടു വല്ലതും തരാം എന്നു്. ഇങ്ങനെ പറയുന്നതു ശരിയാണോ സർ? പിച്ചചിരട്ടയിൽ മണ്ണു ഇടുകയല്ലേ ചെയ്യുന്നതു്. അതു അവന്റെ ഭൂമിയല്ലയോ? ഉദ്യോഗസ്ഥന്മാർക്കു അധികാരം കൊടുത്തു കൈവശപ്പെടുത്തുകയല്ലേ? അവൻ ചെയ്തുപോയ തെററു എന്താണ്? തലമുറ തലമുറയായി അനുഭവിച്ചുകൊണ്ടിരിക്കുന്ന ഭൂമിയിൽ കുറച്ചുസ്ഥലം മിച്ചമുണ്ടു്. നോട്ടീസ് കൊടുക്കുമ്പോൾ അതു സറണ്ടർ ചെയ്യണമെന്നുണ്ടു്. അവൻ അതു ചെയ്തില്ല. കൈവശം വച്ചു അനുഭവിച്ചുവരുന്ന ഭൂമി നിവൃത്തിയുണ്ടെങ്കിൽ അവസാനംവരെ കൊടുക്കാതിരിക്കാൻ നോക്കുകയില്ലേ? ഇതു സ്വാഭാവികമല്ലേ? 84 (3) പ്രകാരം അപ്രകാരമുള്ള വസ്തു ഉദ്യോഗസ്ഥനെ അയച്ചു കൈവശപ്പെടുത്താം എന്നാണ് പറയുന്നതു്. ഞാൻ ആവശ്യപ്പെടുന്നതു് അങ്ങനെ ചെയ്യുമ്പോൾ അവനു കിട്ടാനുള്ള, കൊടുക്കാവുന്ന ദേഹണ്ഡംകൂടി കൊടുത്തുകൊണ്ടു് അങ്ങനെ ചെയ്യട്ടെ എന്നാണ്. ദേഹണ്ഡം നിശ്ചയിക്കുന്നതിനു ലാൻറു ട്രൈബ്യൂണലുകളും കോടതിയും വേണം. അതു ഉടനെ സാധിക്കുകയില്ലെങ്കിൽ ആകെ കൊടുക്കാവുന്ന തുകയുടെ ഒരു പകുതിയെങ്കിലും അപ്പോൾ കൊടുക്കുക. ഞാൻ മുമ്പു പറഞ്ഞതു ഓർമ്മയുണ്ടായിരിക്കുമല്ലോ? ഷൈലോക് എന്ന ദുഷ്ടന്റെ എല്ലാം പിടിച്ചെടുത്തശേഷം അയാളെ ജയിലിലടച്ചു, അങ്ങോട്ടു പോകുന്ന അവസരത്തിൽ അയാൾ പറയുകയാണ്, എല്ലാം പിടിച്ചതിനുശേഷം എന്തിനാണ് എന്നെ ജീവിക്കുവാൻ അനുവദിക്കുന്നതു്, എന്തുകൊണ്ടു എന്റെ ജീവൻകൂടി പിടിച്ചെടുത്തില്ല എന്നു്. ജീവിക്കുവാനുള്ള മാർഗ്ഗങ്ങൾ എല്ലാം പിടിച്ചെടുത്തിട്ടു ജീവൻമാത്രം വിട്ടുകൊടുക്കുന്നതു എന്തിനാണെന്നു ഷൈലോക്ക് ചോദിക്കുന്നുണ്ടു്. അതുപോലെതന്നെയാണ് ഇപ്പോൾ നിങ്ങൾ പറയുന്നതും. ഈ ഗവണ്മെൻറു ഉദ്യോഗസ്ഥന്മാർ ആരാണ്? ലാൻറു ബോർഡോ, അല്ലെങ്കിൽ അതുപോലെ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാരോ പെട്ടെന്നു വസ്തു ഉടമസ്ഥന്മാരുടെ അടുക്കൽചെന്നു് വസ്തു കൈവശപ്പെടുത്തി എടുക്കുകയാണ്. അവനു ഒററ പൈസപോലും അപ്പോൾ കൊടുക്കേണ്ട ആവശ്യമില്ലെന്നു്. അങ്ങനെ പറയുന്നതുതന്നെ എന്തു സാവകാശത്തോടുകൂടിയാണ്. ഞങ്ങൾക്കു തോന്നുമ്പോൾ നിയമം കൊണ്ടുവന്നു അതു പാസ്സാക്കി അതനുസരിച്ചു നിയമപ്രകാരം വല്ലതും തരുവാനുണ്ടെങ്കിൽ അതു എത്രയാണെന്നു നിശ്ചയിച്ചു അപ്പോൾ വല്ലതും തന്നേക്കാമെന്നും പറഞ്ഞുകൊണ്ടു് ഇങ്ങനെ ഭൂമി കൈവശപ്പെടുത്തുന്നതു ഒരിക്കലും ശരിയല്ല. അതു ഒരിക്കലും ചെയ്യാൻ പാടില്ല. ഉടമസ്ഥാവകാശം ഉണ്ടായിരുന്ന ഭൂമിയിൽ വേലയെടുത്തു ജീവിച്ചുവരികയായിരുന്നു. അവന്റെ ഭാര്യയേയും മക്കളേയും ഇതിലെ ആദായം എടുത്താണ് സംരക്ഷിച്ചിരുന്നതു്. അങ്ങനെയുള്ള ഭൂമിയിൽ ദേഹണ്ഡം ചെയ്തിട്ടുണ്ടെങ്കിൽ അതിനു അവകാശമുണ്ടെന്നു നിങ്ങൾതന്നെ സമ്മതിക്കുന്നു. അങ്ങനെയുള്ള പ്രതിഫലത്തിന്റെ ഒരു ഭാഗമെങ്കിലും പതിനായിരം രൂപ ആദായമുണ്ടെങ്കിൽ ഒരു ആയിരം രൂപാപോലും അപ്പോൾ അവന്റെ കൈവശം വച്ചുകൊടുക്കാതെ ഭൂമി പിടിച്ചുപറിക്കുന്നതു എന്തു അന്യായമാണ്.

ക്ലാസ്സ 84(3)–ൽപറയുന്നതു് ഇങ്ങിനെയാണ്.

. . . .the Land Board may authorise any officer to take possession or assume ownership of the land in such manner as may be prescribed;

ക്ലാസ്സ് 87–ൽ പറയുന്നതു് എന്താണെന്നു നോക്കാം.

LIBRARY ARCHIVES Kerala Legislative Assembly

'Pending the determination of the amount of compensation payable to any person under this section, it shall be competent for the Land Board to pay such amount as it considers proper to such person as part payment of the compensation on taking proper security in case it is found that he is entitled to such amount. The amount so paid shall be deducted from the compensation payable to such person and the Land Board shall pay to him only the balance.'

അവനു കിട്ടാനുള്ള കാംപൻസേഷന്റെ പകുതിയെങ്കിലും അവന്റെ കയ്യിൽ വച്ചുകൊടുത്തതിനുശേഷം മാത്രമേ ഭൂമി കൈവശപ്പെടുത്താവൂ.

ശ്രീ. ടി. എ. തൊമ്മൻ : ബഹുമാനപ്പെട്ട മെമ്പർ ക്ലാസ് 84-നുള്ള ഭേദഗതിയെ പററിയാണ് സംസാരിക്കുന്നത്. ഇവിടെ മെമ്പർ ഇല്ലാതിരുന്ന സമയത്തു ക്ലാസ് 84, 85 ഇതു രണ്ടും പാസ്സാക്കിയെടുത്തു. ഇപ്പോൾ ക്ലാസ് 86-ന്റെ ഭേദഗതിയെ പററിയാണ് പറയുവാനുള്ളതു്.

ശ്രീ. ജോസഫ് ചാഴിക്കാട് : ഞാൻ എന്റെ 1376-ാംനമ്പർ ഭേദഗതി അവതരിപ്പിച്ചു സംസാരിക്കുകയാണെന്നു പറഞ്ഞപ്പോൾ ചെയറിൽനിന്നും മറുപടി പറഞ്ഞില്ല. അദ്ദേഹം എന്നെ അതിനനുവദിച്ചു. അദ്ദേഹം പറഞ്ഞാൽ കേൾക്കേണ്ടതു നമ്മുടെ കടമയാണല്ലോ? അങ്ങനെ അതേപ്പററി പറഞ്ഞു. എന്നാൽ ഇതു നേരത്തെ അങ്ങു പറയരുതായിരുന്നോ മി. തൊമ്മൻ. എനിക്കു പറയുവാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞപ്പോൾ പത്തുകെ ഉറക്കത്തിൽനിന്നും എഴുന്നേററു വരികയാണ്. ഇനി 1379-ാംനമ്പർ ഭേദഗതിയെപ്പററി പറയാം.

ശ്രീ. പി. ടി. ചാക്കോ : ഏതു ഭേദഗതിയെപ്പററി പറഞ്ഞാലും ഇതെല്ലാം തന്നെ പറയാം.

ശ്രീ. ജോസഫ് ചാഴിക്കാട് : അപ്പോൾ ഇവിടെ ഇങ്ങനെ പലതും പറയും, അതൊന്നും കേൾക്കാൻ തയാറില്ല എന്നാണോ?

ശ്രീ. പി. ടി. ചാക്കോ : കേൾക്കുകയാണ്.

ശ്രീ. ജോസഫ് ചാഴിക്കാട് : എന്റെ ഭേദഗതി നമ്പർ 1379 ഇതാണ്.

In clause 86(2), delete 'fifty five per cent-thereon and add the following:

"(i) The market value of land and improvements, if any;

(ii) Full value of structures, wells, channels and embankments of a permanent nature;

(iii) Full value of valuble trees;

(iv) Improvements for the protection of the soil and the trees and plants"

ഇതു രണ്ടും ഒന്നുതന്നെയാണ്. ഞാൻ പറഞ്ഞതിലൊന്നും തെററില്ല. അങ്ങനെ ആഫീസർ ഭൂമി കൈവശപ്പെടുത്തുന്ന അവസരത്തിൽ അതിനുള്ള കാംപൻസേഷൻ ഉടനെതന്നെ കൊടുക്കണം. അങ്ങനെ കൊടുക്കുന്ന അവസരത്തിൽ എങ്ങനെ വേണം, എന്തെല്ലാം വേണം, എന്നുള്ളതിനെ പററിയാണ് എന്റെ ഇപ്പോഴത്തെ ഭേദഗതി. ഞാൻ അതിൽ ആവശ്യപ്പെടുന്നതു് 55 ശതമാനം എന്നുള്ളതു ഡിലീററു ചെയ്യുക. അതിനുപകരം ഭൂമിയുടെയും ഇംപ്രൂവ്മെൻറുസ് വല്ലതും ഉണ്ടെങ്കിൽ അതിന്റെയും മാർക്കററുവാല്യു കൊടുക്കുക; പുരയിടത്തിന്റെ രക്ഷയ്ക്കുവേണ്ടി കിണർ, നിലമാണെങ്കിൽ തോട് ചാനൽ തുടങ്ങി അധികം പണം ചെലവു ചെയ്തു സ്ഥിരമായി കെട്ടിയിട്ടുള്ള പണികളുടെ മുഴുവൻ തുകയും കൊടുക്കുക. വാഴതു് മുതലായ സ്ഥലങ്ങളിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കിണർ കുഴിക്കുന്നതിനു ആറായിരവും എണ്ണായിരവും രൂപ ചെലവു വരും. വളരെയധികം താഴ്ചയിൽ കുഴിച്ച് അതിന്റെ സൈഡും കെട്ടിവരികയെന്നു വച്ചാൽ അതു വളരെയധികം പണച്ചെലവുള്ള കാര്യമാണ്. ചേർത്തലയിലാണെങ്കിൽ കൈകൊണ്ടു മാന്തിയാൽ, അല്ലെങ്കിൽ ഒരു തവികൊണ്ടു മാന്തി വെള്ളം കോരിയെടുക്കാം. അങ്ങനെയുള്ള സ്ഥലങ്ങളിലെ കാര്യമല്ല. വാഴുന്തുങ്ങിയ സ്ഥലങ്ങളിലെ കിണറുകളിൽനിന്നും വെള്ളം കോരിയെടുക്കുവാൻ 5 രൂപയുടെ കയറുതന്നെ വേണം. അങ്ങനെ ചെലവു ചെയ്തു പണിയിച്ചിട്ടുള്ള കിണർ, തൊഴുത്തു തുടങ്ങിയവ. പിന്നെ കയ്യാല എന്നൊരു സമ്പ്രദായം ഉണ്ട്. അതു ഒരടി സമചതുരം കെട്ടുന്നതിന് നാലണ ചെലവുവരും. കല്ലുവെട്ടി കൊണ്ടുവന്ന് ഒരു കോൽ താഴ്ചയിൽ കല്ലുകെട്ടി അതിന്റെ പുറത്തു ഒരാൾ പൊക്കം വച്ചുകെട്ടും. കന്നുകാലിയിൽനിന്നും രക്ഷനേടുന്നതിനും പറമ്പിലുള്ള വളം പുറത്തുപോകാതിരിക്കുന്നതിനും ഇങ്ങനെ പണം ധാരാളം ചെലവാക്കി കയ്യാല വച്ചുകെട്ടിയിട്ടുണ്ടെങ്കിൽ അതിന്റെ ശരിയായ വില കൊടുത്തു കൊള്ളണം.

അതുകൊണ്ടാണ പറയുന്നതു് 'Full value or structures, wells, channels and embankments of a permanent nature.' കൊടുക്കണം എന്ന്. തൽക്കാലം ഒരു കൊല്ലത്തേക്ക് കൃഷിക്കു വേണ്ടീട്ടല്ലാതെ അഞ്ചും, പത്തും, ഇരുപത്തും, ഇരുപത്തിഅഞ്ചും കൊല്ലക്കാലത്തേക്കു ഈ പുരയിടത്തിൽനിന്നും ആദായം എടുക്കുന്നതിനുവേണ്ടിയും കൃഷി വർദ്ധിപ്പിക്കുന്നതിനും സ്ഥിരമായിട്ടു ആ ഭൂമിയിൽ ചെയ്തിട്ടുള്ള കെട്ടിടങ്ങളോ മററുവല്ലതുമുണ്ടെങ്കിൽ അല്ലെങ്കിൽ വിലപിടിപ്പുള്ള വൃക്ഷങ്ങളും അതിൽ നിൽപ്പുണ്ടെങ്കിൽ അവയുടെ എല്ലാം വില ശരിയായി കണക്കാക്കി അവർക്കു കൊടുക്കണം. ഈ 55 ശതമാനം എന്നു പറഞ്ഞിരിക്കുന്നതു ഇതു എവിടെനിന്നു കിട്ടിയതാണ്. ഇതൊക്കെ ഈ വേല എടുക്കാതിരിക്കുന്നവർക്കു പറയാം. അതായതു്, "ഗർഭിണീപ്രസവവേദന" എന്നാണല്ലോ. പ്രസവിക്കാത്തവർക്കു പ്രസവവേദന എന്താണെന്നറിയുവാൻ പാടില്ലാ എന്നു പറഞ്ഞതുപോലെയാണ്. ഈ വേലയെടുക്കാത്തവർക്കു വേല എടുത്തവന്റെ ബുദ്ധിമുട്ട് അറിയാൻ പാടില്ലം അതുകൊണ്ടാണ്. സർ, ഇവർ എന്തൊരു മനുഷ്യരാണ്. ഇതു ഒന്നുകിൽ 75 ശതമാനം എന്നു വയ്ക്കുന്നതോ. അല്ലെങ്കിൽ യഥാർത്ഥത്തിൽ കാണുന്ന വില എന്നു വയ്ക്കുന്നതോ. ഈ 55 ശതമാനമെന്നുള്ളതു ഇവർക്കു എങ്ങനെ കിട്ടി. ഈ ആണ്ടുകാലം കണക്കാക്കുന്നതിനു എ. ഡി. ബി. സി. എന്നു പറയുന്നതുപോലെ ഈ 1957 ഡിസംബർ 18-ാം തീയതി എന്നും, 1960 ജൂലായ് 27-ാം തീയതി എന്നുമൊക്കെ അങ്ങു വയ്ക്കുന്നതുകൊണ്ടുള്ള കഷ്ടപ്പാടും, ബുദ്ധിമുട്ടും എന്താണെന്നു ആരും ചിന്തിക്കുന്നില്ല. അതുപോലെ ഇവിടെ പറയുന്നതു് 'The compensation payable to an owner for the surrender or assumption of ownership and possession of land shall be fifty five per cent of the market value ...' ഒരുത്തന്റെ വസ്തു ഒരു സർക്കാരുദ്യോഗസ്ഥനെ വിട്ടു അയാളെ അവിടെനിന്നും അടിച്ചിറക്കി വിടുമ്പോൾ അയാൾക്കു കൊടുക്കുന്നതു മാർക്കററു വിലയുടെ 55 ശതമാനം. 'shall be fifty-five per cent of the market value of the land and improvements, if any, thereon.' ആ വസ്തുവിന്റെ മാർക്കററുവിലയുടെ 55 ശതമാനം എന്നാണു പറയുന്നതു്. ആ ഇംപ്രൂവ്മെൻറ്സ് എന്നു പറഞ്ഞാൽ എനിക്കു തോന്നുന്നതു്

(ii) 'Full value of structures, wells, channels and embankments of a permanent nature;

(iii) Full value of valuable trees;

(iv) Improvements for the protection of the soil and the trees and plants.'

സർ, ഇന്നലെ പത്രത്തിൽ നാം വായിച്ചതോർക്കുന്നുണ്ടോ; കൊച്ചിയിൽ നിന്നും 56,000 രൂപ വിലയുള്ള ഒരു തടി കപ്പലിൽ കയററി അയച്ചിട്ടുള്ളതായിട്ട്. അപ്പോൾ അത്തരം തടികളും നിൽക്കുന്ന പുരയിടമുണ്ട്. മൂവായിരം

LIBRARY ARCHIVES Kerala Legislative Assembly

നാലായിരം രൂപാ വിലവരുന്ന ആഞ്ഞിലിത്തടികൾ ഉണ്ട്. അവയൊക്കെ അങ്ങനെ വാല്യുബിൾ ട്രീസ് എന്നു പറഞ്ഞാൽ എന്താണ്. 56,000 രൂപാ വിലവരുന്ന ഒരു തടിക്കു അതിന്റെ 55 ശതമാനം വിലകൊടുത്താൽ മതിയെന്നുപറയുന്ന ഗവണ്മെന്റുമുണ്ട്. ഇങ്ങനെ നിയമമുണ്ടാക്കിവച്ചാൽ കൊള്ളാം. ഈ മാതിരി നിയമങ്ങൾ ഒരിക്കലും നിലനിൽക്കുകയില്ല. ജനങ്ങൾക്കു വേണ്ടിയല്ലേ ഗവണ്മെന്റ് നിയമങ്ങൾ ഉണ്ടാക്കുന്നതു്. ഞാൻ പറയുന്നു, ഒരു അഞ്ചുകൊല്ലത്തിനകം ഈ നിയമമൊക്കെ മാറി എഴുതേണ്ടി വരും. ഈ നിയമമൊന്നും പെർമനന്റ് അല്ല. 17-ാം ഭേദഗതിയിലുൾക്കൊള്ളിച്ചാലും വേണ്ടില്ല എന്തായാലും വേണ്ടില്ല. മനുഷ്യന്റെ അവകാശങ്ങളെ എല്ലാം ധ്വംസിച്ചുകൊണ്ടാണ് ഇവിടെ നിയമം ഉണ്ടാക്കുന്നതു്. അതുകൊണ്ടു് ഇതെല്ലാം ചേർക്കണം. 'Full value of valuable trees' ഈ വാല്യുബിൾട്രീസ് എന്നുപറഞ്ഞാൽ ഇവിടെ ഈ പ്ലൈവുഡ് ഫാക്ടറി വന്നതോടെ നല്ല കറുപ്പമരംകൂടി ഇപ്പോൾ അറുത്തുകൊണ്ടുചെന്നു കൊടുത്താൽ വിലകിട്ടും. ഈ പ്ലൈവുഡ് ഫാക്ടറികൾ വന്നതുകൊണ്ടു് നിസാരമായിട്ടു നാം കണക്കാക്കിയിരുന്ന തടികൾ ഇപ്പോൾ വാല്യുബിൾട്രീസായിട്ടു മാറീട്ടുണ്ടു്. വാല്യുബിൾട്രീസ് 'all trees which have any value' എന്നുള്ളതിനു പകരം അതു മുഴവൻ ചേർക്കണം. 'Improvements for the protection of the soil and the trees and plants' അതാണ് ഞാൻ കയ്യാല എന്നുദ്ദേശിക്കുന്നതു്.

'The compensation payable to an owner for the surrender or assumption of ownership and possession of land shall be...... (iv) improvements for the protection of the soil and the trees and plants.

അങ്ങനെ കൈവശപ്പെടുത്തിക്കൊടുക്കുന്ന ഭൂമിയിലുള്ള വൃക്ഷലതാദികളെയും സസ്യങ്ങളേയും സംരക്ഷിക്കുന്നതിനും അവയുടെ വളർച്ചയെ സംബന്ധിച്ചും ആ പുരയിടത്തിൽ സ്ഥിരമായിട്ടു എന്തെങ്കിലും ഉണ്ടാക്കിയിട്ടുള്ള പുരയിടമാണെങ്കിൽ അതിനുവേണ്ടി മുടക്കിയിട്ടുള്ള പണം ഈ പുരയിടം കൈവശപ്പെടുത്തുന്ന ആളിൽനിന്നും വസ്തുവിൽ ആദായകരമായി അനുഭവിക്കാവുന്ന എന്തെങ്കിലും അതിനകത്തുണ്ടെങ്കിൽ അതിന്റെ എല്ലാം പൂർണ്ണമായ അവകാശം ഈ കൈവശം വിട്ടുകൊടുക്കുന്ന ആളിനു ലഭിക്കുന്നതിനു അവകാശമുണ്ടു് എന്നുള്ളതാണ്. അതായതു്, ഈ 55 ശതമാനം എന്നുള്ളതു മാറ്റണം. 'The market value of land and improvements if any; ആ ഭൂമിയിലുള്ള വസ്തുക്കളുടെ മാർക്കറ്റു വാല്യു അതിനു കൊടുക്കണം. 'Full value of structures, wells, channels and embankments of a permanent nature;' കിണർ, കെട്ടിടം, തൊഴുത്തു് എന്നിങ്ങനെ സ്ഥിരമായിട്ടു് ആ പുരയിടത്തിൽ ചെയ്തിട്ടുള്ളതിനെല്ലാം വില കൊടുക്കണം. പിന്നെ വാല്യുബിൾട്രീസുണ്ടെങ്കിൽ അതിനു ശരിയായ വില കൊടുക്കണം. 'Improvements for the protection of the soil and the trees and plants.' ആ ഭൂമിയിൽ വൃക്ഷലതാദികൾക്കുവേണ്ടി സ്ഥിരമായി ചെയ്തിട്ടുള്ള എല്ലാ ദേഹണ്ഡങ്ങൾക്കും വില കൊടുക്കണം. ആ തരത്തിൽ ഈ വകുപ്പു് ഭേദഗതി ചെയ്യണം എന്നു് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

<u>ശ്രീ. ടി. കെ. രാമകൃഷ്ണൻ:</u> മുൻനിയമത്തിലുണ്ടായിരുന്ന വകുപ്പുതന്നെ ഈ കാമ്പൻസേഷൻ കൊടുക്കുന്ന വകുപ്പിൽ സ്വീകരിച്ചാൽ മതിയെന്നാണ് ഞാൻ എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. ഇപ്പോൾ മാർക്കറ്റു വിലയുടെ അൻപത്തിഅഞ്ചു ശതമാനം കൊടുക്കണമെന്നാണ് ഈ വകുപ്പിൽ കൊള്ളിച്ചിട്ടുള്ളതു്. അതിനുപകരം മുൻനിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നതുപോലെ സ്ലാബ് അടിസ്ഥാനത്തിൽ കൂടുതൽ മിച്ചഭൂമിക്കു് പ്രതിഫലം കുറച്ചും എന്ന അടിസ്ഥാനത്തിൽ ഭൂമി കൂടുന്നതനുസരിച്ചു വില കുറച്ചുകൊടുത്താൽ മതി എന്നുള്ള നിലയിലാണ് എന്റെ ഭേദഗതി. സർ, ഇവിടെ ഈ മിച്ചഭൂമിക്കു പ്രതിഫലം നിശ്ചയിക്കുന്ന സമയത്തു അതിനു വലിയ ബുദ്ധിമുട്ടുകൾ ഒന്നും ഇല്ലാത്ത കാര്യമായതുകൊണ്ടു് അതിന്റെ ചർച്ചയ്ക്കുവേണ്ടി വളരെ

LIBRARY ARCHIVES Kerala Legislative Assembly

സമയം കളയേണ്ട ആവശ്യമൊന്നുമില്ല. കാരണം, ഈ നിയമമനുസരിച്ചു നോക്കുമ്പോൾ ഇവിടെ ഈ മിച്ചഭൂമി വരുന്ന ഏർപ്പാടുതന്നെയില്ല. അതുകൊണ്ടു മിച്ചഭൂമി ലഭിക്കുന്നതിനു പ്രതിഫലം കൊടുക്കുന്ന കാര്യത്തെപ്പററി വലിയ ചർച്ച ഒന്നും ആവശ്യമില്ലാത്ത കാര്യമാണ്. എങ്കിലും അതിനു ഒരു തത്വം സ്വീകരിക്കേണ്ട കാര്യമുണ്ട്. നാം ഭൂനയപരിഷ്ക്കരണ നിയമം ഇവിടെ ചർച്ചചെയ്യുമ്പോൾ ഒരു തത്വത്തെ അടിസ്ഥാനമാക്കിയാണല്ലോ പ്രവർത്തിക്കുന്നതു്. ഇന്നു നാം ഒരു സോഷ്യലിസത്തിന്റെ യുഗത്തിലേക്കാണല്ലോ മുന്നേറിക്കൊണ്ടിരിക്കുന്നതു്. ആ സ്ഥിതിക്കു മിച്ചഭൂമി എടുക്കുമ്പോൾ പ്രതിഫലം കൊടുക്കുന്ന കാര്യത്തിലും ചില തത്വങ്ങൾ അംഗീകരിക്കുന്നതു നന്നായിരിക്കും. പ്രതിഫലം കൊടുക്കുന്ന കാര്യത്തിൽ ആ തത്വം പ്രായോഗികമാക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്ന അവസരത്തിൽ വളരെ അധികം ഏററക്കുറച്ചിലുകൾ ഇന്നീസമുദായത്തിലുണ്ടെന്നും ഈ സോഷ്യലിസത്തിലേക്കുള്ള ഗതിക്രമത്തിനു ആക്കം കൂട്ടുന്നതിനുള്ള ഒരു നടപടിയെന്നുള്ള നിലയ്ക്കും മുമ്പിലത്തെ നിയമത്തിലുണ്ടായിരുന്ന വകുപ്പ് നോക്കുകയാണെന്നുണ്ടെങ്കിൽ ഏതാണ്ട് 15,000 വരെ 60 ശതമാനം വിലയും, പിന്നീട് അതിനു മുകളിലുള്ള 15,000ത്തിനു് 55 ശതമാനമെന്നും, ഒരു ലക്ഷത്തിനു മുകളിലാണെന്നുണ്ടെങ്കിൽ മാർക്കററുവാല്യുവിന്റെ 25 ശതമാനമെന്നുള്ള നിലയിലാണ് വ്യവസ്ഥ ചെയ്തിരുന്നതു്. എന്നാൽ ഇന്നീ നിയമത്തിലാണെങ്കിൽ എല്ലാത്തിനും മാർക്കററുവാല്യുവിന്റെ 55 ശതമാനം എന്നാണ് നിശ്ചയിച്ചിരിക്കുന്നതു്. അതിന്റെ ഫലമായി അധികം ഭൂമിയുള്ളവർക്ക് കൂടുതൽ പ്രതിഫലം കിട്ടുക എന്നുള്ളതാണ്. അപ്പോൾ അധികം ഭൂമിയുള്ളവരെ സഹായിക്കുകയാണ്. അതായതു് കൂടുതൽ ഭേദപ്പെട്ടവനു കൂടുതൽ പ്രതിഫലം വാങ്ങിച്ചു കൊടുക്കുക എന്നുള്ളതാണ്. ബഹു: മന്ത്രിക്കും അറിയാമെന്നു ഞാൻ വിചാരിക്കുന്നു. അദ്ദേഹം പറയുമായിരിക്കും, ഏതായാലും നിങ്ങളുടെ വാദത്തിൽ മിച്ചഭൂമി ജാസ്തിയുണ്ടാകാനിടയില്ലല്ലോ പിന്നെ എന്തിനാണ് പ്രചരണത്തിനു വേണ്ടി നിങ്ങൾ ഇങ്ങനെയുള്ള വാദം ഉന്നയിക്കുന്നതെന്നു്. മിച്ചഭൂമി ഉണ്ടാകുമെന്നും അങ്ങനെ പരിധി നിശ്ചയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ കുറച്ചു ഭൂമിയെങ്കിലും മിച്ചംവരുത്താൻ കഴിഞ്ഞാൽതന്നെയും ആ അടിസ്ഥാനത്തിൽ പ്രതിഫലം കൊടുക്കുന്ന കാര്യത്തിൽ ഇവിടത്തെ സാമ്പത്തിക സമത്വം പരിഹരിക്കുവാൻ സഹായകമാകത്തക്കവണ്ണം അതിലേക്കു ഒരു തത്വംകൂടി അംഗീകരിക്കുമെന്നാണ് എന്റെ വിശ്വാസം. കാരണം, സോഷ്യലിസത്തിലേക്കുള്ള നമ്മുടെ പ്രയാണത്തിൽ തീർച്ചയായും വളരെ അധികം മെച്ചപ്പെട്ട ജീവിതവൃത്തി സ്വീകരിക്കേണ്ടിവരും എന്നുള്ളതാണ്. അപ്പോൾ അതിൽ, ഈ മേലേക്കിടയിലുള്ളവരെ കൂടുതൽ സഹായിക്കുന്നതിനുപകരം തീരെ താണനിലയിലുള്ളവർക്ക് ബുദ്ധിമുട്ട് ഇല്ലാത്ത തരത്തിലും, മേലേക്കിടയിലുള്ളവർക്കു വളരെ വിഷമങ്ങളില്ലാത്തതരത്തിലുമുള്ള ഒരു നില നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. അതു വളരെ വിഷമമുള്ള ഒരു കാര്യമാണ്. ഇവിടെ ഈ പ്രതിഫലത്തോതു് നിശ്ചയിച്ചിരിക്കുന്നതിനു യാതൊരു ന്യായവുമില്ല. ഇതു ഈ രാജ്യത്തുമാത്രം ഇങ്ങനെ നടപ്പാക്കുകയാണ്. അങ്ങനെ പ്രതിഫലത്തോതു കൂട്ടുന്നതിന്റെ ഫലമായി കുറെ ബുദ്ധിമുട്ട് ഗവണ്മെന്റിനും ഉണ്ടാകുന്നുണ്ട്. ഇതുസംബന്ധിച്ച് പ്ലാനിംഗ് കമ്മീഷനും ഗവണ്മെന്റുമൊക്കെത്തന്നെ ആലോചിച്ച കാര്യങ്ങളാണ്. അതുകൊണ്ടാണ് പ്രതിഫലത്തോതു ചുരുക്കണമെന്നു പറയുന്നതു്. ഈ നിയമത്തിലെ വ്യവസ്ഥ അനുസരിച്ചു നോക്കുമ്പോൾ അങ്ങനെ പ്രതിഫലത്തോതു കൂട്ടുന്ന ഒരു ഏർപ്പാടായതുകൊണ്ടു് ഇതു കുറയ്ക്കണമെന്നും മുൻനിയമത്തിലുണ്ടായിരുന്ന വ്യവസ്ഥ ഇതിൽ ഉൾക്കൊള്ളിക്കണമെന്നുമാണ് എന്റെ ഭേദഗതി. ഈ ഭേദഗതി ഈ സഭ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ആർ. കൃഷ്ണൻ: സർ, എന്റെ ഭേദഗതി 1586-ം, 1587-ം അനുസരിച്ചു 55 ശതമാനം പ്രതിഫലം കൊടുക്കണം എന്നുള്ളതു പ്രതിഫലം ഒരു ലക്ഷം രൂപായിൽ കവിഞ്ഞുള്ളതാണെങ്കിൽ മാർക്കററു വാല്യുവിന്റെ 45 ശതമാനം കൊടുക്കണം എന്നുള്ളതാണ്. പഴയ കാർഷികബന്ധ നിയമത്തിൽ പറഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളതു 60 ശതമാനംമുതൽ 25 ശതമാനംവരെ എന്നാണ്. അതുപോലെ 15,000 രൂപയ്ക്കു് മേലോട്ടുള്ള ആളുകൾക്കു് ഒരു സ്ലാബ് അടിസ്ഥാനത്തിൽ കൊടുക്കുക എന്നുള്ളതാണ് നല്ലതു്. ശ്രീമാൻ ടി. കെ. രാമകൃഷ്ണൻ പറഞ്ഞതുപോലെ ഇനി മിച്ചഭൂമി ഉണ്ടാകുമോ എന്നുള്ളതുതന്നെ സംശയമാണ്. എങ്കിലും ചില വൻകിട ജന്മികളിൽനിന്നും കുറച്ചുഭൂമി കിട്ടാനിടയുണ്ടാകും. അങ്ങനെയുള്ളവർക്കു് മാർക്കറ്റു വാല്യുവിന്റെ 55 ശതമാനവും ഇംപ്രൂവ്മെന്റിനുള്ള ചെലവും കൊടുക്കാനുള്ള ബാദ്ധ്യത ഗവണ്മെന്റിനുണ്ടാകുകയാണ ചെയ്യുന്നതു്. അതിൽതന്നെ എല്ലാവർക്കും ഒരുപോലെ കൊടുക്കുന്നതെന്തിനാണ്? അതുകൊണ്ടു് വളരെ അധികം സംഖ്യ ആതായതു്, ഒരു ലക്ഷം രൂപാ പ്രതിഫലം കിട്ടുന്ന ആളിനു ഈ 55 ശതമാനം കൊടുക്കാതെ ഒരു ലക്ഷം രൂപയിലധികം പ്രതിഫലം കൊടുക്കേണ്ടവർക്കു് 45 ശതമാനം കൊടുക്കുകയാണെന്നുണ്ടെങ്കിൽ എന്താണ് അതുകൊണ്ടു വലിയ ദോഷം? ഇത്രയും വലിയ തുക പ്രതിഫലമായി കിട്ടുന്നവർക്കു് കുറെ പ്രതിഫലം കുറച്ചുകൊടുക്കുന്നതുകൊണ്ടു് എന്താണ് ദോഷമുള്ളതു്? അതാണ് എന്റെ ഭേദഗതികൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്. എന്റെ മറെറാരു ഭേദഗതി 1780 ആണ്. അതു മൂവ് ചെയ്യുന്നില്ല.

ശ്രീ. കെ. കൃഷ്ണൻ: എന്റെ ഭേദഗതി മിച്ചഭൂമി എടുക്കുന്ന അവസരത്തിൽ കൊടുക്കേണ്ട പ്രതിഫലത്തെ സംബന്ധിക്കുന്നതാണ്. അതിൽ ഉണ്ടാകുന്ന അനുഭവങ്ങൾക്കു് മുഴുവൻ വില കൊടുക്കണമെന്നും, തറവില മാർക്കറ്റു വാല്യുവിന്റെ 50 ശതമാനം കൊടുക്കണമെന്നുമാണ് ഭേദഗതിയിൽ പറയുന്നതു്. മിച്ചഭൂമി ഒരു ചെറിയ ശതമാനം മാത്രമെ കൃഷിക്കാരുടെ കയ്യിൽനിന്നും എടുക്കാനുണ്ടാകുകയുള്ളു. വലിയ ജന്മിമാരുടെ കയ്യിൽനിന്നാണ് എടുക്കാനുള്ളതു്. ജന്മിമാരെ സംബന്ധിച്ചിടത്തോളം കുടിയാന്റെ കയ്യിൽനിന്നും പരിധിവരെ ഒഴിപ്പിച്ചെടുത്തു് കൈവശം വയ്ക്കാനുള്ള സൗകര്യം ചെയ്തുകൊടുത്തിട്ടുണ്ടു്. പരിധിയിൽ അധികം ഭൂമി ഉണ്ടാകുകയാണെങ്കിൽ അതിനു കിട്ടേണ്ട പ്രതിഫലത്തെ സംബന്ധിച്ചിടത്തോളമുള്ളതാണ് ഈ വകുപ്പു്. ഈ വലിയ ജന്മിന്മാർക്കു് ഈ ഭൂമിയുമായി സ്വപ്നത്തിൽപോലും ഒരു ബന്ധവുമില്ലെന്നു മലബാറിനെ സംബന്ധിച്ചിടത്തോളം എനിക്കു് വ്യക്തമായി പറയാൻ കഴിയും. പാട്ടം വാങ്ങിക്കുക എന്നുള്ളതൊഴിച്ചു് അവർക്കു് ഒരു ബന്ധവുമില്ല. അങ്ങനെയുള്ള ആളുകൾക്കു് ഭൂമി ഒഴിപ്പിച്ചെടുത്തു പരിധിയോളം കൈവശം വയ്ക്കാനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടു്. അതിനു പുറത്താണ് അവർക്കു കിട്ടേണ്ട കാമ്പൻസേഷനിലും വലിയതോതിലുള്ള ഒരു മെച്ചം ഉണ്ടാക്കിക്കൊടുക്കുന്നതു്. കാർഷികബന്ധനിയമത്തിൽ ഒരു സ്ലാബ് സിസ്റ്റമാണ് സ്വീകരിച്ചിരുന്നതു്. അതനുസരിച്ചു് വൻകിട ജന്മിമാരുടെ കയ്യിൽനിന്നും ഭൂമി എടുക്കുമ്പോൾ സ്ലാബ് അനുസരിച്ചു് അവർക്കു് കുറഞ്ഞ കാമ്പൻസേഷനെ കിട്ടുമായിരുന്നുള്ളു. ചെറുകിട ജന്മിമാരെ സംബന്ധിച്ചിടത്തോളം കൂടുതൽ കാമ്പൻസേഷൻ കിട്ടാനുള്ള സൗകര്യവും ഉണ്ടായിരുന്നു. അതുമാററി ഇപ്പോൾ പൊതുവേ 55 ശതമാനം കൊടുക്കാനാണ് ഈ ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നതു്. സ്ലാബ് സിസ്റ്റം ഒരിക്കലും മന്ത്രിയുടെ ഭാഗത്തുനിന്നും സ്വീകരിക്കുകയില്ലെന്നു എനിക്കറിയാം. കാരണം ആ തത്വത്തിനു് എതിരായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നതു്. അതുകൊണ്ടു് 55 ശതമാനമെന്നുള്ളതു് 50 ശതമാനമായിട്ടെങ്കിലും ചുരുക്കണമെന്നാണ് എന്റെ ഭേദഗതി. ആ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: എന്റെ ഭേദഗതി മിച്ചഭൂമിക്കുള്ള കാമ്പൻസേഷൻ 55 ശതമാനമെന്നു വ്യവസ്ഥചെയ്തിരിക്കുന്നതു 50ശതമാനമായി ചുരുക്കണമെന്നുള്ളതാണ്. നമ്മുടെ രാജ്യത്തു് [സോഷ്യലിസത്തിലേക്കുള്ള പരിവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിവേഗം സോഷ്യലിസത്തിലേക്കു് നീങ്ങണമെന്നുപറയുന്ന ഈ അവസരത്തിൽ മിച്ചഭൂമിക്കു് ഇത്ര ഭീമമായ കാമ്പൻസേഷൻ കൊടുക്കണമെന്നു പറയുന്നതു് എങ്ങനെ നീതീകരിക്കാമെന്നു മനസ്സിലാകുന്നില്ല. ഈ മിച്ചഭൂമി വരുന്നതു്, ജന്മി സ്വന്തമായി മൂലധനം മുടക്കി അദ്ധ്വാനിച്ച ഭൂമികളും, പരിധികഴിഞ്ഞു വരുന്നതാണെങ്കിൽ മനസ്സിലാക്കാം. ക്ലാസ് 79, നാം അംഗീകരിച്ചതോടുകൂടി, പഴയ കാർഷികബന്ധ

നിയമമനുസരിച്ചുള്ളതിനെക്കാൾ കൂടുതൽ ഭൂമി പരിധി നിർണ്ണയത്തിൽനിന്നു തന്നെ ഒഴിവാക്കപ്പെട്ടുപോകുന്നുണ്ട്. അതുപോലെതന്നെ സ്റ്റാൻഡേർഡ് ഏക്കർ ആക്കിയതുകൊണ്ട് ഉണ്ടാകുന്ന വ്യത്യാസവും നമുക്കറിയാം. നമ്മുടെ രാജ്യത്തു് വൻപിച്ച മൂലധനം മുടക്കി മുതലാളിത്ത രീതിയിൽ കൃഷിചെയ്യുന്ന ഭൂമി പരിധിയിൽനിന്നു് ഒഴിവാക്കുകയാണെന്നുപറഞ്ഞാൽ അതു മനസ്സിലാക്കാം. തോട്ടങ്ങൾ ആണെങ്കിൽ പരിധിയിൽനിന്നു് ഒഴിവാക്കപ്പെട്ടിട്ടുമുണ്ട്. പിന്നെ കാര്യമായ മൂലധനമുടക്കും റിസ്കുമുള്ള കൃഷിയെന്നു മന്ത്രി തന്നെ പറഞ്ഞ കുട്ടനാടൻ പാടശേഖരങ്ങളെ ഈ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. അങ്ങനെ ഒരു ഭൂഉടമ സ്വന്തമായി പണംമുടക്കി അദ്ധ്വാനിച്ചു ഭൂമി നന്നാക്കിയിട്ടുണ്ടെങ്കിൽ ആ അദ്ധ്വാനത്തിനു് ഒരു പ്രത്യേകത കൊടുക്കണമെന്നു പറഞ്ഞാൽ മനസ്സിലാക്കാൻ കഴിയും. യാതൊരു അദ്ധ്വാനവുംകൂടാതെ കഴിഞ്ഞകാലത്തു് ഏതെങ്കിലും രീതിയിൽ ഗവണ്മെന്റിൽ സ്വാധീനംചെലുത്തി പതിപ്പിച്ചു എടുത്തിട്ടുള്ളതുകൊണ്ടാണല്ലോ ചിലരുടെ കൈവശം പതിനായിരക്കണക്കിനു ഏക്കർ ഭൂമി വന്നുചേർന്നിട്ടുള്ളതു്. അങ്ങനെയുള്ള ആളുകൾ കൃഷിക്കുവേണ്ടി ഭൂമി മററുള്ളവർക്കു് കൊടുത്തിട്ടുണ്ട്, അങ്ങനെ കൊടുത്തിട്ടുള്ളതു് സൗമനസ്യംകൊണ്ടൊന്നുമല്ല. ഭൂമി കൊടുത്തപ്പോൾതന്നെ ജന്മിക്കു് പലതരത്തിലുള്ള പാരിതോഷികം കൃഷിക്കാർ കൊടുത്തിട്ടുണ്ട്. ആ ഭൂമിയിൽ കൃഷിക്കാരൻ അദ്ധ്വാനിച്ചാണു് ഇന്നത്തെ നിലയിൽ തെങ്ങും മററു ദേഹണ്ഡങ്ങളും ഉണ്ടായിട്ടുള്ളതു്. അങ്ങനെയുള്ള ഈ ഭൂമിക്കു് മാർക്കററു വിലയുടെ 55 ശതമാനം കാമ്പൻസേഷൻ കൊടുക്കണമെന്നു പറയുന്നതിൽ യാതൊരു നീതീകരണവുമില്ല. കാർഷികബന്ധനിയമത്തിൽ ഇതിനൊരു പ്രിൻസിപ്പിൾ സ്വീകരിച്ചിരുന്നു. സ്ലാബ് സിസ്റ്റമാണ് അതിൽ കൊള്ളിച്ചിരുന്നതു്. ഒരു സോഷ്യലിസ്ററു യുഗത്തിൽ അതംഗീകരിക്കാൻ എന്താണു വിഷമമെന്നു മനസ്സിലാകുന്നില്ല. 55 ശതമാനം കാമ്പൻസേഷൻ കൊടുക്കണമെന്നു പറയുമ്പോൾ ഈ രാജ്യത്തെ സ്വകാര്യ മൂലധനം സംരക്ഷിക്കുന്നതിനുള്ള ഗവണ്മെന്റിന്റെ പ്രേമം കടുകട്ടിയാണെന്നു പറയാതെയിരിക്കാൻ നിവൃത്തിയില്ല. കൃഷിക്കാരനു് ഇത്രയേറെ കാമ്പൻസേഷൻ കൊടുക്കാനുള്ള കഴിവുണ്ടോ എന്നുകൂടി ആലോചിക്കണം. ആ നിലയിൽ കണിശമായും കാമ്പൻസേഷൻ 55 ശതമാനമെന്നുള്ളതു് 50 ആയിട്ടെങ്കിലും ചുരുക്കാൻ ഗവണ്മെന്റു തയ്യാറാകണം. അതുകൊണ്ട് എന്റെ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

Shri P. T. Chacko: Sir, regarding compensation, two entirely different views were put forward before the Legislature. One is that full value of the land and all improvements should be the compensation. The other is that compensation should be paid on a slab system from 20% upto 60%. In view of the observations of the Supreme Court the slab system was given up. It may be remembered that the Supreme Court in effect observed that the system as provided in the Agrarian Relations Act was unreasonable. In the Agrarian Relations Act assignees were to pay 55% of the market value. That is taken as a basis here. There is no substance in the arguments advanced by some of the hon. Members that the assignees are made to pay at an enhanced rate because even according to the provisions in the Agrarian Relations Act, they were to pay 55% of the market value. Today, according to the provision in the Land Reforms Bill also, it is 55%. But then the entire 55% will go to the owners.

Shri Joseph Chazhikatt: Sir I don't press my amendments.

Amendment Nos. 926 and 1379 moved by Shri Joseph Chazhikatt were, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Amendment No. 1377 moved by Shri T. K. Ramakrishnan was put and lost.

Amendment Nos. 1586 and 1587 moved by Shri R. Krishnan were put and lost.

Amendment Nos. 1706 and 1709 moved by Shri R. Krishnan were. by leave withdrawn.

Amendment No. 1718 moved by Shri K. Krishnan was put and lost

Amendment Nos 1719 and 1720 moved by Shri P. K. Kunjachan were put and lost.

Amendment No. 1705 moved by the Minister was put and carried; namely;

In clause 86, for sub-clause (1), the following sub-clause shall be substituted, namely:

"(1) Where ownership or possession or both of any land is surrendered by, or assumed from, a person or is vested in the Government under Section 84 or Section 85, such person shall be entitled to compensation. Where the rights of an intermediary are extinguished, such intermediary shall also be entitled to compensation.".

Amendment No. 1707 moved by the Minister was put and carried; namely;

In clause 86, in sub-clause (3), for the words, 'for the surrender or assumption of their rights', the words "for the surrender, assumption, vesting in the Government or extinguishment of their right" shall be substituted.

The question that clause 86, as amended, stand part of the Bill was put and carried.

(Clause 86 as amended, was added to the Bill.

Clause 87

Mr. Speaker:

Amendment No. 1382 by Shri K. T. Thomas is not moved.

Amendment No. 1783 by Shri R. Raghava Menon is not moved.

The question that Clause 87 stand part of the Bill was put and carried.

Clause 87 was added to the Bill.

Clause 88

The question is that Clause 88 stand part of the Bill. The question was put and carried.

Clause 88 was added to the Bill.

Clause 89

Shri P. T. Chacko:

I move the two amendments 1384 and 1385.

1384. In clause 89, in sub-clause (2), the words "and on such payment, the liabilities in respect of the encumbrance, maintenance or alimony shall stand extinguished" shall be omitted.

1385. In Clause 89, in sub-clause (2), the proviso shall be omitted.

Amendments Nos. 1384 and 1385 moved by the Hon. Minister were put and carried.

2/753/S

LIBRARY ARCHIVES Kerala Legislative Assembly

The question that Clause 89 as amended stand part of the Bill was put and carried.

Clause 89 as amended was added to the Bill.

Clause 90

[Shri P. Abdul Majeed, (Panel of Chairman) in the Chair]

M . Chairman: There is an amendment No. 1386 by Shri K. Moideenkutty Haji. The member is not in his seat.

The question that Clause 90 stand part of the Bill was put and carried.

Clause 90 was added to the Bill.

Clause 91

Mr. Chairman: There are no amendments.

The question that Clause 91 stand part of the Bill was put and carried.

Clause 91 was added to the Bill.

New Clause 91 A

Mr. Chairman: Amendment No. 1710 may be moved by the Hon. Minister.

Shri P. T. Chacko: Sir, I move amendment No. 1710.

1710. After clause 91, the following clause shall be inserted, namely:-

"91A. *Assignment of rights vested in the Government to the small-holders*:—(1) Where the land owner whose ownership of land is vested in the Government or the intermediary whose rights are extinguished under sub-section (4) of section 84 was a small-holder and the cultivating tenant of the holding was entitled to fixity of tenure immediately before the 21st January, 1961, under any law then in force, the ownership or possession or both of such land vested in the Government shall be assigned to such small-holder:

Provided that where there are more than one such small-holder in respect of such land, the small-holder nearest to the cultivating tenant shall have priority for such assignment.

(2) The purchase price payable by the small-holder referred to in sub-section (1) for assignment of the ownership or possession or both of the land shall be fifty-five per cent of the market value of such rights

(3) The purchase price shall be payable either in a lump or in sixteen equal annual instalments.

(4) A small-holder entitled to the assignment of the ownership or possession or both of the land vested in the Government may apply to the Land Board for the assignment of the same within such time and in such manner as may be prescribed.

(5) On receipt of an application under sub-section (4), the Land Board shall, after due enquiry and on being satisfied that the applican

LIBRARY ARCHIVES Kerala Legislative Assembly

is entitled to such assignment, assign the ownership, possession or both of such land to the small-holder on payment of the purchase price in a lump or the first instalment of the purchase price.

(6) The provisions of sub-sections (2) and (3) of Section 94 shall, as far as may be, apply to the payment and recovery of the instalments of the purchase price and interest thereon".

The amendment (No. 1710), moved by the Minister was put and carried.

The question that new clause 91A stand part of the Bill was carried.

The new clause was added to the Bill.

Clause 92

Mr. Chairman: The following amendments may be moved:

Amendment No. 1711 by Shri P. T. Chacko
,, 1387 by Shri P. C. Raghavan Nair
,, 1721 by Shri P. K. Kunjachan
,, 1722 by Shri R. Krishnan

Shri P. T. Chacko: Sir, I move the following amendment:

In clause 92, for the words "Any person who does not possess any land", the words, figures and letter 'Subject to the provisions of Section 91A, any person who does not possess any land', shall be substituted.

Shri P. C. Raghavan Nair: Sir, I move amendment No. 1387

In clause 92, substitute "one acre" instead of "five acres".

P. K. Kunjachan: Sir, I move amendment No, 1721

In clause 92, substitute 'less than two' instead of 'less than five' in line three.

Shri R. Krishnan: Sir, I move amendment No. 1722.

In clause 92, after the words "in extent" and before the word 'may' add as follows:

"and whose monthly income is not more than Rs. 200"

ശ്രീ. പി. സി. രാഘവൻനായർ: സർ, മിച്ചഭൂമി പതിച്ചു കൊടുക്കുന്നതിനെ സംബന്ധിച്ച്, ഈ ബില്ലിൽ, 5 സ്റ്റാൻഡേർഡ് ഏക്കർ

11 A. M.

എന്നുള്ളിടത്ത്, ഒരേക്കർ എന്നാക്കണമെന്നാണ് എന്റെ ഭേദഗതി. മിച്ചഭൂമിയെ സംബന്ധിച്ചിടത്തോളം ഭൂരഹിതരായവർക്ക് അതു പതിച്ചു കൊടുക്കണമെന്നു പറയപ്പെടുന്നുണ്ട്. ഭൂരഹിതരായ പട്ടികജാതിക്കാരായ കർഷകത്തൊഴിലാളികൾക്ക് 50 ശതമാനം കൊടുക്കണമെന്നും, ചെറുകിടക്കാരായ ഭൂമി നഷ്ടപ്പെട്ടവർക്ക് 25 ശതമാനം കൊടുക്കണമെന്നും, മററു 5 ഏക്കറിൽ കവിഞ്ഞ ഭൂമിയില്ലാത്ത കർഷകർക്ക് 25 ശതമാനം കൊടുക്കണമെന്നും പറയപ്പെടുന്നു. അങ്ങനെ മിച്ചഭൂമി കൊടുക്കേണ്ട ശതമാനമെല്ലാം ശരിയാക്കിവച്ചിരിക്കുകയാണ്. അതേ സമയത്ത് ഈ ഭൂമി കൊടുക്കുമ്പോൾ, 5 സ്റ്റാൻഡേർഡ് ഏക്കർവരെ ഒരു വ്യക്തിക്കു കൊടുക്കാമെന്നും പറയുന്നുണ്ട്. സർ, ഇങ്ങനെ മിച്ചഭൂമി കൊടുക്കത്തക്കവിധത്തിൽ, ഇവിടെ ഭൂമി ഉണ്ടാകുമോ എന്നുള്ളത് വേറെ പ്രശ്നമാണ്. അതിനെസംബന്ധിച്ചിടത്തോളം വളരെയധികം കാര്യങ്ങൾ ഇവിടെ പലരും സംസാരിച്ചുകഴിഞ്ഞു. മലബാറിൽ, കണ്ണൂർക്കാട്ട് മൂപ്പിൽനായരുടെ ആയിരക്കണക്കിന് ഏക്കർ ഭൂമി മിച്ചഭൂമിയായി എടുക്കാൻ കഴിയുമായിരുന്നു. അവിടെ 1010 ഏക്കർ ഭൂമി ഈ നാട്ടിൽനിന്ന് ആളുകൾ പോയി വാങ്ങിയതായി അറിയുന്നു. അങ്ങനെ ആ ഭൂമി കിട്ടാനുള്ള സാധ്യതയും ഇല്ലാതായിരിക്കുകയാണ്. കുട്ടനാട്ടെ

LIBRARY ARCHIVES Kerala Legislative Assembly

പാടശേഖരങ്ങൾ പരിധിയിൽനിന്നൊഴിവാക്കിക്കഴിഞ്ഞിട്ടുണ്ട്. ഈ നിയമത്തിലെ ഷെഡ്യൂൾ അനുസരിച്ച് ഒഴിവാക്കപ്പെട്ട ഭൂമികൾ കഴിച്ച് ഇവിടെ ഇനി മിച്ചഭൂമി കിട്ടണമെങ്കിൽ, ശ്രീ പരശുരാമൻതന്നെ വന്നു ഭൂമി ഉണ്ടാക്കിയേപറ്റൂ. കേരളം കടലിൽനിന്ന് വീണ്ടെടുത്ത പരശുരാമൻ അറേബ്യൻസമുദ്രത്തിൽനിന്നു വല്ലവിധത്തിലും കുറച്ചു ഭൂമി വീണ്ടെടുത്താൽ മാത്രമേ നമുക്കു മിച്ചഭൂമി വിതരണം ചെയ്യാൻ കിട്ടുകയുള്ളു. അഥവാ മിച്ചഭൂമി ഉണ്ടായാൽതന്നെയും, ആ മിച്ചഭൂമി പതിച്ചുകൊടുക്കുമ്പോൾ 5 സ്റ്റാൻേറർഡ് ഏക്കർവരെ ഒരാൾക്കു കൊടുക്കാമെന്നാണ പറയുന്നത്. അതാണ് ഒരു തമാശയായിതോന്നുന്നത്. 5 സ്റ്റാൻേറർഡു ഏക്കർ എന്നു പറഞ്ഞാൽ, ഈ നിയമത്തിലെ ഷെഡ്യൂൾ അനുസരിച്ച് 10 സാധാരണ ഏക്കർവരെ ആകാം എന്നു മനസ്സിലാക്കണം. ഭൂക്ഷാമംകൊണ്ടു വിഷമിക്കുന്ന ഈ രാജ്യത്ത് മിച്ചഭൂമി കൊടുക്കുന്ന സമയത്ത് ഒരാൾക്ക് 5 സ്റ്റാൻേറർഡ് ഏക്കർവരെ കൊടുക്കാമെന്നു വ്യവസ്ഥചെയ്യുന്നത് ശരിയായിരിക്കുകയില്ല. ഈ രാജ്യത്തു ഭൂമിയില്ലാത്തവർ ലക്ഷക്കണക്കിനുണ്ട്.

ശ്രീ. പി. നാരായണൻതമ്പി: സെലക്റ്റു കമ്മിററിയുടെ നിർദ്ദേശം 5 സാധാരണ ഏക്കർ എന്നായിരുന്നുവെന്നറിയാമോ?

ശ്രീ. പി. സി. രാഘവൻനായർ : സമ്മതിച്ചു. മിച്ചഭൂമി വിതരണം ചെയ്യുമ്പോൾ, ഭൂമിയില്ലാത്ത ലക്ഷക്കണക്കിന് ആളുകൾ ഈ രാജ്യത്തുണ്ടെന്നുള്ളകാര്യം ഓർക്കണം. ഇതിനു മുൻപ്, കുടികിടപ്പിന് ഒരു കുടുംബത്തിനു 5 സെൻറു ഭൂമി കൊടുക്കണമെന്നു ഇവിടെ വാദിച്ചപ്പോൾ, പല നിവേദനങ്ങളും ഈ സഭയിൽ ഉന്നയിച്ചപ്പോൾ അതിൻെറനേരേ ഭരണകക്ഷി എടുത്ത നിലപാട് വളരെ വ്യക്തമായി മനസ്സിലാക്കാൻകഴിഞ്ഞിട്ടുണ്ട്. ഒരു മൂത്രപ്പുരകെട്ടാൻപോലും കൂടുതൽ സ്ഥലം കുടികിടപ്പുകാർക്ക് കൊടുക്കാൻ തയ്യാറാകാതെ, അതിനെ വളരെ ശക്തിയായി എതിർത്ത വിഭാഗക്കാരാണ് ഇപ്പോൾ പറയുന്നത്, 5 ഏക്കർ ഭൂമി കൊടുക്കത്തക്കവിധത്തിൽ ഒരു സാഹചര്യം ഉണ്ടാക്കണമെന്ന്. സർ, എന്തിന് ഇത്തരത്തിൽ എഴുതിവച്ചുന്നു എന്നു ഞാൻ ചോദിക്കുകയാണ്. 5 ഏക്കറിൽ കുറഞ്ഞു ഭൂമി കൊടുക്കാൻ പാടില്ലപോലും! ഭൂമിയില്ലാത്ത ലക്ഷക്കണക്കിനു കുടിപാർപ്പുകാർക്ക് വെറും 3 സെൻറു ഭൂമിയാണ് കുടികിടപ്പിനു് അംഗീകരിക്കാൻ തയ്യാറായത്. മിച്ചഭൂമികിട്ടുന്നവക്ക് വീടുണ്ടാക്കാൻ, അല്ലെങ്കിൽ മററു സൗകര്യങ്ങൾക്കു ഇത്രയധികം ഭൂമിയൊന്നും വേണ്ടിവരികയില്ല. ഇപ്പോൾ പറയുന്ന ന്യായം, കൃഷിഭൂമി തുണ്ടുതുണ്ടായിപ്പോകും, അങ്ങനെ കൃഷിഭൂമി തുണ്ടുതുണ്ടാക്കാൻപാടില്ല, 5 ഏക്കർവരെ ഭൂമി കൊടുത്താൽ മാത്രമേ, അവർക്കു കൃഷിചെയ്തു ജീവിക്കാൻ സൗകര്യം ഉണ്ടാകുകയുള്ളു, എന്നാണ് പ്ലാനിംഗ് കമ്മിഷൻെറ നിർദ്ദേശത്തിൽ ഉള്ളത് എന്നാണ്. സർ, പ്ലാനിംഗ് കമ്മിഷൻെറ നിർദ്ദേശങ്ങൾ എല്ലാംതന്നെ, തങ്ങളുടെ പ്രത്യേക ആവശ്യത്തിനു പററിയ ചില സന്ദർഭത്തിൽ സ്വീകരിക്കുകയും, നിരാകരിക്കുകയുംചെയ്യുന്ന ഒരു സമീപനരീതിയാണ് ഇതുവരെ ഇവിടെ പ്രകടമായി കണ്ടിട്ടുള്ളത്. ചില കാര്യങ്ങളിൽ പ്ലാനിംഗ് കമ്മിഷൻെറ നിർദ്ദേശം സ്വീകരിക്കാതിരിക്കുകയും, മററുചിലപ്പോൾ അതിൻെറ പാവനതയെ എടുത്തുപറഞ്ഞു ന്യായീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതു പലപ്പോഴും ഇവിടെ കേട്ടുകൊണ്ടിരിക്കുന്ന സംഗതിയാണ്. തങ്ങൾക്കു പ്രത്യേകതാല്പര്യമുള്ള വകുപ്പുകളെ സംബന്ധിച്ചിടത്തോളം, പ്ലാനിംഗ് കമ്മിഷൻെറ നിർദ്ദേശങ്ങൾ വലിച്ചെറിയാൻ മടിച്ചിട്ടില്ല. അങ്ങനെ ഒരു ന്യായമാണ് മിച്ചഭൂമി വിതരണത്തെസംബന്ധിച്ചു കൊണ്ടുവന്നിട്ടുള്ളത്. ഈ രാജ്യത്തു കിടപ്പാടമില്ലാത്ത ലക്ഷക്കണക്കിന് ആളുകൾ ഉണ്ട്. അവർക്ക വിതരണംചെയ്യാൻ കുറേ സ്ഥലംകിട്ടിയാൽ, കുറച്ചെങ്കിലും ഭൂമി അവർക്ക വിതരണംചെയ്യാൻ സാധിച്ചാൽ അവർ സംതൃപ്തരാകും. എൻെറ ഭേദഗതി സ്വീകരിച്ചാൽ, അങ്ങനെ വളരെ അധികം കുടുംബങ്ങളെ സംതൃപ്തരാക്കാൻ സാധിക്കും. 5 ഏക്കർവരെ മിച്ചഭൂമി കൊടുക്കാമെന്നു വ്യവസ്ഥചെയ്താൽ അതു സാധിക്കുകയില്ലെന്നുള്ളതു വളരെ വ്യക്തമാണ്.

ഈ ഗവണ്മെൻറ്, ഇതുവരെ അംഗീകരിച്ചിട്ടുള്ള വകുപ്പുകളും പരിശോധിച്ചാൽ, ഭരണാധികാരികളുടെയും, ഭരണകക്ഷിയുടെയും ഉദ്ദേശം എന്താണെന്നു വ്യക്തമാകും. തങ്ങൾക്ക് ഇഷ്ടപ്പെട്ടവർക്ക്, സ്വന്തം ആളുകൾക്കു ഭൂമി കൊടുക്കാൻ ഇപ്പോഴുംതന്നെ കണ്ടുവെച്ചിട്ടുണ്ടായിരിക്കും. അതുകൊണ്ടായിരിക്കും 5 ഏക്കർവരെ ഓരോ വ്യക്തിക്കും മിച്ചഭൂമി കൊടുക്കാമെന്നു ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്തുതന്നെ ന്യായങ്ങളുംപറഞ്ഞാലും, എത്ര സോഷ്യലിസം പറഞ്ഞാലും ആവഡി സോഷ്യലിസം പറഞ്ഞാലും, എങ്ങനെയെല്ലാം സോഷ്യലിസത്തെ വ്യാഖ്യാനിച്ചാലും ഈ നിയമം നടപ്പാക്കുന്ന സമയത്തു തങ്ങളുടെ സ്വന്തക്കാർക്കായിരിക്കും ഈ ആനുകൂല്യങ്ങൾ ലഭിക്കാൻ അവസരം ഉണ്ടാകുന്നതെന്നുള്ളതിനുയാതൊരു സംശയവുമില്ല. ഇവിടെ ഏതു കാര്യത്തിലും അങ്ങനെയൊരുനയം ഈ ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ട്. ഉദ്യോഗവിതരണ കാര്യത്തിലാണെങ്കിൽ, സ്വന്തം ആളുകളെനോക്കി ഉദ്യോഗം നൽകുകയും, മററുള്ളവരെ പോലീസു വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ പുറംതള്ളുകയും ചെയ്യുകയാണല്ലോ പതിവ്.

ശ്രീ. പി. ടി. ചാക്കോ: സർ, ഇതിൽ, 5 ഏക്കർവരെ കൊടുക്കാമെന്നുള്ളതിനു്, ഒരേക്കർവരെ മതിയെന്നുള്ള ഭേദഗതിയാണ് അവതരിപ്പിച്ചിരിക്കുന്നതു്. ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു കുടികിടപ്പുകാരുടെ കാര്യവും, പോലീസു വെരിഫിക്കേഷന്റെകാര്യവും മററുമാണു്. എന്തെങ്കിലും ഒരു ബന്ധംവേണ്ടേ ഭേദഗതിയുമായിട്ടു്?

ശ്രീ. പി. സി. രാഘവൻനായർ: കഴിഞ്ഞകാലത്തെ അനുഭവം വച്ചുകൊണ്ടു നിങ്ങൾ സ്വന്തക്കാർക്കുമാത്രമേ ഭൂമി കൊടുക്കു എന്നു പറയുകയായിരുന്നു.

ശ്രീ. പി. ടി. ചാക്കോ: കഴിഞ്ഞകാലത്തെ അനുഭവംവച്ചു പറയുകയാണെങ്കിൽ, ആരാണു അങ്ങനെ സ്വന്തക്കാർക്കു് കൊടുത്തിട്ടുള്ളതെന്നു വ്യക്തമാകും.

ശ്രീ. പി. സി. രാഘവൻനായർ: ഈ രാജ്യത്തു് ഇന്നു ഉദ്യോഗങ്ങൾ നൽകുന്നകാര്യത്തിൽ, നിയമം എങ്ങനെയിരുന്നാലും, ചില പ്രത്യേകകാരണം പറഞ്ഞു്, പോലീസു വെരിഫിക്കേഷന്റെ പേരിൽ തങ്ങൾക്കു് ഇഷ്ടമില്ലാത്തവരെ പുറംതള്ളുകയും, സ്വന്തക്കാർക്കു് ഉദ്യോഗം നൽകുകയും ചെയ്യുന്നതിനെപ്പററി പലപ്പോഴും ആക്ഷേപങ്ങൾ ഉയർന്നിട്ടുള്ളതാണു്. പി. എസ്. സി. തിരഞ്ഞെടുത്തുകഴിഞ്ഞാലും, പോലീസു് വെരിഫിക്കേഷന്റെ പേരിൽ പലർക്കും ഉദ്യോഗം നിഷേധിക്കുകയും, സ്വന്തക്കാർക്കു് ഉദ്യോഗം നൽകുകയും ചെയ്യുന്ന നിങ്ങൾ ഈ നിയമം പ്രയോഗത്തിൽ വരുത്തുമ്പോൾ, സ്വന്തക്കാർക്കു് 5 ഏക്കർവരെ ഭൂമി കൊടുക്കാൻവേണ്ടിയാണു് ഇങ്ങനെ വ്യവസ്ഥചെയ്യുന്നതെന്നാണു് ഞാൻ പറയുന്നതു്. ഗവണ്മെൻറിനെകൊണ്ടു നിയമമുണ്ടാക്കിച്ചു് സ്വന്തക്കാർക്കു് വേണ്ടിടത്തോളം ഭൂമി പതിച്ചുകൊടുക്കാനുള്ള ഒരു സൂത്രവിദ്യയാണു് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നതു്. അതുകൊണ്ടു് 5 ഏക്കർ എന്നുള്ളതു് മാററി, ഒരേക്കർ എന്നു ഭേദഗതിചെയ്യണമെന്നാണു പറയുന്നതു്. അതാണു് എന്റെ ഭേദഗതിയിൽ ആവശ്യപ്പെട്ടിരിക്കുന്നതു്.

ശ്രീ. പി. ടി. ചാക്കോ: ഈ ഭേദഗതിയിൽ പറയുന്നതു്, 5 ഏക്കർ എന്നുള്ളതു, ഒരേക്കർ എന്നാക്കണമെന്നാണു്, 5 ഏക്കർ കൊടുക്കണമെന്നു പറയുന്ന ഒരു ഭേദഗതി ഇല്ല.

ശ്രീ. പി. സി. രാഘവൻനായർ: മിച്ചഭൂമി ഒരേക്കർവരെ മാത്രമേ കൊടുക്കാവൂ എന്നാണു എന്റെ വാദം. തുടർന്നുവരുന്ന വകുപ്പുകളിൽ 5 ഏക്കറിൽ അധികം കൊടുക്കരുതു് എന്നു പറയുന്നുണ്ടു്. അതു ഒരേക്കർമാത്രമേ കൊടുക്കാവൂ എന്നാണു് എന്റെ അഭിപ്രായം. ഞാൻ പറയുന്നതു ഭൂമി അധികം കൊടുക്കാൻപാടില്ലെന്നാണു്. തീരെ ഭൂമിയില്ലാത്തവർക്കു കുറച്ചു ഭൂമി കൊടുത്താൽമതി, അതു് ഒരേക്കർ മതിയാവും. 5 ഏക്കർവീതം കൊടുത്താൽ

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ മിച്ചഭൂമി വിതരണംചെയ്യാൻ അധികം കാണുകയില്ല. അധികം ആളുകൾക്കു ഭൂമികൊടുക്കണമെങ്കിൽ, ഒരേക്കർ എന്നു വ്യവസ്ഥചെയ്യുകയായിരിക്കും നല്ലതു്. ഈ നിയമത്തിന്റെ നല്ല ഉദ്ദേശങ്ങളെ പരാജയപ്പെടുത്തുന്ന വകുപ്പുകൾ കഴിയുന്നതും ഇതിൽനിന്നു് ഒഴിവാക്കേണ്ടതാണു്. അതിനുവേണ്ടി ഈ ഭേദഗതി അംഗീകരിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. എ. തൊമ്മൻ: ആദ്യം പാസ്സാക്കിയ നിയമത്തിൽ, 5 ഏക്കർ എന്നുള്ളതിനുപകരം, ഡബിൾക്രോപ്പ്നിലം എന്നായിരുന്നു. അങ്ങനെ നോക്കുമ്പോൾ ഇതിനേക്കാൾ കൂടുതൽ ആയിരുന്നില്ലേ അതു്?

ശ്രീ. പി. സി. രാഘവൻ നായർ: കഴിഞ്ഞ നിയമം, ഭരണഘടനാവിരുദ്ധമാണെന്നും, പോരായ്മകൾ നിറഞ്ഞതാണെന്നും പറഞ്ഞിട്ടാണല്ലോ പുതിയ നിയമം കൊണ്ടുവന്നിരിക്കുന്നതു്. ഇനി ആ നിയമത്തിൽ പിടിച്ചുതൂങ്ങുന്നതെന്തിനു്?

സർ, എന്റെ ഭേദഗതി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, എന്റെ ഭേദഗതി ഇവിടെ വായിക്കുകയാണു്. 'In clause 92' substitute 'less than two' instead of "less than five" in line three.

മിച്ചഭൂമി വിതരണത്തെസംബന്ധിച്ചിടത്തോളം, 5 ഏക്കറിനു താഴെയുള്ളവർക്കു 5 ഏക്കർവരെ ആകുന്നതിനുവേണ്ടി, ഭൂമി കിട്ടുന്നതിനായി അപേക്ഷിക്കാമെന്നു പറഞ്ഞിട്ടുണ്ടു്. എന്നാൽ എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്, 2 ഏക്കറിൽ കുറവായുള്ളവർക്കുമാത്രമെ, ഭൂമിക്കുവേണ്ടി അപേക്ഷിക്കാൻപാടുള്ളു എന്നാണു്. അതിന്റെ കാരണം, ഈ ബിൽ നിയമമായിത്തീരുന്നതോടുകൂടി ബില്ലിന്റെ 79-ം, 80-ം വകുപ്പനുസരിച്ചു വിഭജിച്ചുകഴിഞ്ഞാൽ, വളരെ കുറച്ചുമാത്രമെ മിച്ചഭൂമി കാണുകയുള്ളു എന്നു നമുക്കു കാണാൻകഴിയും. എന്നാൽ അപ്രകാരം ലഭിക്കുന്ന മിച്ചഭൂമി ഭൂരഹിതർക്കുവേണ്ടി പരമാവധി പ്രയോജനപ്പെടുത്തണമെന്നുള്ളതാണു് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. ആ നില വച്ചുകൊണ്ടു നോക്കുകയാണെങ്കിൽ, രണ്ടേക്കറിൽതാഴെയുള്ളവർക്കു് ആയിരിക്കണം കൃഷിക്കുവേണ്ടി ഭൂമി വിതരണംചെയ്യേണ്ടതു്. ആയതിനാൽ ആ കാരണത്തെ മുൻനിറുത്തി എന്റെ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. ആർ. കൃഷ്ണൻ: എന്റെ ഭേദഗതി ഞാൻ വായിക്കാം. In clause 92, after the words "in extent' and before the word "may" add as follows :

"and whose monthly income is not more than Rs. 200".

ഒരാൾ തന്റെ കൈവശം ഉള്ള ഭൂമി 5 ഏക്കറിനു താഴെയായുള്ള എന്ന കാരണത്താൽ, കൂടുതൽ ഭൂമിക്കുവേണ്ടി ആവശ്യപ്പെടുമ്പോൾ ആ ആളെ സംബന്ധിച്ചിടത്തോളം മാസത്തിൽ 200 രൂപയിൽ കൂടുതൽ വരുമാനം ഇല്ലെന്നുകൂടി തെളിയിക്കേണ്ടതുണ്ടു്. കൈവശഭൂമി അഞ്ചു ഏക്കറിൽ കൂടുതൽ ഇല്ലാത്തതാണെന്നുള്ള കാരണംപറഞ്ഞു കൂടുതൽ ഭൂമി ലഭിക്കുന്നതിനുവേണ്ടിയുള്ള ആഗ്രഹംകൊണ്ടു് അപ്രകാരം ആവശ്യപ്പെടാൻ സാദ്ധ്യതയുണ്ടു്. എന്നാൽ, 200 രൂപയിൽ കൂടുതൽ മാസവരുമാനം അയാൾക്കു കിട്ടുന്നു എന്നു കാണുന്ന പക്ഷം, കൂടുതൽ ഭൂമി അങ്ങനെയുള്ളവർക്കു കൊടുക്കുന്നതു് ശരിയല്ലെന്നാണു് എന്റെ അഭിപ്രായം. ആയതിനാൽ ഈ ഭേദഗതി പാസ്സാക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ പി. നാരായണൻ തമ്പി: സർ, ഇവിടെ ശ്രീ. ആർ. കൃഷ്ണൻ അവതരിപ്പിച്ച 1722-ാംനമ്പർ ഭേദഗതിയെ അനുകൂലിച്ചുകൊണ്ടു ഞാൻ സംസാരിക്കുകയാണു്. ഈ ബില്ലു നിയമമാകുന്നതോടുകൂടി 5 ഏക്കറിനു താഴെയുള്ളവർക്കു് 5 ഏക്കർവരെ തികയുന്നതുവരെ മിച്ചഭൂമി വിതരണംചെയ്യാമെന്നു വ്യവസ്ഥ വയ്ക്കുമ്പോൾ, കൈവശഭൂമിയില്ലുള്ള ആദായത്തെക്കൂടി

LIBRARY ARCHIVES Kerala Legislative Assembly

പരിഗണിക്കേണ്ടതുണ്ട്. ചില സ്ഥലങ്ങളിൽ കൈവശഭൂമി രണ്ടോമൂന്നോ ഏക്കറാണെങ്കിൽ തന്നെയും ആണെങ്കിൽ ഒരു നല്ല വരുമാനമാണ് അതിൽ നിന്നും ലഭിക്കുന്നത്. അപ്പോൾ അവിടെ വരുമാനത്തിനു കുറെ പ്രാധാന്യം കല്പിക്കേണ്ടതായിട്ടാണിരിക്കുന്നത്. മറ്റു ചില സ്ഥലങ്ങളിൽ കൂടുതൽ ഭൂമിയുണ്ടെങ്കിൽതന്നെയും ആദായരഹിതമായിരിക്കുകയുംചെയ്യും. ആയതിനാൽ 5 ഏക്കറിനുതാഴെയുള്ളവർക്ക് ഭൂമി വിതരണംചെയ്യും എന്നുപറയുമ്പോൾ, കൈവശഭൂമിയെ സംബന്ധിച്ചിടത്തോളമുള്ള വരുമാനംകൂടി പരിഗണിക്കേണ്ടതുണ്ട്. ആയതിനാൽ 5 ഏക്കറിനുതാഴെ ഭൂമിയുള്ളവരോ അല്ലെങ്കിൽ മാസവരുമാനം 200 രൂപയില്ലാത്തവരോ ആയ ആളുകൾക്ക് കൂടുതൽ ഭൂമി പതിച്ചുകൊടുക്കുമെന്നുള്ള ഒരു നിബന്ധനകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം.

Shri P. T. Chacko: I don't accept any of the amendments; Mr. Thampi and other friends who spoke on this will kindly see that it is not imperative that the assignment should be for five acres of land. It is the maximum prescribed.

Shri P. C. Raghavan Nair: Yes Sir.

Amendment No. 1387 moved by Shri P. C. Raghavan Nair was put and lost.

Amendment No. 1721 moved by Shri P. K. Kunjachan was pu and lost.

Amendment No. 1722 moved by Shri R. Krishnan was put and lost.

Amendment No. 1711 moved by the Minister was put and carried namely;

In clause 92, for the words "Any person who does not possess any land", the words, figures and letter 'Subject to the provisions of Section 91A, any person who does not possess any land', shall be substituted—

The question that clause 92, as amended, stand part of the Bill was put and carried.

Clause 92, as amended, was added to the Bill.

CLAUSE 93.

Shri R. Krishnan: I move amendments Nos. 929, 1712, 1713, 1714 and 1715.

929. In clause 93 sub-clause (1) (c), first proviso insert "or widows" after the word 'ex-servicemen'.

1712. In clause 93 (1) (ii) (a) substitute "75 per cent" for 'fifty per cent'.

1713. In clause 93 (1) (ii) (b), substitute "12½ %" for the words 'twenty five per cent'.

1714. In clause 93 (1) (ii) (b) add the following at the end: "and whose monthly income is not more than Rs. 200".

1715. In clause 93 (1) (ii) (c), substitute 'twelve and a half' for the words "twenty five".

LIBRARY ARCHIVES Kerala Legislative Assembly

Shri P. K. Kunjachan: I move amendment No. 1723:

In clause 93 (1) (ii) (c), substitute "more than two" instead of more than 5.

ശ്രീ. ആർ. കൃഷ്ണൻ: സർ, ഞാൻ അവതരിപ്പിക്കുന്ന ഭേദഗതി ഞാൻ ഇവിടെ വായിക്കുകയാണ്.

In clause 93 (1) (ii) (a), substitute "75 per cent" for 'fifty per cent'.

മിച്ചഭൂമിയിൽ നിന്നും 50 ശതമാനം ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്കുവേണ്ടി പതിച്ചുകൊടുക്കണമെന്നാണ ബില്ലിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്, 50 ശതമാനം എന്നതിനു പകരം, 75 ശതമാനം എന്നാക്കി ഉയർത്തണമെന്നാണ്.

അടുത്ത ഭേദഗതി (1713):

In clause 93 (1) (ii) (b), substitute "12½ per cent" for the words 'twenty five per cent'.

മിച്ച ഭൂമിയിൽനിന്നും 25 ശതമാനം ചെറുകിടക്കാർക്കും അതുപോലെ മറ്റു ചെറുജന്മിമാർക്കും വിതരണം ചെയ്യുമെന്നാണ് പറഞ്ഞിരിക്കുന്നതെങ്കിലും, 25 ശതമാനം എന്നുള്ളതുമാറ്റി അവിടെ പന്ത്രണ്ടര ശതമാനം എന്നു തിരുത്തി എഴുതണമെന്നാണ് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. അങ്ങനെയായാൽ ഭൂരഹിതർക്ക് കൂടുതൽ ഭൂമി നൽകാൻ സാധിക്കുന്നതാണ്.

അടുത്തതായി, 1714-ാം നമ്പർ ഭേദഗതിയാണ് അവതരിപ്പിക്കുന്നത്.

In clause 93 (1) (ii) (b), add the following at the end: "and whose monthly income is not more than Rs. 200".

മിച്ചഭൂമി വിതരണം ചെയ്യുമ്പോൾ, അയാളുടെ മാസവരുമാനം 200 രൂപയിൽ കൂടാൻപാടില്ലെന്നുള്ള വ്യവസ്ഥകൂടി ബില്ലിൽ ഉൾക്കൊള്ളിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ ഭേദഗതിയും ഇവിടെ അവതരിപ്പിക്കുന്നത്. ഈ കാര്യം ഈ ബില്ലിന്റെ 92-ാം വകുപ്പിനെപ്പറ്റി ഹാജരാക്കിയിട്ടുള്ള ഭേദഗതിയിലും ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആയതിനാൽ കൂടുതൽ വിശദീകരിക്കുന്നില്ല.

അടുത്തതായി, ഭേദഗതി 1715 ആണ്.

In clause 93 (1) (ii) (c), substitute 'twelve and a half' for the words "twenty five".

മിച്ചഭൂമിയുടെ 25 ശതമാനം 5 ഏക്കറിൽകുറവുള്ള കർഷകർക്ക് വിതരണം ചെയ്യണമെന്നു പറഞ്ഞിരിക്കുകയാണ്. അവിടെ 25 ശതമാനം എന്നുള്ളതു മാറ്റി മിച്ചഭൂമിയിൽ പന്ത്രണ്ടരശതമാനം എന്നു വ്യവസ്ഥചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ബില്ലിലെ 1(എ) ഉപവകുപ്പിൽ പറയുന്ന 50 ശതമാനം മിച്ചഭൂമി എന്നുള്ളത് 75 ശതമാനം മിച്ചഭൂമി എന്നാക്കി മാറ്റുകയും ആ കൂട്ടത്തിൽ ഭൂമിയില്ലാത്ത എക്സ്സർവ്വീസുകാരുടെ കാര്യം പ്രത്യേകം പരിഗണിക്കുകയും ചെയ്യേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: എന്റെ ഭേദഗതിയെപ്പറ്റി കൂടുതൽ സംസാരിക്കണമെന്നു വിചാരിക്കുന്നില്ല. അതുകൊണ്ട് ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

Shri P. T. Chacko: I don't accept these amendments. The principle was discussed, when we discussed Clause 92.

Shri R. Krishnan: Sir, I press my amendments.

Amendments Nos. 929 and 1712, 1713, 1714 and 1715, moved by Shri R. Krishnan, were put and lost.

LIBRARY ARCHIVES Kerala Legislative Assembly

Amendment No. 1723 moved by Shri P. K. Kunjachan, was,dy leave, withdrawn.

The question that clause 93 stand part of the Bill was put anb carried.

Clause 93 was added to the Bill.

CLAUSE 94.

Shri R. Krishnan: I move amendments 932 and 1716:

932. In clause 94, after sub-clause (3) add a proviso as follows:

"Provided that if the assignee is an ex-serviceman, the purchase price of the land assigned on registry under section 93 shall be an amount equal to twenty five percent of the market value of the land".

1716. In clause 94, delete sub-clause (2).

Shri P. K. Kunjachan: I move amendment No. 1724:

In clause 94(1), substitute 'fifty percent' for 'fifty five percent'.

ശ്രീ. ആർ. കൃഷ്ണൻ: സർ, ഈ ബില്ലിലെ 94-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പ് എടുത്തുകളയണമെന്നുള്ളതാണ് എന്റെ ഭേദഗതി. അതു ഞാൻ ഇവിടെ വായിക്കാം.

In clause 94, delete sub-clause (2)

മിച്ചഭൂമി വാങ്ങുമ്പോഴും, അതിന്റെ വില മുഴുവനായോ അല്ലെങ്കിൽ തവണകളായോ കൊടുക്കാമെന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്. അങ്ങനെ കൊടുക്കുമ്പോഴും, അതായത് തവണകളിലായി കൊടുക്കുമ്പോഴും നിലനില്ക്കുന്ന ആകെ സംഖ്യയ്ക്കു നാലരശതമാനം വീതം പലിശ കൊടുക്കണമെന്നും പറഞ്ഞിരിക്കുകയാണ്. അപ്രകാരം ചെയ്യുന്നതുകൊണ്ടു ഭൂമി വാങ്ങിക്കുന്നവർക്കു വലിയ നഷ്ടമാണുണ്ടാകുന്നത്. തന്നാണ്ടുപാട്ടത്തിനുപുറമേ $4\frac{1}{2}$ ശതമാനം പലിശയും കൊടുക്കാൻ കുടിയാനു കഴിവുണ്ടാവുകയില്ല. അതുകൊണ്ട് 94-ാം വകുപ്പിന്റെ സബ്ക്ലാസ് 2 എടുത്തുകളയണമെന്നാണ് എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

ഞാൻ അവതരിപ്പിച്ച മറ്റേ ഭേദഗതി നമ്പർ 932 ആണ്.

In clause 94, after sub clause (3) add a proviso as follows:

"Provided that if the assignee is an ex serviceman the purchase price of the land assigned on registry under section 93 shall be an amount equal to twenty five percent of the market value of the land"

ഈ ബില്ലിന്റെ 93-ാം വകുപ്പനുസരിച്ച് മിച്ചഭൂമി വിതരണം ചെയ്യുമ്പോഴും എക്സ് സർവ്വീസുകാർക്കു മുൻഗണന കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ട്. 94-ാം വകുപ്പനുസരിച്ച് ഭൂമി വാങ്ങുമ്പോഴും അന്നത്തെ മാർക്കറ്റുനിരക്കിന്റെ 55 ശതമാനം വിലയായി കൊടുക്കണമെന്നും പറഞ്ഞിരിക്കുകയാണ്. എന്നാൽ ഈ 55 ശതമാനം എന്നുള്ളതു മാററി 25 ശതമാനം എന്നാക്കുന്നത് അവരെ സംബന്ധിച്ചിടത്തോളം വളരെ ഉപകാരപ്രദമായിരിക്കും. ആയതുകൊണ്ട് ഞാൻ മേലുദ്ധരിച്ച രണ്ടുഭേദഗതികളും പാസാക്കണമെന്നു അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, എന്റെ ഭേദഗതി ഞാൻ വായിക്കുകയാണ് —

"In clause 94 (1), substitute 'fifty per cent' for "fifty five per cent".

സർ, മിച്ചഭൂമിയെടുക്കുമ്പോഴും, കാമ്പൻസേഷൻ കൊടുക്കുന്നത് മാർക്കററു വിലയുടെ 55 ശതമാനമായിരിക്കണമെന്നാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ള ബില്ലിലെ വ്യവസ്ഥ. അതു 50 ശതമാനമാക്കണമെന്നു ഞാൻ ഒരു ഭേദഗതി അവതരിപ്പിച്ചിട്ടും അതു അംഗീകരിച്ചിട്ടില്ല. കൃഷിക്കാർക്കു ലാൻഡു അസൈൻ ചെയ്യുമ്പോഴും വിലയായി 55 ശതമാനം ഈടാക്കണമെന്നുള്ളതു 50

LIBRARY ARCHIVES Kerala Legislative Assembly

ശതമാനം എന്നാക്കണമെന്നാണ് എന്റെ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്, എന്നാൽ ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നത് 55 ശതമാനം എന്നാണ്. എന്നിരിക്കിൽതന്നെയും ഒരു ലാൻഡ് ലെജിസ്ലേഷൻ നടപ്പിൽവരുത്തുമ്പോൾ കർഷകർക്കുവേണ്ടി അൽപസ്വല്പം നഷ്ടം സഹിച്ചാലും തരക്കേടില്ല, 55 എന്നുള്ളത് 50 ആക്കി കുറയ്ക്കണമെന്നാണ് എന്റെ അപേക്ഷ കേവലം ഒരു ന്യായംമാത്രമായ ഈ അപേക്ഷ ഗവൺമെന്റുഭാഗത്തുനിന്നും അംഗീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

Shri P. T. Chacko: Sir, fiftyfive percent of the market value was the rate fixed in the Agrarian Relations Act also. Government do not intend to make any profit in taking over the excess land and then assigning. Likewise, Government intend only to provide the machinery necessary for the work. It may not be possible for the Government to undertake any burden. The Clause may be accepted as it is.

Amendment No. 932 moved by Shri. R. Krishnan was put and lost.

Amendment No. 1716 moved by Shri. R. Krishnan was put and lost.

Amendment No. 1724 moved by Shri. P. K. Kunjachan was put and lost.

The question that Clause 94 stand part of the Bill was put and carried.

Clause 94 was added to the Bill.

CLAUSE 95

Mr. Chairman: The question is that clause 95 stand part of the Bill.

The question that Clause 95 stand part of the Bill was put and carried.

Clause 95 was added to the Bill.

(Mr. Speaker in the Chair)

CLAUSE 96

Mr. Speaker: The following amendments may be moved:

Amendment No. 933 by Shri. K. Chandrasekharan, amendment No. 1391 by Shri. T. K. Ramakrishnan, amendment Nos. 1392 and 1480 by Shri. E. P. Gopalan, amendment No. 1393 by Shri. P. Narayanan Thampi, amendment No. 1394 by Shri. P. C. Raghavan Nair, amendment No. 1725 by Shri. K. Krishnan, amendment No. 1726 by Smt. K. R. Gouri, and amendment No. 1727 by Shri. P. K. Kunjachan.

Amendment Nos. 934 and 935 are the same as amendment No. 933. So they need not be moved.

Shri. O. Koran: Sir, I am not moving amendment No. 933 which is in the name of Shri K. Chandrasekharan.

Shri. T. K. Ramakrishnan: Sir, I move amendment No. 1391:

Recast clause 96 as follows:

LIBRARY ARCHIVES Kerala Legislative Assembly

"The Government may, by notification in the Gazette, constitute for any area within the jurisdiction of one or more local authorites in the State a Land Tribunal consisting of three members for the purpose of performing the functions of the Land Tribunal under this Act. Of the three members, one shall be a person nominated by the Government from Advocates with not less than three years standing at the bar or from persons who are or had been, judicial or revenue officers. He shall be the persiding officer of the Tribunal. The other two members shall be elected from among themselves by the members of the local authority or the local authorities of the area for which the Land Tribunal has been constituted."

Shri. E. P. Gopalan: I move amendment Nos. 1392 and 1480:

1392. Delete clause 96 and substitute the following as clause 96:

'Constitution of a Land Tribunal:- The Government may, by notification in the Gazette, constitute for any area specified there in a Land Tribunal consisting of a sole member, who shall be a judicial officer not below the rank of a Munsiff or a Revenue Officer not below the rank of a Tahsildar for the purpose of performing the functions of a Land Tribunal under this Act.'

1480. Rewrite clause 96 as follows:

"The Government may by notification in the Gazette constitute for any area comprising one or more Panchayats a Land Tribunal consisting of a presiding officer who shall be a lawyer of five years' standing and two other members elected by the members of the Panchayat or Panchayats from among themselves."

Shri P. Narayanan Thampi: I am moving amendment No. 1393

1393. In clause 96 after the words 'sole member' in line four substitute the following:

"who shall be a Revenue Officer not below the rank of a Tahsildar, having the prescribed qualifications or a judicial officer of the rank of a munsiff for the purposes of performing the functions of a Land Tribunal under this Act."

Shri. P. C. Raghavan Nair: I move amendment No. 1394.

In clause 96, in line 5, after 'Munsiff' insert the words 'or a Revenue Officer of the rank of a Tahsildar.'

Shri. K. Krishnan: I move amendment No. 1725,

Recast clause 96 as follows:

"96. *Constitution of the Land Tribunal*: The Government may by notification in the Gazette constitute for each N.E.S. Block area in the State a Land Tribunal consisting of three members. Of the three Members one shall be a person nominated by the Government from advocates of law with not less than three years standing at the bar. He shall be the presiding officer of the Tribunal. The other two members shall be elected from among themselves by the members of the Panchayats in the N. E S. Block area for which the Land Tribunal has been constituted."

Smt. K. R. Gouri: I move amendment No. 1726: In clause 96, delete the portion 'or for any class of cases specified therein'

Shri. P. K. Kunjachan: I move amendment No. 1727: In clause 96, after the word 'Munsiff' insert the following:

'or a Revenue Officer not below the rank of a Tahsildar'.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, മുനിസിഫിന്റെ അതേ റാങ്കിലുള്ള ഒരു ജൂഡീഷ്യൽ ആഫീസർ ലാൻഡ് ട്രിബൂണൽ എന്നുള്ള നിലയ്ക്ക് പ്രവർത്തിക്കാമെന്നാണ് ഈ വകുപ്പിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതിനുപകരമായി മൂന്നുപേർ അടങ്ങുന്ന ഒരു ലാൻഡ് ട്രിബൂണൽ എന്നുള്ള നിലയിൽ ഒരു ഭേദഗതി വരുത്തണമെന്നാണ് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. മൂന്നു അംഗങ്ങളിൽ ഒന്ന് മൂന്നുകൊല്ലമെങ്കിലും പ്രാക്ടീസ് ചെയ്ത പരിചയമുള്ള ഒരു അഡ്വക്കേററും മററു രണ്ടുപേർ ലാൻഡ് ട്രിബൂണൽ പ്രവർത്തിക്കുന്ന അതിർത്തിയിലുള്ള പഞ്ചായത്തിലെ രണ്ടു മെമ്പറന്മാരും ആയിരിക്കണം. അങ്ങനെയുള്ള മൂന്നുപേരെ സംഘടിപ്പിച്ച് ഒരു ലാൻഡ് ട്രിബൂണൽ ഉണ്ടാക്കണമെന്നാണ് എന്റെ ഭേദഗതികൊണ്ട് ആവശ്യപ്പെടുന്നത്. ഈ ഭേദഗതിയിലുള്ള തത്വം ഭൂപരിഷ്കാരം നടപ്പിലാക്കുന്ന കാര്യത്തിൽ പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ളതും, പഞ്ചവത്സരപദ്ധതികളുടെ പ്രവർത്തനത്തിൽ അംഗീകരിച്ചിട്ടുള്ളതുമാണ്. ഒരു ഭൂപരിഷ്കാരം നിയമം നടപ്പിൽ വരുത്തുമ്പോൾ ഏററവും എളുപ്പത്തിൽ കൃഷിക്കാർക്ക് അതിന്റെ ഗുണം ലഭിക്കേണ്ടതാണ്. അങ്ങനെ ഏററവും എളുപ്പത്തിൽ കൃഷിക്കാർക്ക് ഗുണം ലഭിക്കുന്നതിന് ഞാൻ പറഞ്ഞ രീതിയിലുള്ള ലാൻഡ് ബോർഡുകൾ സംഘടിപ്പിക്കേണ്ടതാവശ്യമാണ്. ലാൻഡ് ട്രിബൂണൽ കൈകാര്യം ചെയ്യുന്നതായി നിയമത്തിൽ പറയുന്നത്, മര്യാദപ്പാട്ടം നിർണ്ണയിക്കുകയും മര്യാദപാട്ടം നിർണ്ണയിച്ചതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ ഭൂമി വാങ്ങിക്കുന്നതിനുള്ള അവകാശം സമ്പാദിക്കാൻ കൃഷിക്കാർക്ക് സൗകര്യം ഉണ്ടാക്കിക്കൊടുക്കലുമാണ്. മൊത്തവിളവ് എത്രയാണെന്നു കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ ഈ നിയമത്തിൽ പറയുന്നതോതിലുള്ള മര്യാദപ്പാട്ടം കണക്കാക്കുകയെന്നുള്ളതാണ് ലാൻഡ് ട്രിബൂണലിന്റെ മുഖ്യമായ ജോലി. ഇതിനുമുമ്പു പാസാക്കിയ നിയമത്തിലും രണ്ടു പഞ്ചായത്തു മെമ്പറന്മാരും ഒരു അഡ്വക്കേററും (ചെയർമാൻ) ചേർന്നിട്ടുള്ള ലാൻഡ് ട്രിബൂണൽ എന്നായിരുന്നു. അങ്ങനെ സംഘടിപ്പിക്കാനുള്ള കാരണം. മൊത്തവിളവു കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ മര്യാദപ്പാട്ടം നിശ്ചയിച്ച് കൃഷിക്കാർക്ക് കഴിയുന്നത്ര വേഗം ആശ്വാസം കൊടുക്കുന്നതിനുവേണ്ടിയാണ്. അതിനു രണ്ടു കാര്യങ്ങൾ സ്വീകരിക്കണം. ഒന്നു, വളരെ എളുപ്പത്തിൽ കാര്യങ്ങൾ തീരുമാനിക്കാനുള്ള കമ്മിററിയെ സംഘടിപ്പിക്കണം. രണ്ടാമത്തു് വളരെ ചുരുങ്ങിയ ഏരിയായ്ക്കുള്ളിൽ ഒരു ലാൻഡ് ട്രിബൂണൽവീതം സംഘടിപ്പിക്കണം. അങ്ങനെ ഓരോ ചുരുങ്ങിയ അതിർത്തിയിലും സംഘടിപ്പിക്കുമ്പോൾ ആ അതിർത്തിയ്ക്കകത്തുള്ള പഞ്ചായത്തുകളിൽനിന്നും രണ്ടുപേരെവീതം ഇതിലെ അംഗങ്ങളാക്കുകയാണെങ്കിൽ കൃഷിക്കാരിൽനിന്നും ജന്മിമാരിൽനിന്നും തെളിവെടുക്കുന്നതിനും വളരെവേഗം തീർപ്പുണ്ടാക്കുന്നതിനും സാധിക്കും., അല്ലെങ്കിൽ വളരെവേഗം അപേക്ഷകളിന്മേൽ തീരുമാനം എടുക്കാൻ സാധിക്കാതെവരും. ഇവിടെതന്നെ ചോദ്യത്തിനു മറുപടിയായി പറഞ്ഞിട്ടുണ്ടു് ഒരു ലക്ഷത്തിൽപരം അപേക്ഷ ലാൻഡ് ട്രിബൂണലിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും പതിനെട്ടായിരത്തോളം അപേക്ഷകളിൽ മാത്രമേ തീരുമാനം എടുത്തിട്ടുള്ളുവെന്നു്. ഇങ്ങനെ വളരെ കുറച്ചു അപേക്ഷകളിൽ മാത്രമേ ഇപ്പോൾ തീരുമാനം എടുക്കാൻ സാധിക്കുന്നുള്ളു. ജൂഡീഷ്യൽ ഓഫീസർ കോടതിയെന്നുള്ള നിലയ്ക്ക് പ്രവർത്തിക്കുമ്പോൾ സാങ്കേതികമായ പലതും നോക്കാനുള്ളതുകൊണ്ടാണ് ഇത്രയധികം കാലതാമസം വരുന്നത്. ഇപ്പോൾ കൂടുതൽ ലാൻഡ് ട്രിബൂണലുകൾ നിശ്ചയിച്ചിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ ഒന്നും ഫലപ്രദമാകുന്നില്ല. അതു് ഒഴിവാക്കി മര്യാദപ്പാട്ടം നിർണ്ണയിക്കലും അതിന്റെ അടിസ്ഥാനത്തിൽ ഉടമാവകാശം കിട്ടലും, എന്ന നിലയ്ക്കുള്ള ആനുകൂല്യങ്ങൾ കൃഷിക്കാർക്ക് പെട്ടെന്നു ലഭിക്കണമെന്നുണ്ടെങ്കിൽ ചുരുങ്ങിയ ഏരിയായ്ക്കുള്ളിൽ ലാൻഡ് ബോർഡുകൾ സംഘടിപ്പിക്കണം. ഇങ്ങനെ സംഘടിപ്പിക്കുന്ന ലാൻഡ് ട്രിബൂണലുകളിൽ ആ അതിർത്തിയിലുള്ള പഞ്ചായത്തു മെമ്പറന്മാർ ഉണ്ടായിരുന്നാൽ കൃഷിക്കാരുടെ കാര്യങ്ങൾ അറിഞ്ഞു അവർക്ക് ഗുണം കിട്ടുന്ന രീതിയി

ലുള്ള പ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കും. പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള പ്രധാനപ്പെട്ട തത്വവും ഇതാണ്. ഭൂപരിഷ്കാരത്തിന്റെ പ്രത്യേകതയെ വിലയിരുത്തിക്കൊണ്ട്, ഭൂപരിഷ്കരണത്തിന്റെ പ്രാഥമികഫലം അഭിവൃദ്ധിപ്പെടുത്തുന്നതിന് ജനസമ്മതിയുള്ള ഭരണയന്ത്രം കണ്ടുപിടിക്കുകയെന്നുള്ളതാണ്. അങ്ങനെ ജനസമ്മതിയുള്ള ഭരണയന്ത്രം കണ്ടുപിടിക്കുകയെന്നു പറഞ്ഞാൽ ഭൂനയം നടപ്പിലാക്കുന്നതിൽ പഞ്ചായത്തുകൾക്ക് വലിയ സ്ഥാനമുണ്ടെന്നാണ്. അങ്ങനെ ഭൂനിയമം നടപ്പിൽ വരുത്തുമ്പോൾ അതിൽ പഞ്ചായത്തുകൾക്ക് വലിയ ഒരു പങ്കു വഹിക്കാനുള്ള സന്ദർഭം കൊടുക്കണം. എന്നാൽ ഈ നിയമത്തിൽ പഞ്ചായത്തുകൾക്ക് ഒരു ഭാഗത്തും പങ്കു വഹിക്കുന്നതിനുള്ള സ്ഥാനം കൊടുക്കുന്നില്ല. അപ്പോൾ പ്ലാനിംഗ് കമ്മീഷൻ പറഞ്ഞിട്ടുള്ളതും ഇതുമായി എങ്ങനെ പൊരുത്തപ്പെടുമെന്നാണ് ഞാൻ ചോദിക്കുന്നത്. പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടിയും സഹായത്തോടുകൂടിയും ഭൂപരിഷ്കാരം നടപ്പിൽ വരുത്തണമെന്നുള്ളതാണ് എല്ലാവരും അംഗീകരിച്ചിട്ടുള്ള തത്വം. മാത്രമല്ല ഈ നിയമസഭയിൽതന്നെ പാസാക്കിയ പഞ്ചായത്ത് ആക്റ്റിൽ പഞ്ചായത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ചും അധികാരത്തെ സംബന്ധിച്ചും അതിലെ 57-ാം വകുപ്പ് 'കെ' ഉപവകുപ്പിൽ പറയുന്നതു്:

(k) Assistance in the implementation of Land Reforms

എന്നാണ്. ഈ സ്കീം നടപ്പിലാക്കുന്ന കാര്യത്തിലും ഭൂപരിഷ്കരണനിയമം നടപ്പിലാക്കുന്ന കാര്യത്തിലും എന്തുസ്ഥാനമാണ് പഞ്ചായത്തുകൾക്ക് കൊടുത്തിട്ടുള്ളത്? പ്ലാനിംഗ് കമ്മീഷൻ പറഞ്ഞിട്ടുള്ളതനുസരിച്ചും നമ്മുടെ നിയമസഭയിൽ പാസ്സാക്കിയിട്ടുള്ള നിയമമനുസരിച്ചും പഞ്ചായത്തുകൾക്ക് കൊടുത്തിട്ടുള്ളതായ പങ്ക് ഭൂപരിഷ്കാര നിയമത്തിലെ ഈ വകുപ്പിൽ ഉള്ളതായി കാണുന്നില്ല. അതേപോലെതന്നെ ഈ ബിൽ ഇവിടെ അവതരിപ്പിച്ച സന്ദർഭത്തിൽ റിക്കാർഡ്സ് ഓഫ് റൈറ്റ് ഉണ്ടാക്കുന്ന കാര്യത്തിൽ പഞ്ചായത്തുകൾക്കുകൂടി അധികാരം കൊടുക്കണമെന്നുള്ള ഒരു ഭേദഗതി ഞാൻ ഇവിടെ അവതരിപ്പിച്ചപ്പോൾ, അതു് സ്വീകരിക്കാതെ മന്ത്രി പറഞ്ഞതു് പഞ്ചായത്തുകൾക്ക് ആ അധികാരം കൊടുക്കാൻ സാദ്ധ്യമല്ലെന്നും പഞ്ചായത്തുകൾ അത്രത്തോളം വളർന്നിട്ടില്ലെന്നുമാണ്. നമ്മുടെ പഞ്ചായത്തുകൾ ഇക്കാര്യത്തിൽ വേണ്ടത്ര നീതി പ്രവർത്തിക്കുകയില്ലെന്ന് സ്വന്തമായ അഭിപ്രായത്തിലാണ് അദ്ദേഹം ഈ കാര്യം പഞ്ചായത്തുകൾക്ക് കൊടുക്കുന്നതിനുള്ള തടസ്സം പറയുന്നതു്. സ്വയം ഭരണസ്ഥാപനങ്ങൾ എന്നുള്ള നിലയ്ക്ക് പഞ്ചായത്തുകൾ വളർന്നുകഴിഞ്ഞിട്ടുണ്ടെന്നും കാര്യങ്ങൾ ചെയ്യാൻവേണ്ടി അതു് വളർന്നിട്ടുണ്ടെന്നും അനുമാനിക്കുകയും ചെയ്യുക. എന്നാൽ മറുവശത്തു് അതിനാസ്പദമായി ചെയ്യേണ്ട കർത്തവ്യങ്ങൾ ഏല്പിക്കേണ്ട കാര്യങ്ങൾ വരുമ്പോൾ വൈഷമ്യങ്ങൾ പറയുകയും ചെയ്യുക.

ഏതായാലും എനിക്ക് പറയുവാനുള്ളതു് വലിയ ബുദ്ധിമുട്ടുകളൊന്നുമില്ലാതെ മൊത്തവില കണക്കാക്കുന്നതിലും അതനുസരിച്ച് പാട്ടം നിശ്ചയിക്കുന്നതിനുമുള്ള ചുമതല പഞ്ചായത്തു മെമ്പർമാർക്ക് കൊടുക്കുക എന്നാണ്. ഒരു ട്രിബ്യൂണൽ മുമ്പാകെ അപേക്ഷകൾ വന്നാൽ അതിന്റെ അടിസ്ഥാനത്തിൽ മൊത്തവില കണക്കാക്കേണ്ടതു് ട്രിബ്യൂണലാണ്. അതിനു് ജുഡീഷ്യൽ ആഫീസർ മുഖേന കൈകാര്യം ചെയ്യേണ്ട ആവശ്യമില്ല. തെളിവെടുക്കുന്ന കാര്യത്തിലും കൃഷിക്കാർക്ക് വലിയ ചെലവുകൂടാതെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും പഞ്ചായത്തു മെമ്പർമാർ അടങ്ങുന്ന കമ്മിററിക്ക് സാധിക്കുന്നതാണ്. പഞ്ചായത്തു മെമ്പറന്മാരെ തിരഞ്ഞെടുത്തു കഴിഞ്ഞാൽ അവർക്ക് വേണ്ട പരിശീലനം കൊടുക്കുകയും പഞ്ചായത്തു നിയമങ്ങൾ പഠിപ്പിക്കുകയും, നിയമത്തിലുള്ളതു് പ്രാബല്യത്തിൽ വരുത്തുന്നതിനു് അവരെ സഹായിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ നാം കൈക്കൊള്ളണം. സ്റ്റേററു് അടിസ്ഥാനത്തിൽ പഞ്ചായത്തു മെമ്പറന്മാരുടേയും പ്രസിഡണ്ടന്മാരുടേയും കാൺഫറൻസുകൾ വിളിച്ചുകൂട്ടി അതിൽ അവരുടെ പ്രവർത്തനങ്ങളെപ്പററിയുള്ള കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. വേണമെങ്കിൽ ട്രിബ്യൂണൽ പ്രവർത്തനം സംബന്ധിച്ച് അവർക്ക് ആവശ്യമായിട്ടുള്ള പരിശീലനം കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾകൂടി ചെയ്താൽ മതിയാകുന്നതാണ്. അതുകൊണ്ട് എന്റെ ഭേദഗതി സ്വീകരിക്കണമെന്നും ഈ കാര്യം ഒന്നുകൂടി പരിഗണിക്കണമെന്നുമാണ് എനിക്ക് പറയുവാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: ഈ ബില്ലിൽ വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒരു ക്ലാസ്സാണ് 96. ഇവിടെ പാസ്സാക്കിക്കഴിഞ്ഞ പ്രധാനപ്പെട്ട പല വകുപ്പുകളും നടപ്പാക്കാൻ ചുമതലപ്പെട്ടിട്ടുള്ളതാണ് ലാൻറ് ട്രൈബ്യൂണൽ. കുടിയായ്മ പരിഷ്കാരം എന്നുള്ള നിലയിലും അതിൻെറ അടിസ്ഥാനത്തിൽ ഭൂമിയുടെ വില കണക്കാക്കി അതു കൊടുത്ത് ഭൂമിയുടെ ഉടമാവകാശം കുടിയാനിൽ നിക്ഷിപ്തമാക്കുക എന്നുള്ള നിലയിലും മററ് വിധത്തിലും വളരെ പ്രധാനപ്പെട്ട റോൾ ലാൻഡ് ട്രൈബ്യൂണലുകൾക്ക് ഈ നിയമത്തിൽ പ്ലേ ചെയ്യുന്നുണ്ട്. നിയമത്തിൽ വളരെ പ്രധാനപ്പെട്ട ഒരു പങ്ക് വഹിക്കുന്ന ലാൻഡ് ട്രൈബ്യൂണലുകളുടെ കാൺസ്റ്റിററ്യൂഷനെ സംബന്ധിച്ച് മൗലികമായ അഭിപ്രായ വ്യത്യാസമുണ്ട്, ഭരണ കക്ഷിക്കാർക്കും ഈ ഭാഗത്തിരിക്കുന്ന വർക്കും എന്നുള്ളത് ഞാൻ ആദ്യമേതന്നെ വ്യക്തമാക്കുന്നു. മൂന്നു തവണ ലാൻഡ് ട്രൈബ്യൂണലുകളുടെ കാൺസ്റ്റിററ്യൂഷനെ സംബന്ധിച്ച് ഈ സഭ ചർച്ച ചെയ്തിട്ടുണ്ട്. 1959-ൽ ചർച്ച ചെയ്ത് ഈ സഭ അംഗീകരിച്ചിട്ടുള്ള ഒരു വകുപ്പാണ് ഞാൻ 1480-ാം നമ്പർ ഭേദഗതിയായി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. 1392-ാം നമ്പരായി ഞാൻ കൊടുത്തിട്ടുള്ള ഭേദഗതി 1960-ൽ ഈ സഭ സ്വീകരിച്ചിട്ടുള്ളതാണ്. 1963-ൽ അവതരിപ്പിച്ച ഈ ബില്ലിൽ ഈ ക്ലാസ്സ് കൊണ്ടുവന്നത് വേറൊരു രീതിയിലാണ്. ഈ മൂന്നും തമ്മിൽ വ്യത്യാസമുണ്ട്. എന്നാൽ മൗലികമായ വ്യത്യാസമുണ്ട് 1959-ൽ സ്വീകരിച്ച വകുപ്പിൽ. 1960-ൽ സ്വീകരിച്ചതിൽ നിന്നുപോലും ചുരുക്കിയതാണ് ഈ ബില്ലിൽ നിൽക്കുന്ന 96-ാമത്തെ വകുപ്പ്. സർ, 1960-ൽ പ്രസിഡൻറിൻെറ നിർദ്ദേശത്തോടുകൂടി സ്വീകരിച്ച ഭേദഗതിയിൽ ഒരു മുൻസിഫോ തഹശീൽദാരോ വരെയുള്ള ഉദ്യോഗസ്ഥനായിരിക്കണം ലാൻഡ് ട്രൈബ്യൂണലുകളിൽ എന്നാണ് പറഞ്ഞിട്ടുള്ളത്. ഈ ബില്ലിലാകുമ്പോൾ അതു മുൻസിഫ് മാത്രമാകുന്നു. എന്താണ് അതിൻെറ അർത്ഥം? ഇന്ത്യാഗവൺമെൻറും പ്ലാനിംഗ് കമ്മീഷനും സ്വീകരിച്ച നിലപാടെന്താണ്. കാർഷിക പരിഷ്കരണ നിയമത്തിൽ മാററം വരുത്തുകയല്ല ഭരണഘടനയിൽ മാററം വരുത്തുകയാണ് വേണ്ടത് എന്നുള്ള തത്വമാണവർ അംഗീകരിച്ചു കാണുന്നത്. ഇവർ ആ തത്വത്തെ പാടെ കൈവിട്ടിരിക്കുന്നു. നിയമം നടപ്പാക്കാൻ സിവിൽകോടതിയേ പാടുള്ളൂ എന്നാണ് 1963-ൽ എത്തിക്കൂടിയ തീരുമാനം. അതിൽ കുറഞ്ഞ യാതൊന്നും സ്വീകാര്യമല്ല. 1960-ൽ ഈ സഭ സ്വീകരിച്ച ഭേദഗതിയിൽ സിവിൽ കോടതിക്ക് പുറമെ റവന്യൂ ഉദ്യോഗസ്ഥൻമാരെ എങ്കിലും പോകാമെന്നു അംഗീകരിച്ചു. അതിൽനിന്ന് ചുരുക്കിപ്പിടിച്ച് ഇത്ര പ്രധാനപ്പെട്ട ഈ നിയമനിർമ്മാണത്തിൻെറ കാര്യത്തിൽ സിവിൽകോടതി വഴി മാത്രമെ നടത്താവൂ, ജൂഡീഷ്യൽ ഉദ്യോഗസ്ഥൻ മാത്രമേ ആകാവൂ എന്നു നിർബന്ധം പിടിക്കുകയാണ്. ഇതുവരെ അംഗീകരിച്ച തത്വങ്ങൾക്കും പ്രചരിപ്പിച്ച പ്രഖ്യാപനങ്ങൾക്കുമൊക്കെ കടകവിരുദ്ധമാണിതെന്ന് രേഖപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെയും ഈ സഭക്കൊക്കെ അറിവുള്ളതുപോലെയും 1960-ലെ കാർഷികബന്ധ നിയമത്തിലുള്ള ഭരണഘടനാവിരുദ്ധമായ വകുപ്പുകൾ മാററി ഭരണഘടനാവിധേയമായ ഒരു കാർഷികബന്ധനിയമം കേരള നിയമസഭ പാസ്സാക്കണമെന്നല്ല ഇൻഡ്യാ ഗവൺമെൻറും പ്ലാനിംഗ് കമ്മീഷനും നിശ്ചയിച്ചത്. അങ്ങനെ നിശ്ചയിച്ചിരുന്നെങ്കിൽ ഈ വകുപ്പിനെ സംബന്ധിച്ചൊന്നും യാതൊരു വാദവും എനിക്ക് ഉണ്ടാകുമായിരുന്നില്ല. മറിച്ചാണ് അവർ തീരുമാനിച്ചത്. അഗ്രേറിയൻ റിലേഷൻസ് ആക്ററല്ല മാറേറണ്ടത്. കാർഷികബന്ധ നിയമത്തിൽ ഭരണഘടനാവിരുദ്ധമായുള്ള സംഗതികൾ ശരിപ്പെടുത്താൻ വേണ്ടി ഭരണഘടനയിൽ മാററം വരുത്തുകയാണാവശ്യം എന്നു പറയുന്നതിൽ അംഗീകരിച്ച നിലപാടിന്നനുസൃതമായി വേണം ലാൻഡ് ട്രിബ്യൂണൽ കോൺസ്റ്റിട്യൂററ് ചെയ്യാനെന്നു വാദിക്കുന്നതിൽ യുക്തിക്കും ന്യായത്തിനുമെതിരായി എന്തുണ്ട്, പറയണം. ഈ ബില്ലിൽ സ്വീകരിച്ച നില മറിച്ചാണ്. 1960-ലെ നിയമത്തിൽ not below the rank of a Tahsildar' എന്നുള്ളത് ആർ. ഡി. ഒ. ആയിട്ട് ഗവൺമെൻറ് നടപ്പിൽവരുത്തി. തഹശീൽദാരോളം പോലും താണില്ല. എന്നാൽ ആർ. ഡി. ഒ. ആയാൽപോലും ഒരു വ്യത്യാസ

LIBRARY ARCHIVES Kerala Legislative Assembly

മുണ്ട്. സിവിൽകോടതിയിലുള്ള എല്ലാ നൂലാമാലകളും കടന്നുപോരേണ്ടതില്ല എന്നുള്ള തത്വത്തിന്റെ നിഴൽ അംഗീകരിച്ചു എന്നാണ് കണക്കാക്കപ്പെട്ടിരുന്നതു്. ഇവിടെ അതു് അമ്പേ വിട്ടുകളഞ്ഞിരിക്കുന്നു. സിവിൽ കോടതി മാതിരിയിൽതന്നെ കാര്യങ്ങൾ നടത്തണം; പാട്ടം നിജപ്പെടുത്തണമെന്നുള്ള കാര്യത്തിലും, പർച്ചേസ് പ്രൈസ് നിശ്ചയിക്കുന്ന കാര്യത്തിലുമൊക്കെതന്നെ നമ്മുടെ നാട്ടിൽ ഇന്നു നടന്നുവരുന്ന സിവിൽകോടതിയുടെ അടിസ്ഥാനം അംഗീകരിക്കുന്ന 96-ാംവകുപ്പുകൊണ്ട് ഉദ്ദേശിക്കുന്നതു്.

എന്റെ 1480-ാമത്തെ ഭേദഗതി ഇതാണ്.

'Rewrite clause 96 as follows:—"The Government may by notification in the Gazette constitute for any area comprising one or more panchayats a Land Tribunal consisting of a presiding officer who shall be a lawyer of five years standing and two other members elected by the members of the Panchayat or Panchayats from among themselves.

ഇത്തരത്തിലുള്ള ഒരു ലാൻഡ് ട്രൈബ്യൂണൽ കാൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതുകൊണ്ട് ഒരു പ്രത്യേക ഉദ്ദേശം സാധിക്കുന്നുണ്ട്. അതു് ഈ ബില്ലിൽ നിർദ്ദേശിക്കുന്ന വകുപ്പിന്റെ അടിസ്ഥാനത്തിൽ ലാൻഡ് ട്രൈബ്യൂണൽ കൈകാര്യം ചെയ്യേണ്ട സംഗതികളിൽ ഒരു പ്രത്യേക രീതി കൈക്കൊള്ളണമെന്നുള്ളതുതന്നെയാണ്. ലാൻഡ് ട്രൈബ്യൂണലുകളിൽ ഹർജി കൊടുക്കുന്ന കേസുകളിൽ മര്യാദപ്പാട്ടം നിജപ്പെടുത്തണം. മര്യാദപ്പാട്ടം നിജപ്പെടുത്തണമെങ്കിൽ അതിനു ഉപാധിയായി ഈ വകുപ്പ് പാസ്സാക്കണം. ഈ നിയമത്തിൽ കുറച്ച് വകുപ്പു പാസ്സാക്കിക്കഴിഞ്ഞു. അതു് എങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ളതാണ് വിഷയം. ജനാധിപത്യ വ്യവസ്ഥിതി ഇവിടെ വേരു പിടിച്ചുവരികയാണ്. അതു് അംഗീകരിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. അതൊക്കെ പറയുവാനും സൗകര്യം കിട്ടുമ്പോഴൊക്കെ പ്രചരിപ്പിക്കുവാനും പററുന്ന ആശയഗതികൾ എന്നതൊഴിച്ചാൽ കാര്യംവരുമ്പോൾ യാതൊന്നും പരിഗണിക്കുന്നില്ല. പഴയസ്ഥിതി തുടരുകയാണ് എന്നുള്ളതിന്റെ പ്രത്യക്ഷോദാഹരണമാണ് ഈ ബില്ലിലെ 96-ാംവകുപ്പ്. എനിക്കു വ്യക്തമായി ഒരു ചോദ്യം ചോദിക്കാനുണ്ട്. ഇതുപോലുള്ള ഒരു നിയമം നടപ്പാക്കുന്നതിൽ സിവിൽ കോടതിയെ മാത്രമേ ആധാരമാക്കി എടുക്കാവൂ എന്നു പ്ലാനിംഗ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ? എന്തുകൊണ്ടാണ് ഞാനതു പറയുന്നതു്? ഇതിനപ്പുറത്തുള്ളതും ഇനി വരാൻ ഇരിക്കുന്നതുമായ വകുപ്പുകളിൽ എത്രമാത്രം കുടിയാന് ദോഷകരമായി വന്നാലും അവ നടപ്പാക്കണമോ വേണ്ടയോ എന്നുള്ളതിന്റെ ഉരകല്ലാണ് ഈ 96-ാംവകുപ്പ്.

മി. സ്പീക്കർ: ശ്രീ. ടി. കെ. രാമകൃഷ്ണന്റെ ഭേദഗതിയിൽനിന്നു് 'രണ്ടു കൊല്ലത്തിന്റെ' വ്യത്യാസം മാത്രമേയുള്ളു. ഈ കാര്യങ്ങളെല്ലാം ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞതാണ്.

ശ്രീ. ഇ. പി. ഗോപാലൻ: എനിക്കു് കൊല്ലത്തെ സംബന്ധിച്ചു് തർക്കമില്ല. അതു് അപ്രധാനമാണ്. എന്നെ സംബന്ധിച്ചിടത്തോളം ഇതൊരു ബേസിക്ക് ക്വസ്റ്റ്യനാണ്. ആ നിലക്കു് അതിനെ സംബന്ധിച്ചു് ചില സംഗതികൾ വ്യക്തമായി പറയേണ്ടതുണ്ട്. പ്ലാനിംഗ് കമ്മീഷന്റെ അനുമതിയോടെയാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നു മനസ്സിലാക്കിയിട്ടുണ്ട്. ഈ അനുമതി എന്നു പറയുന്നതു് എന്താണ്? അതു് അറിയാൻവേണ്ടിയാണ് ചോദിക്കുന്നതു്. ഇതുപോലുള്ള വകുപ്പുകളെപ്പററി, ഈ നിയമത്തിലെ നിർണ്ണായകമായ വകുപ്പുകളെ സംബന്ധിച്ചു് പ്ലാനിംഗ് കമ്മീഷൻ വ്യക്തമായ അനുമതി കൊടുത്തിട്ടുണ്ടോ എന്നറിയണം. ഇതു് അത്യാവശ്യമാണ്. ഇത്തരം വകുപ്പുകൾ മൊത്തത്തിൽ പറഞ്ഞുവിടാവുന്ന വകുപ്പുകളല്ല. പ്ലാനിംഗ് കമ്മീഷന്റെ റിപ്പോർട്ടിൽ നിന്നു് അവിടെയും ഇവിടെയുമായി ചില വാചകങ്ങൾ വായിച്ചു് ഉദ്ധരണികൾ മൊത്തത്തിൽ കടത്തിവിടേണ്ട ഒരു വകുപ്പല്ലിതു്. ബില്ല് നടപ്പാ

LIBRARY ARCHIVES Kerala Legislative Assembly

ക്കേണ്ട മെഷിനറിയുടെ പ്രശ്നമാണിത്. ഈ നിയമം നടപ്പാക്കുന്നതിന് ആധാരമായി നിൽക്കുന്ന ലാൻഡ് ട്രൈബ്യൂണലുകളുടെ കാൺസ്റ്റിറ്റ്യൂഷനെ സംബന്ധിച്ചിടത്തോളം 1960—ൽ വന്നിട്ടുള്ള നിർദ്ദേശങ്ങൾ എവിടെ നിന്നാണ് പുറപ്പെട്ടത് എന്നു എനിക്കറിയണം. അന്നു ഈ സഭയിൽ ഈ ഭാഗത്തുനിന്നും ഭേദഗതി അവതരിപ്പിച്ചുകൊണ്ടു വാദിച്ചപ്പോൾ കിട്ടിയ മറുപടി, പറഞ്ഞ വ്യാഖ്യാനം ഇൻഡ്യൻ യൂണിയൻ പ്രസിഡൻറ് തന്ന നിർദ്ദേശമാണ് അത് അംഗീകരിക്കാതെ നിർവ്വാഹമില്ലെന്നാണ്. അതു വന്ന സ്ഥലത്തുനിന്നാണോ ഈ 19-ം 96—ം വകുപ്പുകൾ വന്നത്? 1960-ൽ ആർ. ഡി. ഒാ കൂടി ലാൻഡ് ട്രൈബ്യൂണലുകളിലാകും എന്നുള്ളതിൽനിന്നും പഠിച്ച പാഠം എന്താണ്? ഈ നിയമം നടപ്പാക്കുന്നതു മുൻസിഫ് ആകണം, അല്ലെങ്കിൽ സബ്ജഡ്ജി ആകണം, അല്ലെങ്കിൽ ഡിസ്ട്രിക്റ്റ് ജഡ്ജി ആകണം, എന്നുവെച്ചാൽ ജുഡീഷ്യൽ ഉദ്യോഗസ്ഥൻ മാത്രമേ നടത്താവൂ എന്നുള്ള പാഠം പഠിച്ച് ഇൻഡ്യാഗവണ്മെൻറിനേയും പ്ലാനിംഗ് കമ്മീഷനേയും സമീപിച്ച് ആർ. ഡി. ഒാ. പോലും വേണ്ട, താഴെനിൽക്കുന്ന റവന്യൂ ഉദ്യോഗസ്ഥൻ വേണ്ട, പരിശുദ്ധമായ രീതിയിൽ ജുഡീഷ്യൽ ഉദ്യോഗസ്ഥൻ മാത്രമേ നടത്താൻ പാടുള്ളു എന്നു നിവേദനം നടത്തി അതിനു അംഗീകരണം തന്നതാണോ പ്ലാനിംഗ് കമ്മീഷൻ? എങ്കിൽ പ്ലാനിംഗ് കമ്മീഷനും ഇത്തരം ഒരു നിയമം ഫലപ്രദമായി നടപ്പിൽ വരുത്താൻ ആഗ്രഹിക്കുന്നില്ല എന്നു എല്ലാവർക്കും അറിവുണ്ട്. നടന്നതെല്ലാം പറയുവാൻ എന്നെ അനുവദിക്കണം. ഇത്തരം ഒരു കാർഷികപരിഷ്കരണം നടപ്പാക്കുന്ന കാര്യത്തിൽ, ജുഡീഷ്യലുദ്യോഗസ്ഥർ, സിവിൽ കോടതിയുടെ ചട്ടക്കൂടിനുള്ളിൽനിന്നു മാത്രമേ പരിശ്രമിക്കുകയുള്ളു എന്നറിയാത്തവർ ആരുണ്ട്. ലാൻഡ് ട്രിബൂണൽ തന്നെ എന്തിനാണ്? സിവിൽകോടതികൾ പോരേ? നമ്മുടെ നാട്ടിലെ സിവിൽകോടതികൾ ഒരു കാര്യത്തിൽ പ്രസിദ്ധമാണെന്നു സമ്മതിച്ചേ തീരൂ. കേസുകൾ നീട്ടിക്കൊണ്ടുപോകുക എന്നുള്ള കാര്യത്തിൽ. ട്രിബൂണലെന്നു പേർ വിളിക്കുക. സിവിൽകോടതി നടപടികൾ കൈക്കൊള്ളുക. കാർഷിക പരിഷ്കാരം നീട്ടിക്കൊണ്ടുപോകുക ഇതെല്ലാമാണുദ്ദേശമെന്നു തെളിയുന്നില്ലേ? ഇതിൻെറ പ്രത്യക്ഷോദാഹരണമാണ് 1960—ൽ സ്വീകരിച്ചിട്ടുള്ള വകുപ്പുകൾ പോലും ഇപ്പോൾ മന്ത്രി കൊണ്ടുവന്നിട്ടുള്ള 96—ാമത്തെ വകുപ്പിൽ വിട്ടുകളഞ്ഞിട്ടുള്ളത്. 1960—ൽ ജുഡീഷ്യൽ ഉദ്യോഗസ്ഥൻ മുൻസിഫ്‌വരെയുള്ള ആളോ, റവന്യൂ ഉദ്യോഗസ്ഥൻ തഹശീൽദാർവരെയുള്ള ആളോ എന്നുള്ള രീതിയിൽ 1959-ലെ ബില്ലിൽ ഭേദഗതി വരുത്തി. അതും മാറുന്നു. ഇതൊക്കെ ഞാൻ കാര്യമായി പറയുകയാണ്. ഇതുപോലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതും മാററം വരുത്തുന്നതുമൊക്കെ തമാശയാക്കരുതെന്നുള്ള വ്യക്തമായ അഭിപ്രായം എനിക്കുണ്ട്. ഈ രാജ്യത്തു കുറേ മനുഷ്യർ പിറന്നുപോയി, അവരുടെ മുൻപിൽ എന്തെല്ലാമോ കളികളിപ്പിച്ച് അവരെ മോശക്കാരാക്കുന്ന രീതിയിലാണ് ഈ നിയമനിർമ്മാണം നടത്തുന്നതെന്നു പറയാൻ തോന്നുന്നു. മേൽപറഞ്ഞ വ്യതിയാനങ്ങൾ എടുത്തു കാണിച്ചതു അതിനാണ്. എൻെറ അഭിപ്രായത്തിൽ 1959-ൽ ആരംഭിച്ച്, 1963-ൽ രൂപഭേദംവന്ന ഈ വകുപ്പ്, കാർഷിക പരിഷ്കാരം പ്രായോഗികതയിൽ വരരുത് എന്നതിൻെറ പ്രതീകമാണ്. ലാൻഡ് ട്രൈബ്യൂണലുകൾ ജുഡീഷ്യൽ ഉദ്യോഗസ്ഥർ മാത്രമേ പാടുള്ളു എന്നു ശഠിക്കുന്നതു അതുകൊണ്ടാണ്. പഞ്ചായത്തുകൾക്കുകൂടി പങ്കുള്ള ഒരു ഏർപ്പാടാകണം ഇതെന്നെനിക്കു ഉറച്ച അഭിപ്രായം ഉണ്ട്. ഈ സഭയിൽ ഇതൊക്കെ മുൻപു പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. നമ്മുടെ രാജ്യത്തു ഇപ്പോൾ പഞ്ചായത്തുകളെപ്പററി പല പല പ്രഖ്യാപനങ്ങളും ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിനു കൂടുതൽ അധികാരം നൽകുന്നുണ്ടെന്നു പറയുന്നു. ഇൻഡ്യാരാജ്യത്തു കേന്ദ്രത്തിൻെറയും, സംസ്ഥാനങ്ങളുടെയും നിലവാരങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഭരണ നടത്തിപ്പിൻെറ ഏതാനും ഭാഗങ്ങൾ,

12 Noon

പഞ്ചായത്തിൻെറ നിലവാരത്തിലേക്ക് ഇറക്കിക്കൊടുക്കണമെന്നുള്ളതാണ് മഹാന്മാരായിരിക്കുന്ന ഭരണാധികാരികളുടെ ഉദ്ദേശമെന്ന് പലപ്പോഴും പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. പഞ്ചായത്തുരാജാണ് ലക്ഷ്യമെന്നവരെ പറഞ്ഞിട്ടുണ്ട്. അങ്ങനെയാണെങ്കിൽ ഇത്രയും പ്രധാനപ്പെട്ട ഒരു

LIBRARY ARCHIVES Kerala Legislative Assembly

ബാദ്ധ്യത പഞ്ചായത്തുകൾക്ക് കൊടുക്കാൻ ഞെരുക്കമെന്ത്? ഈ പരിഷ്കാരങ്ങളുടെ കാര്യത്തിൽ ഇവ നടപ്പാക്കുന്ന കാര്യത്തിൽ ആകാവുന്നിടത്തോളമെങ്കിലും ഇവരെ പങ്കെടുപ്പിക്കുന്നതിനുള്ള ഒരു ശ്രമം നടത്തേണ്ടതല്ലേ എന്നു ഞാൻ ചോദിക്കുകയാണ്.

ശ്രീ. ആർ. രാഘവമേനോൻ: പഞ്ചായത്തുകാർ അതാതു കാലത്തു നടക്കുന്ന കാര്യങ്ങൾ നോക്കുകയല്ലാതെ ഇതുപോലെ വളരെ ഗൗരവമുള്ള കാര്യങ്ങളിൽ അവർക്ക് അധികാരം കൊടുക്കുന്നത് വളരെ അപകടമാണ്. മുൻസിഫ് പോരാ ഒരു സബ് ജഡ്ജിയെങ്കിലും വേണമെന്നാണ് എന്റെ അഭിപ്രായം. അങ്ങനെയുള്ള ഒരഭിപ്രായക്കാർ ഈ രാജ്യത്തുണ്ട്. ഭൂമിയുടെ അവകാശവും മറ്റും തെളിയിക്കേണ്ട കാര്യമാണ്, അതുകൊണ്ട് തീർച്ചയായിട്ടും ഉയർന്നതരം ഉദ്യോഗസ്ഥൻ വേണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ഇ. പി. ഗോപാലൻ: ശ്രീമാൻ രാഘവമേനോന്റെ അഭിപ്രായം എന്താണെന്ന് ഇപ്പോൾ വ്യക്തമായി. ആ അഭിപ്രായംതന്നെയാണ് ഈ ബില്ലിലും പ്രതിഫലിച്ചിട്ടുള്ളത്. ഒരു മുൻസിഫ് വരെ എന്നു പറഞ്ഞാൽ സബ് ജഡ്ജി ആകാമെന്നുതന്നെയാണ്. 1960—ലെ ആക്റ്റിൽ തഹശീൽദാർവരെയുള്ള റവന്യൂ ഉദ്യോഗസ്ഥൻ എന്ന് എഴുതിവച്ചിട്ടുണ്ട്. ആർ.ഡി.ഒ. മാരെമാത്രം ലാൻഡ് ട്രൈബ്യൂണലായി കോൺസ്റ്റിറ്റ്യൂട്ടുചെയ്ത കഥ എല്ലാവർക്കുമറിയാം. എന്നാൽ പഞ്ചായത്തുകൾക്ക് ഇക്കാര്യത്തിൽ യാതൊരു പങ്കും നൽകാൻ പാടില്ലെന്ന അഭിപ്രായക്കാരുണ്ടെന്ന് എനിക്കറിയാം. അതുകൊണ്ടാണല്ലോ 1959—ലെ ബില്ലിൽനിന്ന് ആ ഭാഗം 60—ൽ എടുത്തുമാറ്റിയത്. 1960—ൽ മാറ്റിയതിനേക്കാളും വലിയമാറ്റമാണല്ലോ 63—ൽ വരുത്തിയത്. ഇതുപോലുള്ള കാര്യങ്ങളിൽ പഞ്ചായത്തു മെമ്പറന്മാരെ പങ്കെടുക്കാൻ സമ്മതിച്ചാൽ അപകടമാകുമെന്ന് ശ്രീമാൻ രാഘവമേനോനെപ്പോലുള്ളവർ സംശയിക്കുന്നുണ്ടെങ്കിൽ അതിൽ വാസ്തവമുണ്ടാകും; ഇല്ലെന്നു ഞാൻ പറയുന്നില്ല. പക്ഷേ എന്തു തരത്തിലുള്ള അപകടമാണ് ഉണ്ടാവുക? ഈ നിയമത്തിൽതന്നെ കുറെ അപകടം നിറഞ്ഞ വകുപ്പുകളുണ്ട്. അപകടം നിറഞ്ഞ വകുപ്പുകൾ പഞ്ചായത്ത് മെമ്പർമാരെക്കൂടി ഭരമേൽപ്പിച്ചാൽ, അതൊരു വല്ലാത്ത അപകടമാകുമെന്നു ശ്രീമാൻ രാഘവമേനോൻ പറയുന്നുണ്ടെങ്കിൽ എനിക്കതിൽ അത്ഭുതമില്ല. ബഹുമാനപ്പെട്ട രാഘവമേനോനെപ്പോലുള്ള മെമ്പറന്മാരുടെ അഭിപ്രായത്തെ പരിഗണിച്ചാണെങ്കിൽ കാർഷികബന്ധനിയമംതന്നെ ആവശ്യമില്ല. ജന്മിമാരും കുടിയാനും ഒക്കെക്കൂടി ഒത്തുകഴിഞ്ഞുകൊള്ളാമെന്നുള്ള അഭിപ്രായമാണ് അദ്ദേഹത്തിനുള്ളത്. ഇതിന് നിയമവുംവേണ്ട, പാട്ടം നിജപ്പെടുത്തുകയുംവേണ്ട, പ്രതിഫലം നിശ്ചയിക്കുകയുംവേണ്ട, നിയമമേ വേണ്ട ഇക്കാര്യത്തിൽ എന്നു പറയുന്ന ബഹുമാനപ്പെട്ട മെമ്പറന്മാർ ലാൻഡ് ട്രൈബൂണലുകളുടെ രൂപവൽക്കരണത്തിൽ എന്തു നിലയെടുക്കുമെന്ന് പറയേണ്ടതില്ലല്ലോ. എന്നാൽ, കോൺഗ്രസ്സിന്റെ നില ഇതാണോ?

ശ്രീ. ആർ. രാഘവമേനോൻ: ഞാൻ അതല്ല പറഞ്ഞത്. രണ്ടുകൂട്ടർക്കും ഒരുപോലെ അവകാശം കിട്ടണം. ഒരുകൂട്ടർ നശിച്ചിട്ട് മറ്റേക്കൂട്ടർ നന്നാകണമെന്ന അഭിപ്രായം ഞാൻ പറയാറില്ല. രണ്ടുകൂട്ടരും നന്നായിരിക്കണം. അങ്ങനെയല്ലാതെ ചിലർക്കില്ലാത്ത അവകാശങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നു നിയമം ഉണ്ടാക്കണമെന്നുവച്ചാൽ അതു ശരിയല്ല. നിയമം ഉണ്ടാക്കുന്നത് എല്ലാവർക്കും വേണ്ടിയാണ്. ഒരു കക്ഷിക്കുവേണ്ടി മാത്രമല്ല.

ശ്രീ. ഇ. പി. ഗോപാലൻ: ശ്രീ. രാഘവമേനോൻ അദ്ദേഹത്തിന്റെ അഭിപ്രായം ഒരിക്കൽക്കൂടി പറഞ്ഞു എന്ന് സമാധാനിക്കാം. അതല്ല ഇവിടെ കാര്യം. ഇവിടെ വ്യക്തമായും ഒരു പ്രശ്നമുണ്ട്. നിയമം നടപ്പാക്കേണ്ട പ്രശ്നം. കാർഷികപരിഷ്കാരത്തിന്റെ ഒരാശയം നാട്ടിൽ പ്രചരിച്ചിട്ടുണ്ട്. അതിന് വിരുദ്ധമായ വകുപ്പുകൾ ഉൾക്കൊള്ളുന്നതാണ് ഈ ബിൽ. അതിന് മതിയായ തെളിവാണ് ഈ വകുപ്പ്. ഈ വകുപ്പ് മാറ്റണമെന്നാണെന്റെ

2/753/S.

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യം. സർ, ഒന്നോ, ഒന്നിലധികമോ പഞ്ചായത്തുകളിൽനിന്നും തിരഞ്ഞെടുത്ത രണ്ടു മെമ്പറന്മാരും 5 കൊല്ലത്തെ പരിചയമുള്ള ഒരു വക്കീലും ചേർന്ന് ലാൻഡ് ട്രൈബ്യൂണൽ രൂപീകരിച്ച് നമ്മുടെ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്നതാണെങ്കിൽ, ബില്ല് വിഭാവനംചെയ്യുന്ന കാർഷിക പരിഷ്കരണം നടപ്പാക്കാൻ വളരെ സഹായകമാകും എന്നു ഞാൻ വിശ്വസിക്കുന്നു. നിയമപരമായ ചില വൈഷമ്യങ്ങൾ വരാനിടയുണ്ട്, അവ തീർക്കുന്നതിനാണ് നിയമം അറിയുന്ന ഒരാൾ ലാൻറ് ട്രൈബ്യൂണലിന്റെ ചെയർമാനായിട്ട് ഉണ്ടായിരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്. അതേ അവസരത്തിൽ ഇത്തരം ഒരു പരിഷ്കാരം നടപ്പാക്കുന്നതിന്, ആകാവുന്നിടത്തോളം ജനാധിപത്യരൂപം കൊടുക്കണമെന്നും എനിക്ക് ആഗ്രഹമുണ്ട്. അതിന് ഇന്നു കാണുന്ന സ്ഥിതിക്ക് നമ്മുടെ നാട്ടിലെ സ്ഥിതിക്ക് പഞ്ചായത്തു പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുക മാത്രമേ പോംവഴിയുള്ളു. പ്രാപ്തിയുടെ കാര്യത്തിലും വിവരത്തിന്റെ കാര്യത്തിലുമൊക്കെ പഞ്ചായത്തു മെമ്പറന്മാരെ സംബന്ധിച്ച് വിഭിന്നാഭിപ്രായഗതികൾ ഉണ്ടാകുക സ്വാഭാവികമാണ്. എന്നാൽപോലും പ്രായപൂർത്തിയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്ന പഞ്ചായത്തുപ്രതിനിധികളെ ഇതിൽ പങ്കെടുപ്പിക്കയേ നിവൃത്തിയുള്ളു എന്നെനിക്ക് തോന്നുന്നു. ഇതുപോലുള്ള ഒരു നിയമം നടപ്പാക്കാൻ ഇത്തരം ഒരു നില സ്വീകരിക്കേണ്ടതുണ്ട്. ഈ കാര്യത്തിൽ വ്യക്തമായും പ്ലാനിംഗ് കമ്മീഷന്റെയും, ഇൻഡ്യാഗവണ്മെന്റിന്റെയും ഒക്കെ അഭിപ്രായമെന്താണെന്ന് അറിയാൻ എനിക്ക് വളരെ താൽപ്പര്യമുണ്ട്. ബില്ല് കൊണ്ടു വരുന്നതിന്, ഈ ബില്ലിനെ സംബന്ധിച്ച് വേണ്ടുന്ന കാര്യങ്ങൾ ചെയ്യുന്നതിന് അനുവാദം കിട്ടിയിട്ടുണ്ടെന്നു മൊത്തമായി പറഞ്ഞാൽ പോരാ. ഇത്തരം ഒരു നിയമം നടപ്പാക്കുന്ന കാര്യത്തിൽ മൗലികമായിട്ടുള്ള നില എന്താണ് പ്ലാനിംഗ് കമ്മിഷൻ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയാൻ സ്വാഭാവികമായും ആഗ്രഹം ഉണ്ടാവും. ഇക്കാര്യത്തിൽ വിശേഷിച്ചും ഇവിടെ ഒരു പാരമ്പര്യവുമുണ്ട്. 1959—ലെ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള ആ ഭാഗം മാററാൻ എന്താണു കാരണം? 1960-ൽ പ്രസിഡന്റു നിർദ്ദേശിച്ചതുപോലും ഇപ്പോൾ സ്വീകരിക്കാതിരിക്കാൻ എന്താണു കാരണം? മുൻസിഫല്ലാ, സബ് ജഡ്ജി വേണമെന്നു ഗവണ്മെൻറ് വിചാരിച്ചാൽ അതിന് ഗവണ്മെൻറിന് അധികാരം കൊടുക്കുന്നതാണ് ഈ ക്ലാസ്സ് 96. ഏറിയാൽ മുൻസിഫ്‌വരെ ആകാമെന്നേയുള്ളു. അല്ലെങ്കിൽ അതിനെക്കാൾ വലിയ ഒരു ഉദ്യോഗസ്ഥനാണ് വേണ്ടത്. ഹൈക്കോടതി ജഡ്ജിയാണ് വേണ്ടതെന്നു നിശ്ചയിക്കാനും 96-ാം ക്ലാസ്സ് ഗവണ്മെൻറിന് അധികാരം നൽകുന്നുണ്ട്. ഇങ്ങനെ വയ്ക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമായും അറിയണം. ഈ ഭാഗത്തിരിക്കുന്ന ഞങ്ങളെ സംബന്ധിച്ചിടത്തോളം പ്രായോഗികപ്രവർത്തനത്തിന്റെ പ്രശ്നം എന്ന നിലയിൽ ഇതിനു വലിയ പ്രാധാന്യമുണ്ട്. വെറുതെ എഴുതിപ്പിടിപ്പിക്കുന്ന ഒന്നാകരുത് ഈ തരം നിയമം. പ്രായോഗികമായി നടപ്പാക്കണമെങ്കിൽ അതിന് പ്രായോഗികമായ ഒരു മെഷിനറി ഉണ്ടാക്കണം, പ്രായോഗികമായി നടപ്പാക്കേണ്ട കാര്യത്തിൽ അപ്രായോഗികമായ ഒരു മെഷിനറി ഉണ്ടാക്കാൻ നിന്നാൽ, വ്യക്തമായിട്ടും മനസ്സിലാക്കാൻ കഴിയും നടപ്പാക്കാനുള്ളതല്ലെന്ന്. ഏതായാലും ഈ അവസരത്തിൽ ഒരു കാര്യം ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ നിങ്ങൾ ഇതു നടപ്പാക്കുന്ന കാര്യത്തിൽ 1960-ൽ സ്വീകരിച്ചിട്ടുള്ളതിൽനിന്നും വ്യത്യാസപ്പെട്ട ഒരു നില സ്വീകരിക്കണം. വേണമെങ്കിൽ ഏതവസരത്തിലും കറക്‌റ്റുചെയ്യുന്നതിന് ഗവണ്മെൻറിന് അധികാരമുണ്ടല്ലോ. ഞാൻ കൊടുത്ത ഈ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതുപോലെ 1959-ൽ കൊടുത്തിട്ടുള്ള വകുപ്പിന്റെ അടിസ്ഥാനത്തിൽ കോൺസ്റ്റിററ്യൂട്ട ചെയ്യുന്ന ലാൻഡ് ട്രൈബ്യൂണലുകൾ നേരാംവണ്ണം പ്രവർത്തിക്കുന്നില്ലെങ്കിൽ അവരെ പ്രവർത്തിപ്പിക്കുന്നതിനുള്ള എല്ലാ അധികാരങ്ങളും ഗവണ്മെൻറിന്റെ കൈയ്യിൽ നിക്ഷിപ്തമാണ്. ഒന്നു പരിശോധിച്ചു നോക്കിയാൽ എന്താണ്? പുതിയ ഒരു നിയമം, ഭരണഘടനപോലും വഴി മാറിത്തരാൻ തയ്യാറായ ഒരു നിയമം, ഭരണഘടന മാററിയിട്ടുപോലും

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിക്കപ്പെടേണ്ട ഒരു നിയമം ഇതെല്ലാം വെറുതെയങ്ങുണ്ടായതല്ല. ഇത്തരമൊരു നിയമം പ്രായോഗികതയിൽ വരുത്താൻപററിയ ഒരു മെഷിനറി ഉണ്ടാക്കാനൊരുക്കമുണ്ടോ? ഇല്ലെന്നാണ് കാണുന്നത്.

Mr. Speaker: You are dilating the same ideas over and over again.

ശ്രീ. ഇ. പി. ഗോപാലൻ: ഈ കാര്യത്തിൽ ഇങ്ങനെ ഒരു ബുദ്ധിമുട്ടുണ്ട്. ഒരിക്കൽ കേട്ടതാണ് എന്നു സംശയം വരും. കഴിഞ്ഞ കൊല്ലം കേട്ടതല്ലേ എന്നും ചിലപ്പോഴം തോന്നും.

മി. സ്പീക്കർ: കഴിഞ്ഞകൊല്ലം കേട്ടതല്ല. ഇന്നിപ്പോഴം കേട്ടതുതന്നെയാണ്.

ശ്രീ. ഇ. പി. ഗോപാലൻ: ഇതുപോലുള്ള ഭേദഗതി 1960—ൽ അവതരിപ്പിച്ച് സംസാരിച്ചതു് എനിക്കിപ്പോഴം ഓർമ്മയുണ്ട്. ഇപ്പോഴം ഒരുപക്ഷേ ആവർത്തനം വന്നുകൂടെന്നില്ല. അതു ഞാൻ സമ്മതിക്കുന്നുണ്ട്. ഒരിക്കൽ പറഞ്ഞതു് പിന്നെയും പറയേണ്ട ഗതികേടുവന്നല്ലോ എന്ന സങ്കടവുമുണ്ട്.

മി. സ്പീക്കർ: അമെൻറുമെൻറിനെപ്പററി പറയാനുള്ളിടത്തോളം പറഞ്ഞു കഴിഞ്ഞു.

ശ്രീ. ഇ. പി. ഗോപാലൻ: അല്പം ഒന്നയച്ചുവിട്ടാൽ പോരയോക്കമെന്നുള്ള ഘട്ടത്തിലാണ് ഇപ്പോഴം നിൽപ്പ്. അതുകൂടാതെ കഴിക്കണമെന്നുദ്ദേശിച്ചാണ് ചുരുക്കിപ്പിടിക്കുന്നതു്. ഏതായാലും ഇക്കാര്യത്തിൽ 4—5 കൊല്ലത്തിനുള്ളിൽ സംഭവിച്ചതെല്ലാം ഓർത്തുപോവുകയാണ്. ഇതൊന്നും വലിയകാര്യമായിട്ടെടുക്കാത്ത ആളുകളാണെങ്കിൽ തരക്കേടില്ല. പക്ഷേ എന്തോ സംഗതിവശാൽ എനിക്കങ്ങനെ കരുതാൻ കഴിയുന്നില്ല. 1957 ലുള്ള ബില്ലിലായാലും 1960 ലെ ഭേദഗതിയിലായാലും 1963 ലെ ബില്ലിലായാലും ഇതു് നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യപ്പെട്ട ഒരു നിയമനിർമ്മാണമാണെന്നു മനസ്സിലാക്കുകയും അതിന്റെ എല്ലാ ഘട്ടങ്ങളിലും പങ്കെടുക്കുകയുംചെയ്യുന്ന എന്നേപ്പോലുള്ള ഒരു മെമ്പർക്ക് നിശ്ചയമായും 63-ൽ എത്തിയപ്പോഴേക്കും ആശ അമ്പേ നശിച്ചുപോയിരിക്കുന്നു എന്നു പറയാതെ നിവൃത്തിയില്ല. ഇതേവരെയുള്ള വകുപ്പുകളിൽ കൂടിയാണു് കഷ്ടതയുണ്ടാക്കിവച്ചു. ഇതുപോലും നടപ്പാക്കാൻ തരമില്ലാത്ത നിൽപ്പിലാണ് ലാൻഡു് ട്രൈബൂണലിന്റെ കാൺസ്റ്റിററ്യൂഷൻ നിൽക്കുന്നതെന്നു് പറയേണ്ടിയിരിക്കുന്നു. അതുകൊണ്ടു് ന്യായംചെയ്യാനുദ്ദേശിക്കുന്നുണ്ടെങ്കിൽ, ക്ലാസ്സ് 96 മാററണം. അല്ലെങ്കിൽ 95 വരെ വന്നതുപോലെ 96 കഴിഞ്ഞുപോകും. ഒരു കാര്യം ഞാൻ പ്രത്യേകം പറയാം. ഇത്തരം നിയമം നടപ്പാക്കുന്ന കാര്യത്തിൽ ഇന്നു ഗവണ്മെൻറു സ്വീകരിച്ചിരിക്കുന്ന നിലപാട് മാററണം. മാററുന്നലക്ഷണമില്ല. ഒന്നിൽനിന്നു തൊട്ടാൽ മൂന്നിങ്കലോളം എന്നൊരു ചൊല്ലുണ്ട്. മൂന്നാമത്തെ പ്രാവശ്യമാണിതു്. നാലാമതുവരുന്ന ബില്ലാവും നല്ലതു് എന്നു കരുതുക. എന്റെ അഭിപ്രായം 96—ാമത്തെ ക്ലാസ്സ് മാററിയെഴുതണമെന്നാണ്. ഇല്ലെങ്കിൽ മററുള്ളതിന്റെകൂടെതന്നെ 96—ം പോകും. എന്നാൽ നടപ്പാക്കാൻപററുന്ന നല്ല ഒരു നിയമം ഈ കേരളത്തിൽ ഉണ്ടാവുമെന്ന ദൃഢവിശ്വാസത്തോടുകൂടിത്തന്നെയാണ് എന്റെ ഭേദഗതി വിശേഷിച്ചും രണ്ടാമത്തെ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്.

ശ്രീ. പി. നാരായണൻ തമ്പി: സർ, എന്റെ ഭേദഗതി നമ്പർ 1393 കൊണ്ടുദ്ദേശിച്ചിട്ടുള്ളതു് 96-ാം വകുപ്പുപ്രകാരം ലാൻറു ട്രൈബൂണലുകളെ കാൺസ്റ്റിട്യൂട്ട് ചെയ്യുന്ന അവസരത്തിൽ മുനിസിഫന്മാരെ മാത്രമല്ല, തഹസീൽദാരന്മാരുടെ റാങ്കിൽ കുറയാത്ത ആഫീസറെക്കൂടി ലാൻറു ട്രൈബൂണലുകളായി കാൺസ്റ്റിട്യൂട്ട് ചെയ്യാൻ അധികാരം നൽകണമെന്നുള്ളതാണ്. എന്റെ ഭേദഗതിയിൽ റവന്യൂ ആഫീസറന്മാരെ അങ്ങനെ നിയമിക്കുമ്പോഴം

LIBRARY ARCHIVES Kerala Legislative Assembly

പ്രിസ്ക്രൈബ്ഡ് ക്വാളിഫിക്കേഷൻ ഉണ്ടായിരിക്കണം എന്നു പറഞ്ഞിട്ടുണ്ട്, കാരണം നിയമപരമായ പരിജ്ഞാനം ഇല്ലാത്ത ആളുകൾ ട്രൈബ്യൂണലുകളിൽ വന്നാൽ സിവിൽ നടപടി ക്രമം തീർച്ചയില്ലാത്തതുകൊണ്ട് വൈഷമ്യം നേരിടുകയില്ലയോ എന്നുള്ള സംശയം മന്ത്രി ഉന്നയിക്കാമെന്നു തോന്നിയതുകൊണ്ടാണ് പ്രിസ്ക്രൈബ്ഡ് ക്വാളിഫിക്കേഷൻ ഉള്ള തഹസീൽദാരന്മാരുടെ റാങ്കിൽ കുറയാത്ത റവന്യൂ ആഫീസറന്മാരെ ലാൻറു ട്രൈബ്യൂണലുകളായി വയ്ക്കണമെന്നു ഞാൻ പറഞ്ഞത്. എൻെറ സ്നേഹിതൻ ശ്രീ. ഇ. പി. ഗോപാലൻെറ 1392-ാം നമ്പർ ഭേദഗതിയും ഇതാണ്. ആ ഭേദഗതിയെ അദ്ദേഹത്തിൻെറ മറെറാരു ഭേദഗതിക്കുപയോഗിച്ച ശക്തിയോടുകൂടിത്തന്നെ ഞാൻ പിൻതാങ്ങുന്നു. അദ്ദേഹത്തിൻെറ മറേറ ഭേദഗതിയോടു അനുകൂലിക്കുവാൻ നിവൃത്തിയില്ല. പഞ്ചായത്തുമെമ്പറന്മാർ നിയമം കൈകാര്യം ചെയ്യത്തക്കവണ്ണം പരിജ്ഞാനമുള്ള ആളുകൾ എല്ലാ സ്ഥലത്തും ഉണ്ടാകുമെന്നു വിചാരിക്കുവാൻ നിവൃത്തിയില്ല. അക്ഷരജ്ഞാനംപോലും ഇല്ലാത്ത പഞ്ചായത്തുമെമ്പറന്മാർ അടങ്ങിയ പഞ്ചായത്തുകളും കാണും. അങ്ങനെയുള്ള ആളുകളെ ലാൻഡ് ട്രൈബ്യൂണലുകളിൽ നിയമിക്കുമ്പോൾ നിയമപരമായ പ്രശ്നമായതുകൊണ്ടു അതിൻെറ നടത്തിപ്പിൽ വൈഷമ്യം നേരിടാം.

<u>ശ്രീ. ഇ. പി. ഗോപാലൻ:</u> അക്ഷരാഭ്യാസം വളരെയൊന്നുമില്ലാത്ത ആളുകൾ മുഖ്യമന്ത്രിയായിട്ടുണ്ടെന്നുള്ളകാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

<u>ശ്രീ. പി. നാരായണൻതമ്പി:</u> എല്ലാ സംസ്ഥാനങ്ങളിലേയും മുഖ്യമന്ത്രിമാർ അക്ഷരജ്ഞാനം ഇല്ലാത്തവരല്ലല്ലോ? വളരെ ചുരുക്കം സ്ഥലങ്ങളിൽ അങ്ങനെ കണ്ടേക്കാം. എന്നുവച്ച് അത്തുമാതിരിയുള്ള എക്സംപ്ഷൻസ് വച്ചുകൊണ്ടു റൂൾസ് ഉണ്ടാക്കുന്നതു ശരിയല്ല. സർ, മറെറാരുകാര്യം എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളത്. മുനിസിഫന്മാരെ മാത്രം ലാൻഡു ട്രൈബ്യൂണലുകളായി വയ്ക്കുകയാണെങ്കിൽ ഈ നിയമം നടപ്പിലായതിനുശേഷം ആറു മാസത്തിനകം വളരെയധികം പെററിഷൻസ് വരും. ആദ്യത്തെ ആറു മാസം അത്രയധികംകാണുന്നില്ല. അതിനുശേഷം വളരെയധികം പെററിഷൻസ് വരും. കഴിഞ്ഞ അഗ്രേറിയൻ റിലേഷൻസ് ആക്ററ് നടപ്പിലായതിനുശേഷം ആറു മാസം കഴിഞ്ഞശേഷമാണ് പെററിഷൻസ് ധാരാളമായി വന്നത്. അങ്ങനെ വരുമ്പോൾനിലവിലുള്ള മുനിസിഫന്മാരിൽനിന്നും കൂടുതൽ ആളുകളെ മുനിസിഫന്മാരായി റിക്രൂട്ടു ചെയ്യേണ്ടിവരും. പെററിഷൻസ് ഡിസ്പോസ് ചെയ്തുകഴിയുമ്പോഴത്തേക്കും ലാൻഡു ട്രൈബ്യൂണലുകളുടെ എണ്ണം കുറയ്ക്കുകയും അതുപ്രകാരം മുനിസിഫന്മാരെ തിരിച്ചയയ്ക്കുകയും ചെയ്യേണ്ടിവരും. ആ ബുദ്ധിമുട്ടു ഒഴിവാക്കാനും തഹസീൽദാരന്മാരുടെ റാങ്കിൽ കുറയാത്ത റവന്യൂ ആഫീസറന്മാരെ നിയമിക്കുകയാണെങ്കിൽ സാധിക്കും.

<u>ശ്രീ. എൻ. എസ്. കൃഷ്ണപിള്ള:</u> പ്രിസ്ക്രൈബ്ഡ് ക്വാളിഫിക്കേഷൻ ഉള്ള താസീൽദാരന്മാരെ നിയമിക്കണമെന്നു പറഞ്ഞു. എന്താണ് ഈ പ്രിസ്ക്രൈബ്ഡ് ക്വാളിഫിക്കേഷൻ?

<u>ശ്രീ. പി. നാരായണൻതമ്പി:</u> പ്രിസ്ക്രൈബ്ഡ് ക്വാളിഫിക്കേഷൻ എന്താണു വേണ്ടതെന്നുള്ളതു ഗവണ്മെൻറാണ് നിശ്ചയിക്കേണ്ടത്. ഏതു വിധത്തിലുള്ള താസിൽദാരാണെന്നുള്ളതിനു എനിക്കഭിപ്രായമില്ല. നിയമപ്രശ്നമായതുകൊണ്ടു ലാ ഡിഗ്രി പാസായിട്ടുള്ളവരെ ഈ പോസ്റ്റിലേക്കു നിയമിക്കുകയാണെങ്കിൽ നിയമതടസം ഉണ്ടാകുകയില്ല. ഏതായാലും എൻെറ ഭേദഗതി സ്വീകരിക്കുവാൻ വിഷമമുണ്ടാകയാണെങ്കിൽ ശ്രീമാൻ ഗോപാലൻെറ 1392-ാം നമ്പർ ഭേദഗതി സ്വീകരിച്ചാലും മതി. ഞാൻ ഭേദഗതി അവതരിപ്പിക്കുവാനുള്ള കാരണം കാലതാമസംകൂടാതെ കേസുകൾക്കു തീരുമാനം [illegible]

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ മെഷിനറി പ്രവർത്തിക്കണമെന്നുള്ളതാണ്. അതിനു ഇന്നുള്ള മുനിസിഫ് മാത്രം പോരാ എന്നുള്ള കഴിഞ്ഞകാലത്തെ അനുഭവം വച്ചു ബോദ്ധ്യമായിട്ടുള്ള സംഗതിയാണ്. അഗ്രേറിയൻ റിലേഷൻസ് ആക്ടിന്റെ 15—ാം വകുപ്പിലും ഇതാണ് പറഞ്ഞിരിക്കുന്നത്. പ്രിസ്ക്രൈബ്ഡ് ക്വാളിഫിക്കേഷൻ പറഞ്ഞിട്ടില്ലാ എന്നേയുള്ളൂ. തഹശീൽദാരോ മുനിസിഫന്മാരോ ആയിരിക്കണമെന്നു ആ ആക്ടിലും വ്യവസ്ഥയുണ്ടായിരുന്നു. ഈ ഭേദഗതി സ്വീകരിക്കുന്നതിൽ ബഹുമാനപ്പെട്ട മന്ത്രിക്കു തടസ്സം ഉണ്ടാകുകയില്ല എന്നാണ് എന്റെ വിശ്വാസം.

ശ്രീ. പി. സി. രാഘവൻ നായർ: സർ, എന്റെ ഭേദഗതിയിലും ആവശ്യപ്പെടുന്നത് മുനിസിഫന്മാരെ ലാൻഡ് ട്രൈബ്യൂണലുകളായി നിയമിക്കുന്നതോടൊപ്പം തഹശീൽദാരന്മാരേയുംകൂടി നിയമിക്കണമെന്നാണ്. ഇതിനെ സംബന്ധിച്ച വളരെയധികം പ്രസംഗങ്ങൾ നടന്നുകഴിഞ്ഞു. അങ്ങനെസ്വീകരിച്ചാൽ മറെറാരു പ്രയോജനംകൂടിയുണ്ട്. കഴിഞ്ഞ കാർഷിക ബന്ധനിയമത്തിൽ അതിന്റെ നടത്തിപ്പിനുവേണ്ടി 31 ഓളം ലാൻഡ് ട്രൈബ്യൂണലുകളെ സ്ഥാപിച്ചതിൽ പത്തുപതിനഞ്ചു റവന്യൂ ഉദ്യോഗസ്ഥന്മാരും അത്രയുംതന്നെ മുനിസിഫന്മാരും ഉണ്ടായിരുന്നു എന്നാണ് അറിയുന്നത്. ഈ ലാൻഡ് ട്രൈബ്യൂണലുകളിൽ ജഡ്ജിയായിട്ടു നിയമിക്കപ്പെട്ടിട്ടുള്ള റവന്യൂ ഉദ്യോഗസ്ഥന്മാർ യാതൊരുവിധത്തിലുള്ള കാര്യക്ഷമതയില്ലായ്മയും വരുത്തിയിട്ടില്ല എന്നാണ് എന്റെ അറിവ്. മുനിസിഫന്മാർക്ക് ലാൻഡ് ട്രൈബ്യൂണലുകളിൽ കൈകാര്യംചെയ്യാൻകഴിഞ്ഞതിനെക്കാൾ ഫലപ്രദമായി ഈ കാര്യങ്ങൾ റവന്യൂ ഉദ്യോഗസ്ഥന്മാർക്ക് കൈകാര്യംചെയ്യാൻ സാധിച്ചിട്ടുണ്ട്. ഭൂപരിഷ്കരണനിയമത്തെ സംബന്ധിച്ചിടത്തോളം, പാട്ടം കുറയ്ക്കൽ, സർവ്വേ സംബന്ധിച്ചുള്ള വിവരങ്ങൾ മണ്ണിന്റെ ക്ലാസിഫിക്കേഷൻ സംബന്ധിച്ചുള്ള വിവരങ്ങൾ ഇതെല്ലാം മുനിസിഫന്മാരെക്കാൾ കൂടുതലായിട്ടു തഹസീൽദാരന്മാർ കൈകാര്യംചെയ്തു പരിചയം സിദ്ധിച്ചിട്ടുള്ളവരാണ്. എന്നുതന്നെയുമല്ല, തഹസീൽദാരന്മാർ കൈകാര്യംചെയ്ത കേസുകളിൽ, അല്ലെങ്കിൽ റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ കൈകാര്യംചെയ്തിട്ടുള്ള കേസുകളിൽ ഒന്നുംതന്നെ മററുള്ളവയിൽനിന്നും വ്യത്യസ്തമായിട്ടുള്ള യാതൊരു ദോഷഫലവും ഉളവാക്കിയിട്ടില്ല. ഭൂമിയെ സംബന്ധിച്ചിടത്തോളം സർവ്വേയെ സംബന്ധിച്ചിടത്തോളം മണ്ണിന്റെ ഇനങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാംതന്നെ വ്യക്തമായിട്ടുള്ള അറിവ് മുനിസിഫന്മാരെക്കാൾ കൂടുതൽ ഉള്ളത് റവന്യൂ ആഫീസരന്മാർക്കാണ്. മലബാർ ഭാഗത്താണെങ്കിൽ റവന്യൂ ഇൻസ്പെക്ടറന്മാർ ഉണ്ട്. തിരു-കൊച്ചിയിൽ റവന്യൂ ഇൻസ്പെക്ടറന്മാർ ഉണ്ടോ എന്നറിവില്ല. ഈ ഇൻസ്പെക്ടറന്മാരിൽനിന്നും പ്രമോഷൻനേടി ഉയർന്നവരാണ് റവന്യൂ ഡിപ്പാർട്ടുമെന്റിലെ മററു ഓഫീസർമാർ. ലാൻഡ് റവന്യൂ റിക്കാർഡിനെ സംബന്ധിച്ചിടത്തോളവും, സർവ്വേ സംബന്ധിച്ചിടത്തോളവും നല്ല അറിവും പരിചയവും ഉള്ളവരാണ് റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ. അതുകൊണ്ടു അവരെക്കൂടി ലാൻഡ് ട്രൈബ്യൂണലുകളിൽ നിയമിക്കണമെന്നാണ് ഞാൻ എന്റെ ഭേദഗതികൊണ്ടുദ്ദേശിച്ചിരിക്കുന്നത്. എന്റെഭേദഗതിയോടൊപ്പം ഞാൻ ശ്രീ. ഇ. പി. ഗോപാലൻ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയെഅനുകൂലിക്കുകയാണ്. എന്നാൽ ശ്രീമാൻ തമ്പി കൊണ്ടുവന്നിരിക്കുന്ന ഭേദഗതി സ്വീകരിച്ച റവന്യൂ ഉദ്യോഗസ്ഥന്മാർക്ക് അപമാനം ഉണ്ടാക്കരുതെന്നു മന്ത്രിയോട് എനിക്കഭ്യർത്ഥനയുണ്ട്. പ്രിസ്ക്രൈബ്ഡ് ക്വാളിഫിക്കേഷൻ ഉള്ള തഹശീൽദാരന്മാർക്ക് കൊടുക്കണമെന്നാണ് ശ്രീ. തമ്പിയുടെ ഭേദഗതി കൊണ്ടു ഉദ്ദേശിച്ചിരിക്കുന്നത്. ആ ഭേദഗതി അംഗീകരിപ്പാൻ ഇതിൽ പറയപ്പെടുന്ന ചില വിഭാഗക്കാർക്ക് അവമാനമാകുമെന്നുള്ളതുകൊണ്ട് ഞാൻ അതിനോടു യോജിക്കുന്നില്ല. റവന്യൂ ഡിപ്പാർട്ടുമെന്റിലെ തഹസീൽദാരന്മാരുടെ താഴെയല്ലാത്തവരെ ലാൻഡ് ട്രൈബ്യൂണലുകളായി നിയമിക്കാം എന്നുള്ള ഒരു വാചകംമാത്രം മതി. ഞാൻ എന്റെ ഭേദഗതി സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. കൃഷ്ണൻ:</u> സർ. എന്റെ ഭേദഗതിയിൽ ഞാൻ രണ്ടു കാര്യങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ വകുപ്പിൽ പറഞ്ഞിരിക്കുന്നതു ഏ[illegible]ങ്കിലും ഒരു സ്ഥലത്തു ലാൻറു ട്രൈബ്യൂണലുകൾ ഉണ്ടാക്കാമെന്നാണ്. അതു ഒരു പ്രത്യേക സ്ഥലത്തു ആയിരിക്കണമെന്നു നിയന്ത്രണം വയ്ക്കണമെന്നാണ് എന്റെ ഭേദഗതിയിൽ ആവശ്യപ്പെട്ടിരുന്നതിൽ ഒരു സംഗതി. എൻ. ഇ. എസ്. ബ്ലോക്കു ഏരിയായിൽ എല്ലാം ഓരോ ലാൻറു ട്രൈബ്യൂണലുണ്ടായിരിക്കണം. ഇതു കൊണ്ടുവരാനുള്ള കാരണം കാർഷികബന്ധ നിയമം നടപ്പിൽ വന്നപ്പോൾ ഉണ്ടായിരുന്ന ലാൻറ് ട്രൈബ്യൂണലുകളുടെ എണ്ണം വളരെ കുറവായിരുന്നു. അതു പിന്നീടു ഡിസ്ട്രിക്ററുകളിലും റവന്യൂ ഡിവിഷനുകളിലും ഓരോന്നായി മാററിയെങ്കിലും എണ്ണത്തിൽ വളരെ പരിമിതമായിരുന്നു. അങ്ങനെ പ്രവർത്തിച്ചതിന്റെ ഫലമായിട്ടു ലാൻറു ട്രൈബ്യൂണലുകളിൽ വരുന്ന ഓരോ ഹർജികളും വളരെ കാലതാമസം എടുത്തു വിധിച്ചാൽ മതിയായിരുന്നു. ഇങ്ങനെ പരിമിതപ്പെടുത്തുന്നതിനു പകരം ഓരോ ബ്ലോക്കിലും ഓരോ ട്രൈബ്യൂണൽ എന്നുള്ള രീതിയിൽ സ്വീകരിക്കുവാനുള്ള നിലപാട് ഗവൺമെൻറു ഭാഗത്തുനിന്നും ഉണ്ടായിരിക്കണം. ഓരോ ബ്ലോക്കും താലൂക്കായി മാററാനുള്ള അഭിപ്രായഗതിയാണ് ഈ രാജ്യത്തെ ജനങ്ങളുടെ ഇടയിൽ ഇപ്പോൾ ഉള്ളതു്. അപ്പോൾ പരിമിതമായിട്ടുള്ളതെല്ലാം വികസിപ്പിക്കേണ്ടിവരും. ഭൂമിയിൽ കൂടുതൽ ഉല്പാദനം ഉണ്ടാക്കുക തുടങ്ങിയ വികസനപ്രവർത്തനങ്ങൾ നാം ആരംഭിച്ചിട്ടുള്ള ഈ കാലഘട്ടത്തിൽ അതിനനുസരണമായി ഓരോ ബ്ലോക്കിലും ഓരോ ട്രൈബ്യൂണൽ എന്ന രീതിയിൽ സ്ഥാപിക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്.

മറെറാരു കാര്യം എന്റെ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതു് ഇവിടെ പലരും പ്രസംഗിച്ചിട്ടുള്ള സംഗതിയാണ്. പഞ്ചായത്തു മെമ്പറന്മാർക്കു അക്ഷരബോധം ഉണ്ടാകുകയില്ല, അതുകൊണ്ടു പഞ്ചായത്തു മെമ്പറന്മാരെ ലാൻറു ട്രൈബ്യൂണലുകളിൽ നിയമിക്കുന്നതു ഒട്ടും ശരിയായിരിക്കുകയില്ല എന്നൊരു വാദഗതി ഇവിടെ കേട്ടു. അക്ഷരജ്ഞാനം ഇല്ലാത്തവരേ പഞ്ചായത്തു മെമ്പറന്മാരായി വരികയുള്ള എന്നു യാതൊരു നിബന്ധനയും ഇല്ലാത്തസ്ഥിതിക്കു് പഞ്ചായത്തു മെമ്പറന്മാരെ ലാൻറു ട്രൈബ്യൂണലുകളിൽ നിയമിക്കുന്നതുകൊണ്ടു് യാതൊരു തകരാറുമില്ല. ഒരു പഞ്ചായത്തിലുള്ള എല്ലാ മെമ്പറന്മാരുംകൂടി അവർക്കു പ്രാപ്തിയുണ്ടെന്നു തോന്നുന്നയാളെ തെരഞ്ഞെടുക്കുക, അതു മാത്രമല്ല, പഞ്ചായത്തു മെമ്പറന്മാരാകുകയാണെങ്കിൽ അവർ ആ പഞ്ചായത്തിലെ ആളുകളുമായി കൂടുതൻ സമ്പർക്കവും, ഭൂമിയെ സംബന്ധിച്ചുള്ള പ്രാദേശികമായ വിവരവും, കർഷകരെ സംബന്ധിച്ചിടത്തോളമുള്ള അവകാശമെല്ലാം നല്ല പോലെ പരിചയമുള്ളവരുമായിരിക്കും. ഈ വക കാര്യങ്ങൾ നിയമവിദഗ്ദ്ധന്മാരുടെ കൈയിൽ വിട്ടുകൊടുക്കുന്നതിനുപകരം ഇതുപോലെയുള്ളവർക്കു് വിട്ടുകൊടുക്കേണ്ടതു ജനങ്ങളുടെ ഗുണത്തിനു വളരെ അത്യാവശ്യമാണ്. പ്രാദേശികമായും മററും ഉള്ള ഗുണദോഷങ്ങൾ ഒന്നും കണക്കിലെടുക്കാതെ വെറും നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വിധിയെഴുതുന്നതുകൊണ്ടു് കർഷകർക്കു് വളരെ പ്രതികൂലമായ അനുഭവം ഉണ്ടാകാൻ ഇടയുണ്ടു്. നിയമപരിജ്ഞാനം കുറവാകുന്നതുകൊണ്ടുള്ള ആക്ഷേപം തീർക്കുന്നതിനും ഞാൻ ഭേദഗതിയിൽ നിർദ്ദേശിച്ചിട്ടുണ്ടു്. മൂന്നു പേർ അടങ്ങിയ ഒരു ലാൻറു ട്രൈബ്യൂണലായിരിക്കണം. അതിൽ ഒരാൾ മൂന്നുകൊല്ലം ബാറിൽ ഇരുന്നു സർവ്വീസുള്ള അഡ്വക്കേററ്സിൽ നിന്നും ഗവൺമെൻറു നോമിനേററു ചെയ്യുന്നതായിരിക്കണം. മററു രണ്ടുപേരെ പഞ്ചായത്തുമെമ്പറന്മാർ തെരഞ്ഞെടുക്കുകയും ചെയ്യണം. കേസ്സുകൾ തീരുമാനം എടുക്കാതെ കെട്ടികിടക്കാതിരിക്കുന്നതിനും കാര്യത്തിന്റെ വേഗത്തിലുള്ള നടത്തിപ്പിനും എന്റെ ഭേദഗതി സ്വീകരിക്കണമെന്നു അപേക്ഷിക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞച്ചൻ:</u> സർ, ഈ ലാൻഡു ട്രിബ്യൂണലായിട്ടു താസിൽദാരന്മാരെക്കൂടി നിയമിക്കാൻ സൗകര്യമുണ്ടാക്കണമെന്നു ഉദ്ദേശിച്ചു കൊണ്ടാണ് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. ഈ ബില്ലിൽ ലാൻറ് ട്രിബ്യൂണലിനെ നിയമിക്കാനുള്ള വകുപ്പു എഴുതിച്ചേർക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കാർഷികബന്ധനിയമം പാസ്സാക്കിയശേഷം നമ്മുടെ രാജ്യത്തു നിയമിച്ച ലാൻറ് ട്രിബ്യൂണലിൻെറ പ്രവർത്തനം കണിശമായും കണക്കിലെടുക്കണം. ആ പ്രവർത്തനത്തിൻെറ അനുഭവം കണക്കിലെടുക്കാതെ ഇന്നു ഒരു നിയമം അംഗീകരിക്കുന്നതു ശരിയല്ല. സർ, ഈ രാജ്യത്തു ലാൻറു ട്രിബ്യൂണലിൻെറ എണ്ണം വർദ്ധിപ്പിക്കണമെന്നുള്ള പ്രക്ഷോഭണമുണ്ടായി. എത്രയോ പ്രാവശ്യം ഈ നിയമസഭയിൽ നിരന്തരമായി ആവശ്യപ്പെട്ടു. സാധാരണയായി ഒരു മെഷീനറി വർദ്ധിപ്പിക്കണം എന്നു പറഞ്ഞു ഒരു പ്രക്ഷോഭണം നടക്കുകയില്ല. എന്നാൽ അന്നു ലാൻറ് ട്രിബ്യൂണലിൻെറ എണ്ണം വർദ്ധിപ്പിക്കണമെന്നു കർഷകരുടെയിടയിൽ ശക്തിയായ അഭിപ്രായം ഉയർന്നുവന്നു. അതിനുള്ള അടിസ്ഥാനം കഴിയുന്നത്രവേഗം ഈ ലാൻറ് ട്രിബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള പെററിഷനുകളെ സംബന്ധിച്ചിടത്തോളം ഒരു തീരുമാനം എടുക്കണമെന്നുള്ളതായിരുന്നു. സർ, ഒരു ലക്ഷത്തോളം പെററിഷൻസാണ് ഫയൽ ചെയ്തിട്ടുള്ളത്. പഴയ കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്ന എല്ലാ വകുപ്പുകളെ സംബന്ധിച്ചുമുള്ള ആനുകൂല്യങ്ങൾ കൃഷിക്കാർക്ക് നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ലായിരുന്നു. അന്നു ഫെയർറെൻറ ഫിക്സ് ചെയ്യുന്നതിനു പെററിഷൻ കൊടുക്കുന്നതിനും ഭൂമി പർച്ചേസ് ചെയ്യുന്നതിനു പെററിഷൻ സമർപ്പിക്കുന്നതിനും മാത്രമേ കൃഷിക്കാർക്ക് അധികാരമുണ്ടായിരുന്നുള്ളു. ഇന്നു ഫെയർറെൻറ് ഫിക്സ് ചെയ്യുന്നതിനുള്ള പെററിഷൻ ഭൂഉടമസ്ഥും കൊടുക്കാൻ കഴിയുന്ന രീതിയിലാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

മി. സ്പീക്കർ : ഈ സംഗതികളെല്ലാം പല പ്രാവശ്യം ആവർത്തിച്ചിട്ടുള്ളതാണ്. പ്രസംഗം ചുരുക്കിയാൽ കൊള്ളാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഇതെല്ലാം ഞാൻ പറയുന്നതു്, ലാൻറ് ട്രിബ്യൂണലിനു ജോലി വർദ്ധിക്കുന്നുണ്ട് എന്നു കാണിക്കാൻവേണ്ടിയാണ്. ഇന്നു ഫെയർറെൻറ് ഫിക്സ് ചെയ്യാൻ ഭൂ ഉടമകൾക്ക് പെററിഷൻ നേരിട്ടു ലാൻഡു ട്രിബ്യൂണലിനു കൊടുക്കാം; സ്ഥാനംഹോനംഡറുടെ കയ്യിൽനിന്നുമാത്രമല്ല, ഭൂമി പർച്ചേസ് ചെയ്യാൻ സാധിക്കുന്നതു്; ജന്മിയിൽനിന്നും നേരിട്ടു പർച്ചേസ് ചെയ്യാൻ സാധിക്കും. അപ്പോഴും ലാൻഡു ട്രിബ്യൂണലിനു ജോലി വർദ്ധിക്കും. പിന്നെ, റെക്കാർഡു ആഫ് റൈററ്സ് തയാറാക്കണം. അതുകൊണ്ടു ലാൻഡു ട്രിബ്യൂണലിൻെറ എണ്ണം വർദ്ധിപ്പിക്കണം. അവരുടെ ജോലി വർദ്ധിക്കുന്നതിനനുസരിച്ചു അവരുടെ എണ്ണവും വദ്ധിപ്പിക്കണം. അതുകൊണ്ടു താസിൽദാരന്മാരെക്കൂടി ഇതിൽ നിയമിക്കുന്നതിനു സൗകര്യമുണ്ടെങ്കിൽ അവരുടെ എണ്ണം വർദ്ധിപ്പിക്കാൻ സൗകര്യമുണ്ടാകും. താസിൽദാരന്മാക്കാണെങ്കിൽ നമ്മുടെ ഭൂമിയെ സംബന്ധിച്ചുള്ള എല്ലാക്കാര്യങ്ങളുമായിട്ടു ഇടപഴകി പരിചയപ്പെടുന്ന ആളാണ്. അതുകൊണ്ടു അവരെ നിയമിക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുണ്ടു്. അതുകൊണ്ട് താസിൽദാരന്മാരെക്കൂടി ലാൻഡു ട്രിബ്യൂണലായിട്ടു നിയമിക്കാൻ ആവശ്യപ്പെടുകയാണ്. അങ്ങനെ അവരെക്കൂടി നിയമിക്കുന്നതിനുള്ള ഒരു ഭേദഗതി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) : സർ, ഈ വകുപ്പിൻെറ ചർച്ചയിൽ ഒരുകാര്യം മാത്രമേ പ്രധാനമായിട്ടു വന്നിട്ടുള്ളു. അതു, ഈ ട്രിബ്യൂണലിനെ നിശ്ചയിക്കുന്നതു ജൂഡിഷ്യൽ ആഫീസർ വേണോ, റവന്യൂ ആഫീസർ വേണോ അതോ പഞ്ചായത്തു മെമ്പറന്മാരെ വേണോ എന്നുള്ളതാണ്. പ്രതിപക്ഷത്തെ പല ബഹുമാനപ്പെട്ട അംഗങ്ങൾക്കും റവന്യൂ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തെപ്പററിയും പ്രത്യേകിച്ചു താസിൽദാരന്മാരുടെ പ്രവർത്തനത്തെപ്പററിയും അവരുടെ കാര്യക്ഷമതയെപ്പററിയും ഉണ്ടായിട്ടുള്ള മതിപ്പിനു് നന്ദി പറയാൻ ഞാനീയവസരം ഉപയോഗിക്കുന്നു. ഈ നിയമം നടപ്പാക്കുമ്പോൾ ട്രിബ്യൂണലുകളുടെ മുമ്പാകെ വരുന്ന കേസുകളിൽ സങ്കീർണ്ണങ്ങളായ നിയമപ്രശ്നങ്ങൾ ഉണ്ടാകാനിടയുണ്ട്. ഫെയർറെൻറ് നിശ്ചയിക്കുക, പർച്ചേസ് പ്രൈസ് നിശ്ചയിക്കുക, റിസംപ്ഷൻ അവകാശം നിശ്ച

LIBRARY ARCHIVES Kerala Legislative Assembly

യിക്കുക മുതലായ പ്രധാനപ്പെട്ട കാര്യങ്ങളിലെല്ലാം അതുപോലെ ആന്യുവിററി നിശ്ചയിക്കുന്ന കാര്യവുമെല്ലാം ട്രിബ്യൂണലുകളാണു ചെയ്യേണ്ടതു്. ആ നിലയിൽ രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കാതിരിക്കാൻ നിവൃത്തിയില്ല. ഒന്നു, ഈ ട്രിബ്യൂണലുകൾ ഗവണ്മെൻറിൽനിന്നും കഴിവുള്ളത്ര സ്വാതന്ത്ര്യമായി നിൽക്കുന്നവയായിരിക്കണം. ട്രിബ്യൂണൽ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ നേരിട്ടു ഗവണ്മെൻറിൻെറ നിയന്ത്രണത്തിലല്ല, ഹൈക്കോടതിയുടെ നിയന്ത്രണത്തിലാണു്. അതുകൊണ്ടു് ഗവണ്മെൻറിൽനിന്നും ഒരു എക്സിക്യൂട്ടീവു് അധികാരമുപയോഗിച്ചു് അവരുടെമേൽ സ്വാധീനം ഉണ്ടായിക്കാണും എന്നുള്ള ഒരു ഭയംപോലും ഉണ്ടാകാനിടയില്ല.

ശ്രീമതി കെ. ആർ. ഗൗരി : ലാൻഡു് ബോർഡിൻെറ കീഴിലാണു് ലാൻഡ് ട്രിബ്യൂണൽ എന്നാണു് ഇതിൽ എഴുതിയിരിക്കുന്നതു്.

പി. ടി. ചാക്കോ : ലാൻഡു് ബോർഡിനു അധികാരമുള്ള കാര്യങ്ങളിൽ ആരെ ട്രിബ്യൂണലിൽ ആക്കിയാലും അതുവരും, പക്ഷെ, എല്ലാം മുൻസിഫന്മാരും ഹൈക്കോടതിയുടെ കീഴിൽ ജോലിനോക്കുന്നവരാണു്. ട്രിബ്യൂണലായിട്ടു നിയമിച്ചാൽ, ഇക്കാര്യത്തിൽ അവരെ ട്രിബ്യൂണലായിട്ടു നിയമിക്കാം എന്നാണു് പറയുന്നതു്. അക്കാരണത്താൽ അവർ കുറെ സ്വതന്ത്രരായിരിക്കാവുന്നവരാണു്. അത്രയും ഒരു ഗുണം അതുകൊണ്ടുണ്ടായിരിക്കും. അതുമാത്രമല്ല, അതു കഴിഞ്ഞു അവർ ഹൈക്കോടതിയുടെ കീഴിൽ സ്ഥിരമായി ജോലിയുള്ളവരുമാണു്. ആ നിലയിൽ സാധാരണയായി ട്രിബ്യൂണലായിട്ടു ഒരു ജുഡീഷ്യലുദ്യോഗസ്ഥനെ നിയമിക്കുന്നതായിരിക്കും നല്ലതു്.

പിന്നെ കാലതാമസം വരുമെന്നാണു് ഒരു കാരണം പറഞ്ഞതു്. കാലതാമസം വരുന്നുണ്ടെന്നുള്ളതു് ജുഡീഷ്യലുദ്യോഗസ്ഥനാണു്, റവന്യൂ ഉദ്യോഗസ്ഥനാണു്, പഞ്ചായത്തു മെമ്പറാണു് എന്നുള്ളതിനെ ആശ്രയിച്ചല്ല. കാലതാമസം മേലാൽ വരികയില്ല. ഹൈക്കോടതിയോടാലോചിച്ചു അവരുടെ ശുപാർശ അനുസരിച്ചു ട്രിബ്യൂണലുകളെ നിയമിക്കണമെന്നാണു് ഗവണ്മെൻറു ഉദ്ദേശിക്കുന്നതു്. അതിനാവശ്യമുള്ളത്ര മുൻസിഫന്മാരെ ഉണ്ടാക്കുന്നതിനുള്ള നടപടി ഹൈക്കോടതി സ്വീകരിക്കും. കാരണം, ജനങ്ങൾക്കു വിശ്വാസം വരുന്നതിനും സ്വതന്ത്രമായ പ്രവർത്തനം എന്നു തോന്നുന്നതിനും ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാർ ട്രിബ്യൂണലായിട്ടു നിയമിച്ചുവരുന്നതാണു് നല്ലതു് എന്നു കരുതിയാണു് ഈ ഭേദഗതി വരുത്തിയിരിക്കുന്നതു്.

ശ്രീമാൻ ഇ. പി. ഗോപാലൻ ഇതൊരു വലിയ തന്ത്രമാണെന്നു പറയുന്നതു കേട്ടു. എനിക്കു എത്ര ആലോചിച്ചിട്ടും മനസ്സിലാകാത്ത ഒന്നാണതു്. വളരെ സങ്കീർണ്ണമായ നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനു ഒരു ജുഡീഷ്യൽ ഉദ്യോഗസ്ഥനായിരിക്കണം എന്നുള്ളതു് സ്വാഭാവികമായി നിയമസഭയിലെ എല്ലാഭാഗത്തുനിന്നും സ്വാഗതം ചെയ്യുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഈ രാജ്യത്തെ ജനങ്ങൾ അതു സ്വാഗതം ചെയ്യുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഓരോ വകുപ്പിനെപ്പററിയും ഓരോ വാക്കിനെപ്പററിയും ഇന്ത്യാഗവണ്മെൻറും പ്ലാനിംഗ് കമ്മീഷനും എന്തു പറഞ്ഞു എന്നു അറിയണമെന്നു് അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി. മൊത്തത്തിൽ അതേപ്പററി ആലോചിച്ചിട്ടുണ്ടു്, അതിൻെറ പ്രധാനതത്വങ്ങളെപ്പററി ആലോചിച്ചിട്ടുണ്ടു് എന്നു പറയാമെന്നുള്ളതല്ലാതെ ഓരോ വകുപ്പിനെപ്പററിയും ഓരോ വാക്കിനെപ്പററിയും ഇൻഡ്യാ ഗവണ്മെൻറും പ്ലാനിംഗ് കമ്മീഷനും എന്തു നിർദ്ദേശിച്ചു എന്നു പറയാൻ നിവൃത്തിയില്ല. അങ്ങനെയാണെങ്കിൽ പിന്നെ ഈ നിയമസഭ ഇതു ചർച്ച് ചെയ്തുകൊണ്ടു എന്താണു് ഫലം. ഈ കേരളത്തിലെ ഭൂനയത്തെ സംബന്ധിച്ചിടത്തോളം ഒരു നിയമനിർമ്മാണം നടത്തുന്നതിനുള്ള ചുമതല സ്റ്റേററു ഗവണ്മെൻറിനാണു്. അപ്പോൾ അതു സ്റ്റേററു നിയമസഭയ്ക്കാണു് നിയമമുണ്ടാക്കാനുള്ള അധികാരം. മൊത്തത്തിലുള്ള നമ്മുടെ പ്ലാനിംഗിനാവശ്യമുള്ളത്ര ഐകരൂപ്യം കൊടുക്കാൻ ആലോചനകൾ നടത്തും. അതിൻെറ ഫലമായിട്ടായിരിക്കും

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയുള്ള കാര്യങ്ങളിൽ പ്രവർത്തിക്കുന്നതു്. എന്നുവച്ചു് സ്റ്റേറ്റ് ഗവണ്മെന്റിനു ഭരണഘടന അധികാരം തന്നിട്ടുള്ള യാതൊരു കാര്യത്തിലും സ്റ്റേറ്റ് ഗവണ്മെന്റിന്റെ മുകളിൽ വേറെ ഒരു ഗവണ്മെന്റില്ല. സ്റ്റേറ്റ് ഗവണ്മെന്റിനു അധികാരമില്ലാത്ത കാര്യങ്ങൾ വേറെയുണ്ടു്. സ്റ്റേറ്റ് നിയമസഭയ്ക്കും പാർലമെന്റിനും നിയമനിർമ്മാണം ചെയ്യാവുന്ന കാര്യങ്ങളുണ്ടു്. അങ്ങനെ സ്റ്റേറ്റ് ഗവണ്മെന്റിനു പരിപൂർണ്ണമായി അധികാരമുള്ളതും സ്റ്റേറ്റ് നിയമസഭയ്ക്കു് പരിപൂർണ്ണമായി അധികാരമുള്ളതുമായ വിഷയങ്ങൾ ഉണ്ടു്. ആ വിഷയങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെന്റിനു പരിപൂർണ്ണാധികാരമുള്ളപ്പോൾ ഗവണ്മെന്റു ആ അധികാരം ഉപയോഗിക്കാനാണുദ്ദേശിക്കുന്നതു്, ഈ നിയമസഭയും ആ അധികാരം ഉപയോഗിക്കാം എന്നാണു് വിചാരിക്കുന്നതു്. അതിനപ്പുറം ആവർത്തിച്ചാവർത്തിച്ചു ചോദിച്ചിട്ടു കാര്യമില്ല.

ശ്രീ. ഇ. പി. ഗോപാലൻ: ഈ നിയമസഭയ്ക്കു് അധികാരമുണ്ടെന്നു പറയുന്നു. 1959–ലെ ബില്ലിൽ ലാൻഡു ബോർഡുണ്ടാക്കാനുള്ള വ്യവസ്ഥയെ സംബന്ധിച്ചു പ്രസിഡന്റിന്റെ ഒരു നിർദ്ദേശം വന്നിട്ടുണ്ടായിരുന്നതു മന്ത്രി ഓർക്കുന്നില്ലേ. അപ്പോൾ ഇതു രണ്ടും തമ്മിൽ വല്ല ബന്ധവുമുണ്ടോ ?

ശ്രീ. പി. ടി. ചാക്കോ: ഞാൻ നല്ലതുപോലെ ഓർത്തുകൊണ്ടുതന്നെയാണു പറയുന്നതു്. അതുകൊണ്ടു ഓരോ വകുപ്പിനെപ്പററിയും ഇൻഡ്യാ ഗവണ്മെന്റു എന്തു പറഞ്ഞു, ഈ വാചകത്തെപ്പററി പ്ലാനിംഗ് കമ്മിഷൻ എന്തു പറഞ്ഞു എന്നൊക്കെ ചോദിക്കുന്നതു ശരിയല്ല. അതേപ്പററി കൂടുതലൊന്നും പറയേണ്ടകാര്യമില്ല. സർ, ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാരെ ട്രിബ്യൂണലായിട്ടു നിയമിക്കുന്നതിനു എതിരായിട്ടുള്ള രണ്ടു നിർദ്ദേശങ്ങളും സ്വീകരിക്കാൻ നിവൃത്തിയില്ല. പ്രത്യേകമായി ചില പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനാണു് ട്രിബ്യൂണലിനെ നിയമിക്കുന്നതു്. അതു ഏതു ഡിപ്പാർട്ടുമെന്റിൽനിന്നെല്ലാം വേണമെന്നുള്ള അഭിപ്രായങ്ങളുണ്ടാകാം. ഇവിടെ ജനങ്ങൾക്കു വിശ്വാസമുള്ളതും ഈ നിയമം കൈകാര്യം ചെയ്യുന്നതുമായ ഒരു ട്രിബ്യൂണലാണു് ആവശ്യം. അതിനു ഏററവും നല്ലതു് ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാരാണു്. അതുകൊണ്ടു് ഈ വകുപ്പു പാസ്സാക്കിത്തരണമെന്നു അപേക്ഷിക്കുന്നു.

Amendment No. 1391 moved by Shri T. K. Ramakrishnan was put and lost.

Amendment No. 1392 moved by Shri E. P. Gopalan was put and lost.

Shri E. P. Gopalan: Sir, I demanda poll.

A poll was taken when the House divided as follows:

Ayes 29

1	Shri	C. Achutha Menon	13	Shri	M. Krishnan
2	,,	P. C. Adichan	14	,,	R. Krishnan
3	Smt.	K. O. Aisha Bai	15	,,	K. Krishna Pillai
4	Shri	M. Alikunju Sastri	16	,,	S. Kumaran
5	,,	K. Anirudhan	17	,,	P. K. Kunjachan
6	,,	P. Balachandra Menon	18	,,	P. M. Kunhiraman Nambiar
7	,,	N. E. Balaram			
8	,,	E. P. Gopalan	19	,,	P. K. Narayanan Nambiar
9	Smt.	K. R. Gouri	20	,,	T. C. Narayanan Nambiar
10	Shri	K. V. John			
11	,,	O. Koran	21	,,	P. Narayanan Tampi
12	,,	K. Krishnan	22	,,	K. V. Narayanan

LIBRARY ARCHIVES Kerala Legislative Assembly

23	Shri	P. C. Raghavan Nair	27	Shri	E. M. Sankaran Namboodiripad
24	,,	A. K. Ramankutty			
25	,,	T. K. Ramakrishnan	28	,,	R. Sugathan
26	,,	P. Ravindran	29	,,	P. Viswambharan

Noes 51

1	Shri	P. Abdul Majeed	27	Shri	N. S. Krishna Pillai
2	,,	K. C. Abraham	28	,,	P. Kumaran
3	,,	M. C. Abraham	29	,,	Kunhambu
4	,,	K. T. Achuthan	30	Smt.	Kusumam
5	,,	K. K. Balakrishnan	31	,,	Leela Damodara Menon
6	,,	P. C. BalakrishnanNambiar	32	Shri	P. Madhavan
7	,,	T. O. Bava	33	,,	V. Madura
8	,,	N. Bhaskaran Nair	34	,,	M. M. Mathai
9	,,	P. T. Chacko	35	,,	C. A. Mathew
10	,,	G. Chandrasekhara Pillai	36	,,	K. Narayana Kurup
11	,,	P. C. Cherian	37	,,	M. Narayana Kurup
12	,,	K. A. Damobara Menon	38	,,	Kuroor Neelakantan Namboodiripad
13	,,	T. A. Dharmaraja Iyer			
14	,,	P. R. Francis	39	,,	E. P. Poulose
15	,,	K. M. George	40	,,	A. A. Rahim
16	,,	P. Gopalan	41	,,	R. Raghava Menon
17	,,	M. Gopalankutty Nair	42	,,	R. Sankar
18	,,	Malethu Gopinatha Pillai	43	Smt	O. T. Sarada Krishnan
19	,,	M. P. Govindan Nair	44	,,	K. R. Saraswathi Amma
20	,,	C. G. Janardhanan	45	Shri	Shamsuddin
21	,,	Thomas John	46	,,	C. M. Stephen
22	,,	George Joseph Podipara	47	,,	K. T. Thomas
23	,,	P. S. Karthikeyan	48	,,	T. A. Thomman
24	,,	K.G. Karunakara Menon	49	,,	P. P. Ummer Koya
25	,,	T. Krishnan	50	,,	K. R. Vijayan
26	,,	P. R. Krishnan	51	,,	K. K. Viswanathan

Neutrals—Nil.

Mr. Speaker : For the amendment 29;
Against the amendment 51;
Neutrals Nil.

The amendment is lost

Amendment No. 1480 moved by Shri. E. P. Gopalan was put and lost.

Amendment No. 1393 moved by Shri. P. Narayanan Thampi was put and lost.

Amendment No: 1394 moved by Shri P. C. Raghavan Nair was put and lost.

Amendment No. 1725 moved by Shri K. Krishnan was put and lost.

Amendment No. 1726 moved by Smt. K. R. Gouri was by leave withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Amendment No. 1727 moved by Shri P. K. Kunjachan was by leave withdrawn.

The question that Clause 96 stand part of the Bill was put and carried.

Clause 96 was added to the Bill.

Clause 97

Mr Speaker: The following amendments may be moved:

Amendment Nos. 936, 940 and 947 by Shri K. Chandrasekharan, amendment Nos. 937, 943, 944 and 948 by Shri. K. Hassan Gani, amendment No. 949 by Shri. K. Balakrishna Menon, amendment Nos. 1463 and 1464 by Shri. P. S. Srinivasan, and amendment No. 1728 by Shri K. Krishnan.

Shri. O. Koran: I move:

936. In clause 97(1), the second sentence may be inserted as follows:

'The Board shall consist of three members'

940. In clause 97 (2) in the first sentence in the first two lines may be inserted as follows:

'The members of the Board shall be—'

947. In clause 97 (2) (iii) the present words will be deleted, and the following will be inserted:

"a member nominated by the Government"

Mr. Speaker: Amendment Nos. 937, 943, 944 and 948 are in the name of Shri K. Hassan Gani. The hon. Member is not present.

Amendment No. 949 is in the name of Shri K. Balakrishna Menon. The hon. Member is not present.

Amendment Nos. 1463 and 1464 are in the name of Shri P. S. Srinivasan. The hon. Member is not present.

Shri K. Krishnan: I move amendment No. 1728.:

In clause 97 (2), recast sub section (iii) as follows :

'(iii) a member of the Legislative Assembly of Kerala elected by the members of the Legislative Assembly'.

ശ്രീ. കെ. കൃഷ്ണൻ : ലാൻഡ് ബോർഡ് രൂപീകരിക്കുന്നതിൽ ഉദ്യോഗസ്ഥന്മാർ മാത്രമല്ല, ഈ നിയമസഭ തെരഞ്ഞെടുക്കുന്ന ഒരു മെമ്പർകൂടി വേണമെന്നാണ് എന്റെ ഭേദഗതി. അതിനെപ്പററി കൂടുതൽ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. ഗവണ്മെൻറു നാമിനേററു ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനു പകരം നിയമസഭയിലുള്ള ഒരു മെമ്പർ വരുന്നതാണ് കൂടുതൽ നല്ലതെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. ടി. ചാക്കോ : ബോർഡിന്റെ രൂപീകരണത്തിൽ പ്രായോഗികതയാണ് പ്രധാനമായി പരിഗണിച്ചിട്ടുള്ളത്. പ്രാരംഭകാലത്തു് കാര്യങ്ങൾ ശരിയായി നടത്തുന്നതിന് റവന്യൂ ഡിപ്പാർട്ടുമെൻറിന്റെ തലവൻ ഇതിൽ ഉണ്ടായിരിക്കുകയായിരിക്കും നല്ലതു്. അങ്ങനെ പ്രാരംഭ കാലത്തു് ഒരു മെമ്പർ മതിയായിരിക്കും. പക്ഷെ, പ്രവർത്തനത്തിൽ വരുമ്പോൾ അതു് പോരാതെയാകും. അതുകൊണ്ടാണ് കൂടുതൽ മെമ്പർമാർ ജൂഡിഷ്യൽ ആഫീസർ ഉൾപ്പെടെ ഉണ്ടായിരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

Amendment Nos. 936 940, 947 moved by Shri O. Koran were put and lost.

Amendment No. 1728 moved by Shri K. Krishnan was put and lost.

The question that clause 97 stand part of the Bill was put and carried.

Clause 97 was added to the Bill.

Clause 98

Mr. Speaker: Amendment Nos. 950 and 1744 may be moved by Shri T. A. Thomman.

Shri T. A. Thomman: I move:

950. In clause 98 add a new sub clause (5) as follows:

"(5). If any question arises to whether any land is principally used for the purposes specified in clause (5) of section 2, the question shall be decided by the Land Board, after taking into account the extent of the amount invested in, and the income from the portion of the land so used and the remaining portion and other relevant matters, and the decision of the Land Board shall be final" and

1744. In clause 98, delete sub clause (3) and substitute in its place the following:

"(3) Where in any proceeding before the Land Tribunal a question arises whether a person is a small holder or not or a question arises as to whether a person is or is not a tenant it shall be competent for the Land Tribunal to decide the question.

ശ്രീ. ടി. എ. തൊമ്മൻ: സെക്ഷൻ 2 (5)-ൽ കമേഴ്സ്യൽ സൈററിന്റെ ഡഫനിഷൻ ഇങ്ങനെയാണ് കൊടുത്തിട്ടുള്ളത്. 'Commercial site' means any land (not being a kudiyiruppu or a kudikidappu) which is used principally for the purposes of any trade, commerce, industry, manufacture or business'. കമേഴ്സ്യൽ സൈററ് എക്സംപ്ററ് ചെയ്യാൻ സീലിംഗ് ക്ലാസിൽ പറഞ്ഞിട്ടുണ്ട്. ഒരു സ്ഥലം കമേഴ്സ്യൽ സൈററാണോ അല്ലയോ എന്നതിനെ സംബന്ധിച്ച് തർക്കം വരാം. അങ്ങനെയുള്ള തർക്കങ്ങൾ ലാൻഡ് ബോർഡ് തീരുമാനിക്കണമെന്നുള്ളതിലേക്കാണ് എന്റെ 950-ാം നമ്പർ ഭേദഗതി. 1744-ാം നമ്പർ ഭേദഗതി 98 (3)-നെ സംബന്ധിച്ചാണ്. ഒരാൾ ടെനൻറാണോ അല്ലയോ എന്ന തർക്കം വരുമ്പോൾ ആ തർക്കം തീരുമാനിക്കേണ്ടത് ലാൻഡ് ട്രൈബ്യൂണൽ ആണെന്നു പറഞ്ഞിട്ടുണ്ട്. ഒരാൾ സ്മാൾ ഹോൾഡറാണോ അല്ലയോ എന്നുള്ള തർക്കവും വരാം. സ്മാൾ ഹോൾഡർക്ക് വളരെയധികം ആനുകൂല്യങ്ങൾ ഈ നിയമപ്രകാരം കൊടുക്കുന്നുണ്ട്. സ്മാൾഹോൾഡറെ സംബന്ധിച്ച് നിർവ്വചനം പാസ്സാക്കിയിട്ടുണ്ട്. ആ നിർവ്വചനമനുസരിച്ച് സ്മാൾ ഹോൾഡറാണോ അല്ലയോ എന്നുള്ള തർക്കവും ലാൻഡ് ട്രിബ്യൂണലിന്റെ മുമ്പാകെ വരും. ആ തർക്കവും തീരുമാനിക്കാനുള്ള അധികാരം ലാൻഡ് ട്രിബ്യൂണലിനു കൊടുക്കണമെന്നാണ് എന്റെ 1744-ാം നമ്പർ ഭേദഗതിമൂലം ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : ശ്രീ. തൊമ്മൻ നല്ല ഉദ്ദേശത്തോടുകൂടിയാണ് ഭേദഗതികൾ അവതരിപ്പിച്ചിട്ടുള്ളതെങ്കിലും ഇതുകൊണ്ട് ദോഷമുണ്ടാകുമെന്നാണ് എന്റെ അഭിപ്രായം. ലാൻഡ് ബോർഡിന് ഈ അധികാരം കൊടുത്താൽ തിരുവനന്തപുരത്ത് ആളുകൾ വന്ന് കാത്തുകിടക്കേണ്ടിവരും. അതുകൊണ്ട് അതിൽ മാററം ചെയ്യേണ്ട ആവശ്യമില്ല എന്നാണ് എനിക്ക് പറയുവാനുള്ളത്. പ്ലാന്റേഷന്റെ കാര്യം അവർ തീരുമാനിച്ചു കൊള്ളട്ടെ, കൂടുതൽ കാശുള്ളവരുടെ പ്രശ്നമാണത്.

ശ്രീ. പി. ടി. ചാക്കോ : ശ്രീ. തൊമ്മന്റെ 950–ാംനമ്പർ ഭേദഗതി സ്വീകരിക്കാൻ തയ്യാറാണ്. 1744–ാംനമ്പർ ഭേദഗതിയിലുള്ള റിപ്പെററിഷൻ മാററിയാൽ അതും സ്വീകരിക്കാം. അതിൽ 'a question arises as to' എന്നുള്ളത് ആവശ്യമില്ല. ആ ഭാഗം മാററി 'Where in any proceeding before the Land Tribunal a questicn arises whether a person is a small holder or not or whether a person is or is not a tenant it shall be competent for the Land Tribunal to decide the question' എന്നുള്ള നിലയിൽ 1744–ാംനമ്പർ ഭേദഗതിയും സ്വീകരിക്കാം.

Amendment No. 950 moved by Shri T. A. Thomman was put and carried, namely:-In clause 98, add a new sub clause (5) as follows:

) If any question arises as to whether any land is principally used for the purposes specified in clause (5)of section 2, the question shall be decided by the Land Board, after taking into account the extent of the amount invested in, and the income from the portion of the land so used and the remaining portion and other relevant matters, and the decision of the Land Board shall be final."

Amendment No. 1744 moved by Shri T. A. Thomman, as modified by the Minister was put and carried, namely:

In clause 98, For sub clause (3) the following sub clause shall be substituted.

"(3) Where in any proceeding before the Land Tribunal a question arises whether a person is a small holder or not or whether a person is or is not a tenant it shall be competent for the Land Tribunal to decide the question".

The question that clause 98, as amended, stand part of the Bill was put and carried.

Clause 98, as amended was added to the Bill.

Mr. Speaker: Order, order. The House will now adjourn and meet again at 8 a. m. tomorrow.

The House adjourned at 1 p. m. to meet again at 8 a. m. on Thursday, the 28th November, 1963.

2/758/S

LIBRARY ARCHIVES Kerala Legislative Assembly